# കേരള സർക്കാർ

## ബജറ്റ് പ്രസംഗം

## 2025-26

**കെ.എൻ.ബാലഗോപാൽ**

**ധനകാര്യ മന്ത്രി**

**2025 ഫെബ്രുവരി 7**

| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം I** | - | 1 |
| ആമുഖം | - | 1 |
| പരിസ്ഥിതിയും ദുരന്തപരിഹാരവും | - | 7 |
| പശ്ചാത്തലമേഖല | - | 14 |
| **ഭാഗം II** | | 31 |
| ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ | - | 39 |
| ഐ.ടി പാർക്കുകളും ഐ.ടി കോറിഡോർ പ്രോജക്ടും | - | 41 |
| ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ | - | 43 |
| ഗ്രീൻ ഹൈഡ്രജൻ വാലി | - | 48 |
| വയോജനസൗഹൃദ കേരളം | - | 56 |
| നവസമീപനങ്ങൾ | - | 64 |
| **ഭാഗം III** | - | 74 |
| കൃഷി | - | 74 |
| മത്സ്യബന്ധനം | - | 80 |
| വനവും വന്യജീവി സംരക്ഷണവും | - | 84 |
| ഊർജ്ജം | - | 95 |
| വ്യവസായം | - | 98 |

റോഡുകളും പാലങ്ങളും - 112
കലയും സംസ്കാരവും - 135
വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും - 143
തൊഴിലും തൊഴിലാളി ക്ഷേമവും - 163
ധനകാര്യ വകുപ്പ് - 186
ഭാഗം IV
വിഭവസമാഹരണം - 203
ഉപസംഹാരം - 223

# ഭാഗം – I

# ആമുഖം

1. **സർ, കേരള ജനതയ്ക്ക് വലിയ ആശ്വാസം തോന്നുന്ന ഒരു സന്തോഷ വാർത്ത പറഞ്ഞുകൊണ്ട് 2025-26 വർഷത്തെ സംസ്ഥാന ബജറ്റ് പ്രസംഗം ആരംഭിക്കാം. സമീപ വർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു എന്നതാണ് ആ സന്തോഷ വാർത്ത. ധനഞെരുക്കം രൂക്ഷമായ ഘട്ടത്തിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് കാര്യമായ മുടക്കം വരാതെ മുന്നോട്ടുപോകാൻ കേരളത്തിന് കഴിഞ്ഞിരുന്നു.**

2. ഇപ്പോൾ ധനഞെരുക്കത്തിന്റെ തീക്ഷ്ണത ഗണ്യമായി കുറഞ്ഞുതുടങ്ങി എന്ന് മാത്രമല്ല, വരും വർഷങ്ങളിൽ ഏറെ മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് കാര്യങ്ങൾ പുരോഗമിക്കും എന്ന കാര്യവും വ്യക്തമായിരിക്കുക യാണ്.

3. സംസ്ഥാനം ധനഞെരുക്കം നേരിട്ടപ്പോൾ അതു മറച്ചുപിടിക്കാനല്ല ജനങ്ങളോട് തുറന്ന് പറഞ്ഞ് പരിഹാരം തേടാനാണ് ഈ സർക്കാർ തയ്യാറായത്. ഇപ്പോൾ ധനസ്ഥിതി ഏറെ മെച്ചപ്പെട്ടു എന്നു പറയുന്നതും തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ യാണ്. ധനസ്ഥിതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന

നല്ല മാറ്റത്തെക്കുറിച്ചുള്ള  കണക്കുകളിലേക്ക് പിന്നീട് വരാം.

4. സംസ്ഥാനത്തിന്റെ സമീപകാല വികസന ചരിതം പരിശോധിക്കുന്ന ആർക്കും ബോധ്യമാകുന്ന ഒരു കാര്യമുണ്ട്.  കേരള സമ്പദ്ഘടന അതിവേഗ വളർച്ചയുടെ ഒരു ഘട്ടത്തിലേക്ക് മുന്നേറാൻ സജ്ജമായിരിക്കുകയാണ്. വികസന വിജ്ഞാനീയത്തിന്റെ ഭാഷയിൽ പറഞ്ഞാൽ കേരളം ഒരു ടേക്ക് ഓഫിന് സജ്ജമായിരിക്കുകയാണ്. മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനു നാം നടത്തിയ നിക്ഷേപമാണ് ഇതിനു ഒരു കാരണം.

5. എന്നാൽ മനുഷ്യവിഭവശേഷിയെ ആഭ്യന്തര ഉൽപ്പാദനത്തിലേക്ക് പരിവർത്തിപ്പിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. പശ്ചാത്തല മേഖലയിലെ പോരായ്മ ആയിരുന്നു അതിന്റെ പ്രധാന കാരണം. ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ നടത്തിയ തീവ്ര പ്രയത്നം ആ പോരായ്മ പരിഹരിച്ചിരിക്കുകയാണ്. ഇപ്പോൾ തന്നെ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദന വളർച്ച വളരെ മെച്ചപ്പെട്ടതാണ്. വളർച്ചാനിരക്കുകൾ ഇനി കൂടുതൽ മെച്ചപ്പെടാനാണ് പോകുന്നത്.

6. ധനഞെരുക്കം വരുമ്പോൾ പശ്ചാത്തല മേഖലയെ അവഗണിക്കുകയാണ് നാം മുൻകാലത്ത് ചെയ്തിട്ടുള്ളത്. പശ്ചാത്തലമേഖലയിലെ പ്രവൃത്തികളുടെ

പുരോഗതി ഒരു കാരണവശാലും തടസ്സപ്പെടരുത് എന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചത്.

7. സ്വാഭാവികമായും ട്രഷറി മാനേജ്മെന്റിന്റെ ഭാഗമായി ചില ചെലവിനങ്ങൾ അവധിയ്ക്ക് വെയ്ക്കേണ്ടി വന്നിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ കുടിശ്ശികയാണ് ഇതിൽ ഏറ്റവും പ്രധാനം. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കോവിഡ് മഹാമാരിയുടെ കാലത്ത് പോലും ശമ്പളപരിഷ്കരണം നടത്തുകയും അതിന്റെ വലിയ ബാധ്യത ഏറ്റെടുക്കുകയും ചെയ്ത സർക്കാരാണ് കേരളത്തിലേത്.

8. എൽ.ഡി.എഫ് സർക്കാർ വീണ്ടും അധികാരത്തിൽ വന്നതാണ് മുൻ സർക്കാരിന്റെ പ്രവർത്തനങ്ങൾ തുടരാനും നയപരിപാടികൾ തുടർച്ചയായി നടപ്പിലാക്കാനും കഴിഞ്ഞതിന് കാരണം. വാഗ്ദാനങ്ങളും ജനക്ഷേമ നയങ്ങളും നടപ്പിലാക്കും എന്നതിന് എൽ.ഡി.എഫ് സർക്കാരാണ് ജനങ്ങൾക്ക് ഗ്യാരന്റി.

9. നികുതി വിഹിതവും കടം വാങ്ങാനുള്ള അവകാശവും കേന്ദ്രം വെട്ടിക്കുറച്ചതാണ് കുടിശ്ശിക വരാൻ കാരണം. അത് മനസ്സിലാക്കി സർക്കാരിനോട് സഹകരിക്കുകയാണ് ജീവനക്കാർ ചെയ്തത്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. **സർ, ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യ**

**ങ്ങളുമായി ബന്ധപ്പെട്ട് ചില പ്രഖ്യാപനങ്ങൾ നടത്തുകയാണ്.**

1. **സർവ്വീസ് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡുവായ 600 കോടി രൂപ ഫെബ്രുവരിയിൽ വിതരണം ചെയ്യും.**
2. **ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടു ഗഡു ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കും. അവ പി.എഫിൽ ലയിപ്പിക്കുന്നതാണ്.**
3. **ജീവനക്കാരുടെ ഡി.എ കുടിശ്ശികയുടെ രണ്ട് ഗഡുക്കളുടെ ലോക്ക് ഇൻ പീരിയഡ് നടപ്പ് സാമ്പത്തിക വർഷത്തിൽ ഒഴിവാക്കി നൽകുന്നു.**

10. സർ, നാം ജീവിക്കുന്ന ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. മാറ്റങ്ങളെ അവധാനമായ ജാഗ്രതയോടെ വിലയിരുത്തി നിരന്തരം സ്വയം നവീകരിച്ചുകൊണ്ടല്ലാതെ വ്യക്തികൾക്കോ സമൂഹങ്ങൾക്കോ മുന്നോട്ടുപോകാനാവില്ല. കേരള സർക്കാരിന്റെ വികസന-ധനനയങ്ങളെ നിർണയിക്കുന്നത് നിരന്തര നവീകരണത്തിന്റേതായ ഈ കാഴ്ചപ്പാടാണ്. അതിന്റെ ചില പ്രധാനപ്പെട്ട വശങ്ങൾ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

11. ഒന്ന് : അസമാധാനവും വിദ്വേഷവും സംഘർഷങ്ങളും പടർന്നുപിടിക്കുന്ന ഏറെ സംഭ്രമജനകമായ സാഹചര്യമാണ് ഇന്ന് ലോകമെമ്പാടും നിലനിൽക്കുന്നത്. കേരളത്തെ സംബന്ധി ച്ചിടത്തോളം നാട്ടിൽ നിലനിൽക്കുന്ന സമാധാനത്തിന്റെയും ശാന്തിയുടെയും അന്തരീക്ഷമാണ് നമ്മുടെ വളർച്ചയുടെയും അഭിവൃദ്ധി

യുടെയും ഏറ്റവും വലിയ ഉറപ്പ്. ഈ പശ്ചാത്തലത്തിലാണ് ന്യൂനപക്ഷ-ഭൂരിപക്ഷ വർഗ്ഗീയതയോടും മറ്റു സങ്കുചിത വിഭാഗീയ നയങ്ങളോടും ഒരു വിട്ടുവീഴ്ചയും പാടില്ല എന്ന സമീപനം നാം സ്വീകരിക്കുന്നത്. ഈ രാഷ്ട്രീയ മുദ്രാവാക്യത്തിന്റെ വികസന-ക്ഷേമ മൂല്യം എത്രത്തോളം വല്യതാണ് എന്ന് നന്നായി തിരിച്ചറിയുന്നവരാണ് കേരളത്തിലെ ജനങ്ങൾ.

12. രണ്ട് : സംസ്ഥാനത്തിന്റെ വികസന-ധന നയങ്ങളെ രൂപപ്പെടുത്തുന്ന രണ്ടാമത്തെ പരിഗണന ലോകമെമ്പാടും അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയും സാഹചര്യമാണ്. പരിസ്ഥിതി പ്രതിസന്ധി ആഭ്യന്തരവും ബാഹ്യവുമായ കാരണങ്ങൾ കൊണ്ട് ഉണ്ടാവാം. ആഭ്യന്തര കാരണങ്ങൾ ഇല്ലാതാക്കാനും നമ്മുടെ നിയന്ത്രണത്തിലല്ലാത്ത കാരണങ്ങൾ കൊണ്ട് ഉണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളെ നേരിടാനും നാം സദാ സന്നദ്ധമായിരിക്കണം.

13. മൂന്ന് : ജനസംഖ്യാ പരിണാമത്തിന്റെ സമകാലിക ഘട്ടം കേരളത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. കുഞ്ഞുങ്ങളുടെ എണ്ണത്തിൽ വലിയ കുറവുണ്ടാകുന്നതിന്റെയും പ്രായമായവരുടെ അനുപാതം വലിയ തോതിൽ വർദ്ധിക്കുന്നതിന്റെയും വികസന പ്രത്യാഘാതങ്ങൾ കൂടുതൽ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ഇതോടൊപ്പം കേരളത്തിൽ നിന്നും

പുറത്തേക്കും അകത്തേക്കുമുള്ള കുടിയേറ്റത്തെ ഭാവിയിൽ എങ്ങനെ കാണണമെന്ന പ്രശ്നവുമുണ്ട്.

14. നാല് : ഏറ്റവും ഉയർന്ന തോതിൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നഗരങ്ങൾക്ക് നാടിന്റെ വികസനത്തിന്റെ എഞ്ചിനായി മാറാൻ കഴിയും. എന്നാൽ അതിവേഗ നഗരവൽക്കരണവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് പരിഹരിച്ചില്ലെങ്കിൽ വികസനവണ്ടിയുടെ വഴിമുടക്കാനും നഗരങ്ങൾക്ക് കഴിയും.

15. അഞ്ച് : പശ്ചാത്തലമേഖലയിൽ അഭ്രുതപൂർവ്വമായ വികസനമാണ് ലോകമെമ്പാടും സംഭവിക്കുന്നത്. പക്ഷേ പശ്ചാത്തല മേഖലയിലെ കുതിപ്പിനെ അതിവേഗ വളർച്ചയായി മാറ്റാൻ നിർണ്ണായകമായ തുടർ നടപടികൾ ആവശ്യമാണ്.

16. ആറ് : ആഗോള ശാക്തിക മണ്ഡലത്തിലും, രാഷ്ട്രീയത്തിലും സമ്പദ്ഘടനയിലും ശാസ്ത്ര-സാങ്കേതിക രംഗത്തും ഒരു യുഗസംക്രമണത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ള ഘടനാപരമായ മാറ്റങ്ങളാണ് സംഭവിക്കുന്നത്. ഈ മാറ്റങ്ങൾ ഒരേ സമയം വലിയ വെല്ലുവിളികളും ഒപ്പം പുതിയ അവസരങ്ങളും തുറന്നുതരുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ രംഗങ്ങളിൽ നടക്കുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള തയ്യാറെടുപ്പുകൾ നടക്കണം.

നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് അടുത്ത കാലത്ത് കൊണ്ടുവന്ന പരിഷ്കാരങ്ങളും അതിനോടുള്ള അക്കാദമിക് സമൂഹത്തിന്റെയും യുവസംരംഭകരുടെയും പ്രതികരണവും ഇക്കാര്യത്തിൽ വലിയ പ്രതീക്ഷയ്ക്ക് വകനൽകുന്നുണ്ട്.

17. ഏഴ് : ശാസ്ത്ര സാങ്കേതിക മേഖലയിൽ നടക്കുന്ന മാറ്റങ്ങളുടെ കുത്തൊഴുക്കിന്റെ ഒരു വിപരീത പ്രത്യാഘാതം അരികുവൽക്കരണവും അസമത്വത്തിന്റെ വളർച്ചയുമാണ്. യഥാർത്ഥത്തിൽ ലോകമാകെ അസമത്വം പെരുകുകയാണ്. ഈ അപകടം മുന്നിൽകണ്ട് പരിഹരിക്കാൻ സംസ്ഥാനത്തിനു കഴിയണം. കേരളം അതിന്റെ വികസന മൂല്യങ്ങളായി കരുതുന്ന സാമൂഹ്യനീതിയ്ക്കും സാമൂഹ്യക്ഷേമത്തിനും ഒരു ക്ഷീണവും സംഭവിക്കാതെ നോക്കണം. എല്ലാ വികസനവും ആത്യന്തികമായി മനുഷ്യനന്മയ്ക്കാവണം എന്ന തത്വം വിസ്മരിക്കപ്പെടരുത്.

**പരിസ്ഥിതിയും ദുരന്തപരിഹാരവും**

18. 2025-നെ കേരളം സ്വാഗതം ചെയ്തത് മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കുള്ള പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചുകൊണ്ടാണ്.

19. കേരളത്തെ സങ്കടക്കടലിലാക്കിയ അതിതീവ്ര ദുരന്തമാണ് മുണ്ടക്കൈ-ചൂരൽമലയിൽ ഉണ്ടായത്. 2024 ജൂലൈ 30-ന് ഉണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിൽ 254 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 44

പേരെ ഇനിയും കണ്ടെത്താനായിട്ടില്ല. 2007 വീടുകൾ തകരുകയും ആയിരക്കണക്കിന് പേരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകുകയും ചെയ്തു.

20. ദുരന്തം മൂലമുണ്ടായ നഷ്ടത്തിന്റെ കണക്ക് ഏകദേശം 1202 കോടി രൂപയാണ്. പുനർനിർമ്മാണത്തിനുള്ള പുനരധിവാസ ചെലവിന് 2221.10 കോടി രൂപ ആവശ്യമായി വരുമെന്നാണ് വിദഗ്ധരടങ്ങിയ സംഘം തയ്യാറാക്കിയ ദുരന്താനന്തര ആവശ്യകതാ വിലയിരുത്തലിൽ (PDNA) സൂചിപ്പിക്കുന്നത്.

21. എല്ലാവരുടെയും നിസ്സീമമായ സഹകരണം ഉണ്ടാവും എന്ന പ്രതീക്ഷയിലാണ് സർക്കാർ പുനരധിവാസ പദ്ധതിയുമായി മുന്നോട്ടു നീങ്ങുന്നത്.

22. 2025-26 ലെ കേന്ദ്ര ബജറ്റിലും മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്രം യാതൊരു സഹായവും അനുവദിച്ചില്ല. മറ്റു സംസ്ഥാനങ്ങളോടു കാണിച്ച നീതി കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ കേരളത്തോടു പുലർത്തും എന്ന് തന്നെയാണ് ഇപ്പോഴും നമ്മുടെ പ്രതീക്ഷ. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് ബഹു.മുഖ്യമന്ത്രി ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്.

23. സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പറയുന്ന കാര്യം നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമായ സർക്കാരാണ്. പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുക തന്നെ ചെയ്യും. **ഇതിനായി**

**ആദ്യഘട്ടത്തിൽ 750 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുന്നു.**

24. സി.എം.ഡി.ആർ.എഫ്, എസ്.ഡി.എം.എ, കേന്ദ്ര ഗ്രാന്റ്, പൊതു-സ്വകാര്യമേഖലയിൽ നിന്നുള്ള ഫണ്ടുകൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, സ്പോൺസർഷിപ്പുകൾ എന്നിവ കൂടി ഈ പദ്ധതിയ്ക്കായി വിനിയോഗിക്കും. അധികമായി ആവശ്യം വരുന്ന ഫണ്ട് സർക്കാർ അനുവദിക്കും.

25. പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി പ്രവചിക്കുന്നതിനായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ “കവചം” (KaWaCHaM - Kerala Warnings Crisis and Hazards Management System) ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ഡിസാസ്റ്റർ പ്രിപ്പയേർഡ്നസ്സിന്റെ (Disaster Preparedness) മേഖലയിൽ കേരളം പുതിയ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്.

26. സർ, കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാലാവസ്ഥാ മാറ്റത്തിന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രത ആവശ്യപ്പെടുന്നുണ്ട്. “ഏത് സ്ഥലത്തും എന്തുമാവാം” എന്ന അനാരോഗ്യകരമായ സമീപനമാണ് നിർഭാഗ്യവശാൽ നാം പൊതുവേ സ്വീകരിച്ചുപോന്നിട്ടുള്ളത്. “എവിടെ എന്തൊക്കെയാവാം”, “എവിടെ എന്തൊക്കെ പാടില്ല” എന്നത് ശാസ്ത്രീയമായി നിശ്ചയിച്ചുകൊണ്ടുള്ള സ്ഥലമാന

ആസൂത്രണത്തിന് (Spatial Planning) ഇനിമുതൽ കേരളം ഉയർന്ന പരിഗണന നൽകും.

27. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ പശ്ചാത്തലത്തിൽ വിപുലമായ പങ്കാളിത്തത്തോടുകൂടി ഒരു ജനകീയ വികസന പഠന-സംവാദ യജ്ഞം ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

28. അടുത്ത 5 വർഷത്തേക്ക് ഹ്രസ്വകാലാടിസ്ഥാനത്തിലും 25 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിലും കേരളത്തിന്റെ വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുകയാണ് ലക്ഷ്യം. വികസന പഠനങ്ങളിലും അവയെ ആധാരമാക്കി നടത്തുന്ന ജനകീയ സംവാദങ്ങളിലും സംസ്ഥാനത്തെ അക്കാദമിക സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പ്രാദേശിക ഗവൺമെന്റുകൾ, ബഹുജന പ്രസ്ഥാനങ്ങൾ, പ്രവാസികൾ, വ്യാപാരി വ്യവസായി സംഘടനകൾ, മാധ്യമങ്ങൾ തുടങ്ങി ബന്ധപ്പെട്ട എല്ലാവരുടെയും സജീവമായ പങ്കാളിത്തം ഉറപ്പാക്കും.

29. **സർ, ഓരോ മേഖലയിലെയും പുരോഗതി സർക്കാർ ഏജൻസികൾ അവതരിപ്പിക്കും. ഇതുമായി ബന്ധപ്പെട്ട് ശരാശരി 10 ലക്ഷം രൂപ വീതം നൽകുന്ന 50 ഗവേഷണ പ്രോജക്ടുകൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾക്ക് നൽകും. സ്ഥിതിവിവരങ്ങളും ഇതര തെളിവുകളും സഹിതം തയ്യാറാക്കുന്ന പ്രബന്ധങ്ങൾക്ക് പാരിതോഷികം നൽകും.**

30. 2001-ൽ കേരളത്തിലെ നഗര ജനസംഖ്യയുടെ അനുപാതം 25.96 ശതമാനമായിരുന്നു. 2011-ൽ അത് 47.72 ശതമാനമായി ഉയർന്നു. 2031 ആവുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയിൽ 70 ശതമാനവും നഗരവാസികളായിരിക്കും എന്നു കണക്കാക്കപ്പെടുന്നു. നഗരവൽക്കരണത്തിന്റെ വേഗത ഇനിയും വർദ്ധിക്കാനാണ് സാധ്യത.

31. മുൻകൂട്ടി ആസൂത്രണം ചെയ്യാനായാൽ നഗര വൽക്കരണത്തേയും സാമ്പത്തിക വളർച്ചയെയും സമന്വയിപ്പിച്ച് കേരളത്തിന് മുന്നോട്ടുപോകാനാവും. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഇന്ത്യയിൽ ആദ്യമായി കേരളം ഒരു അർബൻ കമ്മീഷനെ നിയമിച്ചത്. വിശദമായ ചർച്ചകളുടെ അടിസ്ഥാന ത്തിൽ അർബൻ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കും.

32. നഗരമേഖലയുടെ സവിശേഷ പ്രശ്നങ്ങൾ പരിഗണിക്കാൻ രൂപീകരിച്ച അർബൻ കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് പരിപാടികൾ തയ്യാറാക്കും. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ വികസനത്തിന് മെട്രോ പോളിറ്റൻ പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിക്കും.

33. കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുക യാണ്. ഭവനരഹിതരും ഭൂരഹിതരും ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യം വൈകാതെ സാക്ഷാത്കരിക്കാൻ കഴിയും.

34. ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കുകയും അത് നിലനിർത്താൻ പരിശ്രമിക്കുകയും ചെയ്യണം. അതോടൊപ്പം പോരായ്മകളും വീഴ്ചകളും പരിഹരിക്കാനും കഴിയണം. ഉത്പാദന മേഖലയിലും, തൊഴിലവസര സൃഷ്ടിയിലുമാണ് ആഗ്രഹിച്ച പുരോഗതി ഉണ്ടാക്കാൻ കഴിയാതെ പോയത്. കൃഷി, വ്യവസായം മൃഗസംരക്ഷണം എന്നീ വകുപ്പുകളും പ്രാദേശിക സർക്കാരുകളും ചേർന്ന് ഈ പോരായ്മ പരിഹരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. സംരംഭകവർഷം പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ സഹായത്തോട് കൂടി താഴേതട്ടിൽ സംഘടിപ്പിച്ച "സംരംഭകസഭ" ഇതിനുദാഹരണമാണ്.

**ജനസംഖ്യാപരിണാമം**

35. സർ, 2024-ൽ കേരളത്തിൽ 3.48 ലക്ഷം കുഞ്ഞുങ്ങളാണ് ജനിച്ചത്. 2014-ൽ ഇത് 5.34 ലക്ഷമായിരുന്നു. ഇരുപത് വർഷം മുൻപ് 6 ലക്ഷത്തിന് മുകളിൽ കുട്ടികൾ ജനിച്ചിരുന്ന സ്ഥാനത്താണ് ഈ വലിയ കുറവുണ്ടായിരിക്കുന്നത്.

36. ജനസംഖ്യാ പരിണാമവുമായി കൂട്ടിച്ചേർത്തുവേണം കേരളത്തിൽ നിന്നും പുറത്തേക്കുള്ള കുടിയേറ്റത്തെയും കാണാൻ. എല്ലാത്തരം പ്രവാസത്തെയും കണ്ണുമടച്ച് പ്രോത്സാഹിപ്പിക്കുന്ന സമീപനം തിരുത്തേണ്ടതുണ്ട്. കേരളത്തിൽ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന വിദഗ്ധ തൊഴിലാളികളുടെ പോലും ക്ഷാമം അനുഭവ

പ്പെടുമ്പോൾ കേരളീയർ വിദേശത്ത് ഒട്ടും അഭിലഷണീയമല്ലാത്ത സാഹചര്യങ്ങളിൽപ്പെട്ട് പണിയെടുക്കുന്ന സ്ഥിതിയുണ്ട്.

37. പ്രവാസം ഒട്ടേറെപ്പേർക്ക് വലിയ നഷ്ടക്കച്ചവടമായി ത്തീരുന്ന അനുഭവമുണ്ട്. വിദേശത്തെ തൊഴിൽ കമ്പോളത്തെക്കുറിച്ച് ശരിയായ ധാരണയില്ലാതെ യുള്ള കുടിയേറ്റമാണ് ഇതിനുകാരണം. വിദ്യാർത്ഥി കളുടെ കുടിയേറ്റത്തിലും ഇത്തരം പ്രശ്നങ്ങൾ റിപ്പോർട്ടുചെയ്യപ്പെടുന്നുണ്ട്.

38. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെല്ലുകളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

39. 2024-ലെ കണക്കുകളനുസരിച്ച് പ്രവാസികളയക്കുന്ന വിദേശ നാണയത്തിന്റെ (Remittance) കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം ഒന്നാമതാണ്. 2023-ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം ഇന്ത്യയിൽ പ്രവാസികളയക്കുന്ന പണത്തിന്റെ 21 ശതമാനവും സംഭാവന ചെയ്യുന്നത് കേരളത്തിൽ നിന്നുള്ള പ്രവാസികളാണ്.

**ലോക കേരള കേന്ദ്രം**

40. സർ, പ്രവാസികളും നാടുമായുള്ള ബന്ധം പ്രോത്സാഹി പ്പിക്കുന്നതിന് ലോകകേരള കേന്ദ്രങ്ങൾ സ്ഥാപിക്കണം എന്ന നിർദ്ദേശം ഉയർന്നിരുന്നു. ലോക കേരള

കേന്ദ്രത്തിൽ ഇതിനായി കേരളത്തിന്റെ ഒരു പരിച്ഛേദം ഒരുക്കണം എന്നതാണ് നിർദ്ദേശം.

41. കേരളീയ ഭക്ഷണവിഭവങ്ങൾ ലഭ്യമാകുന്ന ഫുഡ് കോർട്ടുകൾ, നാടൻ ഉൽപ്പന്നങ്ങളുടെയും കരകൗശല വസ്തുക്കളുടെയും വിപണനശാലകൾ, നാടൻ കലാരൂപങ്ങളുടെ അവതരണം, സമീപജില്ലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ടൂർ പാക്കേജുകൾ തുടങ്ങിയവ ലോക കേരള കേന്ദ്രത്തിൽ ലഭ്യമാകണം. കേന്ദ്രം സന്ദർശിക്കുന്നവർക്ക് താമസിക്കാനുള്ള സൗകര്യവും ഉണ്ടാവണം. പ്രവാസി സംഘടനകൾക്ക് അവരുടെ അംഗങ്ങളേയും സുഹൃത്തുക്കളേയും ഉൾപ്പെടുത്തി നാട്ടിലേക്ക് വിനോദസഞ്ചാര പരിപാടികൾ സംഘടിപ്പിക്കാം.

42. സർ, പ്രവാസി സംഘടനകളുടെ നാട് സന്ദർശന പരിപാടികൾക്ക് വിനോദസഞ്ചാര വകുപ്പിന്റെ പ്രത്യേക ഇൻസെന്റീവ് അനുവദിക്കും. സ്വന്തമായി പാർപ്പിടം വാങ്ങാനും, തയ്യാറെങ്കിൽ വാടകയ്ക്ക് നൽകാനും, പ്രായമായവർക്കുള്ള അസിസ്റ്റഡ് ലിവിംഗ് സൗകര്യം ഒരുക്കാനും ഈ പദ്ധതിയിലൂടെ കഴിയും. ഈ പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**പശ്ചാത്തലമേഖല**

43. സർ, പശ്ചാത്തലമേഖലയിൽ മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ പൂർത്തിയാവു

കയോ വലിയ പുരോഗതി കൈവരിക്കുകയോ ചെയ്തിട്ടുണ്ട്.

44. **ദേശീയപാതകൾ മുതൽ ഗ്രാമീണ പാതകൾ വരെയുള്ള റോഡുശൃംഖല, ഗെയിൽ പൈപ്പ് ലൈൻ, അന്തർസംസ്ഥാന വൈദ്യുതി പ്രസരണ സംവിധാനം, കെ–ഫോൺ ഉൾപ്പടെയുള്ള വിവരസാങ്കേതിക രംഗത്തെ പശ്ചാത്തല സൗകര്യങ്ങൾ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, കൊച്ചി കപ്പൽശാല യുടെയും തുറമുഖത്തിന്റെയും പുരോഗതി എന്നിവ കേരളീയരുടെ ആത്മാഭിമാനവും സംരംഭകരുടെ താൽപര്യവും പലമടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ട്.**

45. സംസ്ഥാനത്ത് നിലവിലുള്ള റെയിൽവേ സൗകര്യ ങ്ങളുടെ അപര്യാപ്തത എല്ലാവരും തിരിച്ചറിയുന്നുണ്ട്. കേരളത്തിന് അതിവേഗ റെയിൽപ്പാത വേണം എന്ന കാര്യത്തിൽ അഭിപ്രായ സമന്വയം രൂപപ്പെടുന്നുണ്ട്.

46. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളുടെ നിർമ്മാണം മുൻപ് തീരുമാനി ച്ചിരുന്നതിനു വളരെ മുമ്പ് 2028 ഡിസംബറോടുകൂടി പൂർത്തിയാക്കാൻ ധാരണയായി. ഇത് കേരളത്തിൽ നടാടെ നടക്കുന്ന കാര്യമാണ്.

47. ടൈം ഓവർറണ്ണിന്റെയും കോസ്റ്റ് ഓവർറണ്ണിന്റെയും കാര്യത്തിൽ സാധാരണ വരുന്ന കാലതാമസം ഒഴിവാക്കി 2045-ൽ പൂർത്തിയാക്കാൻ കണക്കുകൂട്ടിയ

കാര്യങ്ങളാണ് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് 2028-ൽ പൂർത്തിയാകുന്നത്. കൺസഷണറായ എ.വി.പി.പി.എൽ തുറമുഖ നിർമ്മാണം പൂർത്തി യാക്കുന്നതിന് 9500 കോടി രൂപ നിക്ഷേപിക്കും.

48. തുറമുഖ അനുബന്ധ പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കേണ്ട മുഴുവൻ ചെലവും ഇതുവരെ വഹിച്ചത് സംസ്ഥാന സർക്കാരാണ്. വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന നിലയിൽ കേന്ദ്രം ഏറ്റിരുന്ന തുകയും സംസ്ഥാനം നൽകേണ്ട അവസ്ഥയാണ് വന്നിരിക്കുന്നത്.

49. തെക്കൻ കേരളത്തിൽ പുതിയ കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കണം എന്ന നിർദ്ദേശമുയർന്നിട്ടുണ്ട്. കപ്പൽ നിർമ്മാണത്തിലും സമുദ്ര ഗതാഗതത്തിലും ഇന്ത്യയുടെ സാന്നിദ്ധ്യം പരിമിതമാണെന്നും ആയത് വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും കേന്ദ്ര സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി കൂടുതൽ ചർച്ചകൾ നടത്തും. കപ്പൽ ശാല തുടങ്ങാൻ കേന്ദ്ര സർക്കാർ മുൻകയ്യെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാനം ഏറ്റെടുക്കേണ്ട ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കും.

50. കൊച്ചി മെട്രോ റെയിലിന്റെ വികസനം ഉറപ്പാക്കും. അതോടൊപ്പം തിരുവനന്തപുരം, കോഴിക്കോട് മെട്രോകളും യാഥാർത്ഥ്യമാക്കണം എന്നതാണ് സർക്കാരിന്റെ നിലപാട്.

51. സർ, തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 2025-26 ൽ തന്നെ ആരംഭിക്കും.

52. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം പുരോഗമിക്കുകയും കണ്ടെയിനർ നീക്കം വർദ്ധിക്കുകയും ചെയ്യുന്ന മുറയ്ക്ക് സംസ്ഥാനത്തെ റോഡുകളുടെ ട്രാഫിക് സമ്മർദ്ദം ഉയരും. ദേശീയ പാതകളോടൊപ്പം സംസ്ഥാന പാതകളുടെയും പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

53. തീരദേശ പാതയുടെയും മലയോര പാതയുടെയും നിർമ്മാണ പുരോഗതി തുടർച്ചയായി വിലയിരുത്തി അവ പൂർത്തിയാക്കും. സംസ്ഥാന ജില്ലാ റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതോടൊപ്പം പ്രധാന കവലകളിലെ ട്രാഫിക് കുരുക്കുകൾ ഒഴിവാക്കാൻ ഓവർ ബ്രിഡ്ജുകളും അണ്ടർ പാസ്സുകളും ബൈപാസ്സുകളും നിർമ്മിക്കുന്ന ജോലി പുരോഗമിക്കുകയാണ്. റെയിൽവേ മേൽപ്പാലങ്ങളുടെ കാര്യവും എടുത്തുപറയേണ്ടതുണ്ട്. റെയിൽവേ ക്രോസിംഗുകളുടെ തടസ്സം ഒഴിവാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

**ധനസ്ഥിതിയിലെ പുരോഗതി**

54. സംസ്ഥാനം നേരിട്ട ധനഞെരുക്കത്തിന് കാരണമെന്താണ് ? ഒറ്റവാക്കിൽ ഉത്തരം പറഞ്ഞാൽ കേന്ദ്ര അവഗണനയാണ്. കേന്ദ്ര അവഗണന പൊടുന്നനെ

ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയതൊന്നുമല്ല. കേരളത്തിൽ നിന്നടക്കം കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിപ്പണത്തിലെ നമ്മുടെ വിഹിതം കുറയാനാരംഭിച്ചിട്ട് കാൽ നൂറ്റാണ്ടായി.

55. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.88 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പിന്നീട് വന്ന കമ്മീഷനുകളുടെ കാലത്ത് കുറഞ്ഞ് കുറഞ്ഞാണ് പതിനഞ്ചാം ധനകമ്മീഷന്റെ കാലത്ത് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ 1.92 ശതമാനത്തിലെത്തിയത്.

56. കേന്ദ്ര ധനകമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന ഗ്രാന്റിന്റെ കാര്യത്തിലും കേരളത്തിന്റെ ഓഹരി തുടർച്ചയായി കുറയുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളമാണ് ഒന്നാമതെന്ന് എല്ലാവരും അംഗീകരിച്ചു. പക്ഷേ വിഹിതം വെട്ടിക്കുറച്ചു.

57. പന്ത്രണ്ടാം ധനകമ്മീഷന്റെ കാലത്ത് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 4.54 ശതമാനമായിരുന്നു. പതിനഞ്ചാം കമ്മീഷനായപ്പോൾ അത് 2.68 ശതമാനമായി കുറഞ്ഞു. കേന്ദ്രത്തിന്റെ നികുതിവിഹിതത്തിന്റെ കാര്യത്തിൽ തങ്ങൾ വരുത്തിയ വെട്ടിക്കുറവ് വളരെ കടുത്തതായിപ്പോയി എന്ന് കേന്ദ്ര ധനകമ്മീഷനു തന്നെ ബോധ്യമായിരുന്നു. അതുകൊണ്ടാണ് ഇടക്കാലാശ്വാസം എന്ന നിലയ്ക്ക് ആദ്യ വർഷങ്ങളിലേക്ക് കേരളത്തിന് റവന്യൂ ഡെഫിസിറ്റ്

ഗ്രാന്റ് അനുവദിച്ചത്. രണ്ടാം പിണറായി സർക്കാർ വന്നപ്പോഴേക്കും അതും ക്രമേണ ഇല്ലാതായി.

58. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കാര്യം ഇതാണെങ്കിൽ സംസ്ഥാനം പിരിക്കുന്ന തനതു നികുതികളുടെ കാര്യമോ? ജി.എസ്.ടി വന്നതോടെ സ്വന്തം നിലയിൽ നിരക്കുകൾ നിശ്ചയിച്ച് നികുതി പിരിക്കാനുള്ള നമ്മുടെ അധികാരം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായി. ജി.എസ്.ടിയിൽ നികുതി വരുമാനം കുതിച്ചുയരും എന്നതായിരുന്നു പ്രതീക്ഷ. അതുണ്ടായില്ല.

59. നികുതി പിരിവിലെ കുറവ് പരിഹരിക്കാനാണ് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിരുന്നത്. നികുതിപിരിവിലെ കുറവ് തുടരുന്നു പക്ഷേ ജി.എസ്.ടി കോമ്പൻസേഷൻ നിലച്ചു.

60. കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തിന്റെ കാര്യത്തിലേക്ക് വരാം. ധനഉത്തരവാദിത്തത്തിന്റെ പേരിൽ സംസ്ഥാനങ്ങളുടെ ധനകമ്മി ആഭ്യന്തര ഉൽപ്പാദനത്തിന്റെ കേവലം മൂന്നു ശതമാനമായി നിജപ്പെടുത്തി. കേന്ദ്രസർക്കാർ ഈ പരിധി നിബന്ധന ഒരിക്കലും പാലിക്കാറില്ല. കേരളത്തിന്റെ കാര്യത്തിൽ അനുവദിക്കപ്പെട്ട പരിധിയ്ക്കുള്ളിൽ നിന്നുപോലും കടമെടുക്കാൻ അനുവദിക്കുന്നില്ല.

61. കിഫ്ബി വായ്പകളും പെൻഷൻ കമ്പനിയുടെ വായ്പകളും പബ്ലിക് അക്കൗണ്ടിലെ നിക്ഷേപവും സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി കേരളത്തിന്റെ വായ്പാ പരിധിയിൽ നിന്നും വെട്ടിക്കുറച്ചു എന്ന് മാത്രമല്ല, ഈ ഇനങ്ങളിൽ മുൻകാലത്തെടുത്ത വായ്പകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻകാല പ്രാബല്യത്തോടെ വായ്പാ പരിധിയിൽ നിന്നും വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയുമുണ്ടായി.

62. സർ, ദേശീയപാതാ അതോറിറ്റി പോലുള്ള ഏജൻസികൾ എടുക്കുന്ന വായ്പ കേന്ദ്രസർക്കാരിന്റെ വായ്പാ പരിധിയിൽ നിന്നും വെട്ടിക്കുറക്കാറില്ല എന്നതും കാണണം. കേരളത്തിന്റെ ഭരണഘടനാ പരമായ അവകാശങ്ങൾ ലംഘിക്കുന്നത് ചൂണ്ടിക്കാണിച്ചു കൊണ്ടാണ് സംസ്ഥാനം സുപ്രീംകോടതിയെ സമീപിച്ചത്. കേസിൽ കഴമ്പുണ്ടെന്ന് കണ്ടാണ് സുപ്രീംകോടതി കേസ് ഭരണഘടനാ ബെഞ്ചിനുവിട്ടത്.

63. ഇന്ത്യയുടെ ഫെഡറൽ ധനഘടനയെ തകർക്കുന്ന കേന്ദ്ര സമീപനത്തിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ കേരളം സംഘടിപ്പിച്ച പ്രതിരോധത്തിന് വലിയ പ്രതികരണമാണ് ലഭിച്ചത്.

64. **പതിനാറാം ധനകമ്മീഷൻ നൽകുന്ന മെമ്മൊറാണ്ടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് സംഘടിപ്പിച്ച**

**ധനമന്ത്രിമാരുടെ കോൺക്ലേവിൽ സംസ്ഥാന ങ്ങൾക്കിടയിൽ അഭിപ്രായ ഐക്യം ഉണ്ടാക്കാൻ സഹായിച്ചു. കേരളത്തിലെ പ്രതിപക്ഷ നേതാവും കോൺക്ലേവിൽ സംബന്ധിച്ചു. കേരളത്തിന്റെ പ്രശ്നങ്ങൾ വളരെ സമഗ്രമായ മെമ്മൊറാണ്ടത്തിലൂടെ ധനകമ്മീഷനു മുന്നിൽ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷ കക്ഷികൾ ഉൾപ്പെടെ ധനകാര്യ കമ്മീഷന് മുന്നിൽ യോജിച്ച് അഭിപ്രായങ്ങൾ ഉയർത്തി. കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ ഉള്ളടക്കത്തെ ധനകാര്യ കമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയ അഭിനന്ദിക്കുകയുണ്ടായി.**

65. കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും ഐക്യ ത്തോടു കൂടി സംസ്ഥാനത്തോടുള്ള അവഗണനയുടെ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. പാർലമെന്റിലും ഈ വിഷയങ്ങൾ ശക്തമായി ഉന്നയിക്കപ്പെടും എന്ന് കരുതാം.

66. എന്തായാലും പതിനഞ്ചാം കമ്മീഷനെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ട അവാർഡ് 16-ാം കമ്മീഷനിൽ നിന്നും ഉണ്ടാകും എന്നാണ് കരുതുന്നത്. കാരണം ഇപ്പോഴുള്ളതിൽ കൂടുതൽ വെട്ടിക്കുറവ് ഇനി ഒരു സംസ്ഥാനത്തോടും ചെയ്യാനില്ല.

67. **സർ, കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാനുള്ള കാരണം തനത് നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഉണ്ടായ വലിയ നേട്ടമാണ്. 2011-12 മുതൽ 2015-16 വരെയും 2016-17 മുതൽ 2020-21**

**വരെയുമുള്ള മുൻകാലത്തെ അവസ്ഥയുമായി 2021-22 മുതൽ 2024-25 വരെയുള്ള ഈ സർക്കാരിന്റെ കാലത്തെ കണക്കുകൾ താരതമ്യം ചെയ്താൽ ഇത് വ്യക്തമാകും.**

68. **ഈ സർക്കാരിന്റെ കാലത്ത് (2021-22 മുതൽ 2024-25) വളർച്ച 15.8 ശതമാനമായി ഉയർന്നു. ഇതുതന്നെയാണ് തനത് നികുതി നികുതിയേതര വരുമാനം ഒരുമിച്ചെടുത്തു നോക്കിയാലും കാണാനാകുക.**

69. **ഈ സർക്കാരിന്റെ കാലത്താവട്ടെ നികുതി നികുതിയേതര വരുമാന വളർച്ച 17.4 ശതമാനമായി ഉയർന്നു. ഈ ഘട്ടത്തിൽ നികുതിദായകരെയും ഉദ്യോഗസ്ഥരെയും അകമഴിഞ്ഞ് അഭിനന്ദിക്കുന്നു.**

70. കേന്ദ്രത്തിൽ നിന്നുള്ള നികുതിവിഹിതത്തിലും ഗ്രാന്റുകളിലും വലിയ തിരിച്ചടി ഉണ്ടായിട്ടും ഈ സർക്കാരിന്റെ കാലത്ത് റവന്യു കമ്മിയും ധനക്കമ്മിയും കടഭാരവും ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. 2021-22ൽ 2.25 ശതമാനം ആയിരുന്ന റവന്യു കമ്മി 2023-24ൽ 1.58 ശതമാനമായി കുറഞ്ഞു. ഇതേ കാലയളവിൽ ധനക്കമ്മി 4.04 ശതമാനത്തിൽ നിന്നും 2.9 ശതമാനമായി കുറഞ്ഞു. പൊതുകടവും ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം 2021-22ൽ 35.92 ശതമാനമായിരുന്നത് 2023-24ൽ 34.2 ശതമാനമായി കുറഞ്ഞു.

71. തനത് നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും മറ്റ് ചെലവുകൾ മുൻഗണനാക്രമത്തിൽ നിർവ്വഹിച്ചും നാം പിടിച്ചു നിൽക്കുകയാണ്. 2020-21ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം (SOTR) 47,660 കോടി രൂപ ആയിരുന്നത് 2024-25 സാമ്പത്തികവർഷം കഴിയുമ്പോഴേക്കും 81,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ നമുക്ക് കഴിയും. നാല് വർഷം കൊണ്ട് 70 ശതമാനത്തിന്റെ വർദ്ധനവാണുണ്ടാവുക. കേരളത്തിന്റെ ആകെ തനത് വരുമാനം (നികുതി + നികുതിയേതരം) 54,988 കോടിയിൽ നിന്ന് 1,03,240 കോടിയായി വർദ്ധിക്കുകയാണ്.

72. സംസ്ഥാനത്തിനുള്ള കേന്ദ്ര വിഭവ കൈമാറ്റത്തിൽ വർഷം 50,000 കോടി രൂപയിലധികം വെട്ടിക്കുറവ് വരുത്തിയിട്ടും നമുക്ക് ചെലവ് വർദ്ധിപ്പിക്കാനായത് തനത് വരുമാനത്തിൽ കൈവരിക്കാൻ കഴിഞ്ഞ വർദ്ധനവിലൂടെയാണ് എന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും.

**മൂലധന ചെലവ്**

73. ഈ സർക്കാരിന്റ മൂന്ന് വർഷക്കാലത്തെ ബജറ്റ് വഴിയുള്ള മൂലധന ചെലവ് 41,772 കോടി രൂപയാണ്. മുൻ സർക്കാരിന്റെ അഞ്ച് വർഷക്കാലത്തെ മൂലധന ചെലവ് 47,650 കോടി രൂപയായിരുന്നു. എന്നാൽ 2011-16 സർക്കാരിന്റെ മൂലധന ചെലവ് വെറും 24505 കോടി രൂപയുമായിരുന്നു.

**യഥാർത്ഥ മൂലധനചെലവ് (**Effective Capital Expenditure)

74. ബജറ്റിൽ പറയുന്ന മൂലധന ചെലവിന് പുറമേ തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെ നടത്തുന്ന മൂലധന ചെലവ് കൂടി കണക്കാക്കിയാൽ ലഭിക്കുന്ന യഥാർത്ഥ മൂലധന ചെലവ് 2022-23, 2023-24 വർഷങ്ങളിൽ യഥാക്രമം 21,635 കോടിയും, 20,699 കോടിയും രൂപയും ആയിരുന്നു. നടപ്പുവർഷം യഥാർത്ഥ മൂലധന ചെലവ് വീണ്ടും ഉയരും.

75. ധനകമ്മിയും റവന്യ കമ്മിയും കടഭാരവും നാം കുറച്ചത് വികസന-ക്ഷേമ ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ടല്ല. സർക്കാരിന്റെ ചെലവുകളിൽ വലിയ വർദ്ധനവാണുണ്ടായത്. ധനസ്ഥിതി ഭാവിയിൽ കൂടുതൽ മെച്ചപ്പെടും എന്നു പറയുന്നതിന്റെ മറ്റൊരു കാരണം മുൻകാല ബാധ്യതകൾ വലിയ തോതിൽ കൊടുത്തുതീർക്കാൻ കഴിഞ്ഞു എന്നതാണ്.

76. കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും പബ്ലിക് അക്കൗണ്ടിലെയും മുൻകാല ബാധ്യതകൾ കേരളത്തിന്റെ വായ്പാ പരിധിയിൽ നിന്ന് കുറച്ചു. മുൻകാല ബാധ്യതകളുടെ ഭാരം ഗണ്യമായി കുറഞ്ഞു. നികുതി സംവിധാനത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ നല്ല ഫലം തന്നു തുടങ്ങി. വരുമാനം വരും വർഷങ്ങളിൽ ന്യായമായ നിരക്കിൽ വർധിക്കും. ധനസ്ഥിതിയിൽ വന്ന ഈ മാറ്റം വികസനോന്മുഖ പദ്ധതികൾ ഏറ്റെടുക്കാൻ സംസ്ഥാനത്തിനു കൂടുതൽ കരുത്തു നൽകുന്നുണ്ട്.

77. കിഫ്ബി പരീക്ഷണത്തെ റദ്ദ് ചെയ്യുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. ബജറ്റിനു പുറത്ത് വായ്പയെടുത്ത് ഏറ്റെടുക്കാം എന്ന് കരുതിയ മുഴുവൻ കിഫ്ബി വികസന പ്രോജക്ടുകളുടെയും ഭാരം ഇപ്പോൾ സംസ്ഥാനത്തിന്റെ ബജറ്റിൽ നിന്നാണ് നൽകുന്നത്. ഇക്കാര്യത്തിൽ സുപ്രീംകോടതി തീരുമാനം കേരളത്തിന് അനുകൂലമാവുകയോ കേന്ദ്രം നിലപാട് മാറ്റുകയോ ചെയ്താൽ ഏറെ സഹായകരമാകും.

**ഉറച്ച ചുവടുവെയ്പ്പുകളോടെ സർക്കാർ മുന്നോട്ട്**

78. സർ, സംസ്ഥാനത്ത് ഉണ്ടായ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലും ചെലവുകൾക്ക് യാതൊരു കുറവും സർക്കാർ വരുത്തിയിട്ടില്ല. കഴിഞ്ഞ നാല് വർഷം എല്ലാ മേഖലകളിലേക്കും പണമെത്തിക്കാനും വികസന ക്ഷേമ പ്രവർത്തനങ്ങൾ അനുസ്യൂതം മുന്നോട്ടുകൊണ്ടുപോകാനും സർക്കാരിന് കഴിഞ്ഞു എന്ന് ഒരിക്കൽ കൂടി അഭിമാനപൂർവ്വം പറയട്ടെ.

79. കോവിഡ് പ്രതിരോധവും പ്രളയ പുനരധിവാസവും വൻകിട പദ്ധതികളുടെ നടത്തിപ്പും ഉൾപ്പെടെ നിർവ്വഹിച്ച് ഏറ്റവുമധികം ചെലവുകൾ ഏറ്റെടുത്ത ഒന്നാം പിണറായി സർക്കാരിന്റെ ശരാശരി വാർഷിക ചെലവ് 1.17 ലക്ഷം കോടി രൂപയായിരുന്നു.

80. സർ, എന്നാൽ രണ്ടാം പിണറായി സർക്കാരിന്റെ ശരാശരി വാർഷിക ചെലവ് 1.64 ലക്ഷം കോടി

രൂപയാണ്. ചെലവുകൾ വെട്ടിക്കുറയ്ക്കുകയല്ല, 40 ശതമാനത്തോളം വർദ്ധിപ്പിക്കുകയാണ് ഈ സർക്കാരിന്റെ കാലയളവിൽ ചെയ്തത് എന്നത് അഭിമാനകരമാണ്.

81. ഏകദേശം 50,000 കോടി രൂപയുടെ വർദ്ധനവാണ് സർക്കാരിന്റെ ശരാശരി വാർഷിക ചെലവിൽ നമുക്ക് സൃഷ്ടിക്കാനായത്. സർ, അതിന്റെ ഉണർവ് നാടിന്റെ വിവിധ മേഖലകളിൽ ചെന്നെത്തിയിട്ടുണ്ട്.

82. സർ, സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ഈ സർക്കാർ 42 മാസം കൊണ്ട് വിതരണം ചെയ്തത് 33,210.68 കോടി രൂപയാണ്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തെ കുടിശ്ശിക ഉൾപ്പെടെ ഒന്നാം പിണറായി സർക്കാർ 60 മാസം കൊണ്ട് വിതരണം ചെയ്തത് 35,089.19 കോടി രൂപയായിരുന്നു. രണ്ടാം പിണറായി സർക്കാർ അഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ ചുരുങ്ങിയത് 50,000 കോടി രൂപയിലധികം ക്ഷേമപെൻഷനായി നൽകും. ക്ഷേമ പേൻഷൻ ചിലരെങ്കിലും തെറ്റായി കൈപ്പറ്റുന്നുണ്ട്. ഇത് അനുവദിക്കാൻ കഴിയില്ല. തദ്ദേശ തലത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തി അനർഹരായവരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കും.

83. സർ, 2011-16 സർക്കാരിന്റെ അഞ്ച് വർഷക്കാലം സാമൂഹ്യ സുരക്ഷാ പെൻഷനായി വിതരണം ചെയ്ത 10,700.5 കോടി രൂപയുടെ അഞ്ചിരട്ടിയോളം വരുമിത്.

84. സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ ഇതുവരെ നൽകിയത് 38,339.46 കോടി രൂപയാണ്.

85. **സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം മുൻവർഷം 15,205.5 കോടി രൂപയായിരുന്നത് 15980.49 കോടി രൂപയായി ഉയർത്തുന്നു.**

86. **സർ, ഇതിൽ ജനറൽ പർപ്പസ് ഫണ്ടായി 2,577 കോടി രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 4,188 കോടി രൂപയും വകയിരുത്തുന്നു. പദ്ധതി വിഹിതം 27.5 ശതമാനത്തിൽ നിന്നും 28 ശതമാനമായി ഉയർത്തുന്നു.**

87. സർ, സംസ്ഥാനത്തെ 4,27,736 ഭവനരഹിതർക്ക് ലൈഫ് പദ്ധതിയിലൂടെ ഇതിനകം വീട് വെച്ചുനൽകി. 1,11,306 വീടുകൾ പൂർത്തീകരണ ഘട്ടത്തിലാണ്. അതായത് 5,39,042 കുടുംബങ്ങളാണ് സർ അടച്ചുറപ്പുള്ള ഭവനങ്ങളുടെ ഉടമകളാകുന്നത്.

88. പട്ടികജാതിയിൽപ്പെട്ട 1,11,996 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 43,332 പേർക്കും ലൈഫ് പദ്ധതിയിലൂടെ വീട് നൽകി.

89. സർ, ലൈഫ് പദ്ധതിക്കായി 2016-17 മുതൽ നൽകിയത് 18,000 കോടിയിലധികം രൂപയാണ്. **സർ, 2025-26 ൽ ലൈഫ് പദ്ധതിയിലൂടെ കുറഞ്ഞത് 1 ലക്ഷം വീടുകൾ പൂർത്തിയാക്കും.**

90. **സർ, 2025-26 സാമ്പത്തികവർഷം ലൈഫ് പദ്ധതിയ്ക്കായി 1160 കോടി രൂപ വകയിരുത്തുന്നു.**

91. സർ, രാജ്യത്ത് കഴിഞ്ഞ 3 വർഷമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. മൂന്നര വർഷം കൊണ്ട് 25.17 ലക്ഷം പേർക്ക് ആകെ 6788 കോടിയുടെ സൗജന്യ ചികിത്സയാണ് സർ ഈ സർക്കാർ നൽകിയത്.

92. സർ, ആരോഗ്യ മേഖലയിലെ പദ്ധതികൾക്കായി ഈ സർക്കാർ ഇതിനകം ചെലവഴിച്ചത് 38,126 കോടി രൂപയാണ്.

93. **സർ, 2025-26 വർഷം ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപ വകയിരുത്തുകയാണ് സർ.**

94. സംസ്ഥാനത്തെ 42 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് ഈ സർക്കാർ ഇതിനകം നൽകിയത് 3967.3 കോടി രൂപയാണ്. പ്രതിവർഷം 1300 കോടിരൂപയിലധികമാണ് സർ; ഇത്.

95. സർ, ബജറ്റിൽ നീക്കിവെയ്ക്കുന്ന തുകയേക്കാൾ അധികരിച്ച തുകയാണ് ഓരോ വർഷവും കാരുണ്യ പദ്ധതിയ്ക്ക് നൽകുന്നത്.

96. **സർ, 2025-26 ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി 700 കോടി രൂപ അനുവദിക്കുന്നു.**

97. സർ, സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തി നിടയിൽ 12.74 ലക്ഷം വൈദ്യുതി കണക്ഷനുകളാണ് നൽകിയത്. കഴിഞ്ഞ എട്ടര വർഷമായി കേരളത്തിൽ പവർകട്ട് ഉണ്ടായിട്ടില്ല സർ.

98. പുതുതായി 1359.55 മെഗാവാട്ട് വൈദ്യുതി ഈ സർക്കാരിന്റെ കാലത്ത് നാം ഉൽപാദിപ്പിച്ചു സർ.

99. സർ, ഈ സർക്കാരിന്റെ കാലത്ത് ഗ്രാമ-നഗര മേഖലകളിലായി 20,28,424 കുടിവെള്ള കണക്ഷനുകളാണ് പുതുതായി അനുവദിച്ച് നൽകിയത്.

100. സർ, മൂന്ന് വർഷം കൊണ്ട് 1,80,887 കുടുംബങ്ങൾക്ക് സംസ്ഥാനത്ത് പട്ടയം വിതരണം ചെയ്തു.

101. കഴിഞ്ഞ ഒന്നര വർഷം കൊണ്ട് സംസ്ഥാനത്തെ 5.58 ലക്ഷം ഹെക്ടർ ഭൂമി ഡിജിറ്റൽ സർവ്വേയിലൂടെ അളന്ന് തിട്ടപ്പെടുത്തി സർ.

102. രാജ്യത്തെ പല സംസ്ഥാനങ്ങളും ഈ സംവിധാനം മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനുമായി കേരളത്തിലേക്ക് എത്തി സർ.

103. സർ, ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 29,522 കി.മീ റോഡിൽ 17,483.8 കിലോമീറ്ററും ബി.എം.ബി.സി നിലവാരത്തിലേക്ക് ഉയർത്തി.

104. സർ, 100-ലധികം പാലങ്ങൾ നിർമ്മിച്ചു. 150 ഓളം പാലങ്ങൾ ഉടൻ പൂർത്തീകരിക്കാൻ പോകുന്നു.

105. **സർ, 2025-26 വർഷത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾക്കും പാലങ്ങൾക്കുമായി 3061 കോടി രൂപ വകയിരുത്തുന്നു.** കിഫ്ബിയും റീബിൽഡ് കേരളയും വഴി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമേയാണിത് സർ.

106. സർ, ഈ സർക്കാരിന്റെ കാലയളവിൽ 5,04,830 പേർക്ക് പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു.

107. കെ.എസ്.ആർ.ടി.സിയ്ക്ക് കഴിഞ്ഞ മൂന്നര വർഷം കൊണ്ട് ഈ സർക്കാർ നൽകിയത് 6965 കോടി രൂപയാണ്.

108. കഴിഞ്ഞ മൂന്നര വർഷം കൊണ്ട് 2.75 ലക്ഷം വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു സർ.

109. കേന്ദ്ര സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ രാജ്യത്ത് ഒന്നാമതാണ് കേരളം. 2021-ൽ 15-ാം സ്ഥാനത്തായിരുന്ന നമ്മൾ ഒന്നാമതെത്തിയിരിക്കുകയാണ്. മലയാളികൾക്കാകെ അഭിമാനിക്കാൻ കഴിയുന്ന നേട്ടമാണിത്.

110. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ, ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികളുടെ വിവിധ സ്കോളർഷിപ്പുകൾ നൽകാൻ ഈ സർക്കാർ ചെലവഴിച്ചത് 3821 കോടി രൂപയാണ് സർ.

# ഭാഗം - II

**ഭാവികേരളത്തിന് വഴിതെളിക്കാം**

111. ഒന്നും രണ്ടും പിണറായി സർക്കാരുകൾ ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രവർത്തനങ്ങൾ കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. നവകേരളം സൃഷ്ടിക്കുക എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിതമായ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള നിരവധി നടപടികൾ സർക്കാർ കൈക്കൊണ്ടു. വികസന - ക്ഷേമ രംഗത്തും വൈജ്ഞാനിക മേഖലയിലും ഏറെ മുന്നേറാൻ നമുക്ക് കഴിഞ്ഞു. എട്ട് വർഷം കൊണ്ട് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലുണ്ടായ മാറ്റം അവിശ്വസനീയതയോടെയാണ് പലരും നോക്കിക്കാണുന്നത്.

112. സംസ്ഥാനത്ത് ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയെ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിരവധി പദ്ധതികൾ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. വിഴിഞ്ഞം തുറമുഖവും ഐ.ടി രംഗത്തും വ്യവസായ രംഗത്തുമുണ്ടായ കുതിപ്പും നൽകുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തിയും ഉന്നതവിദ്യാഭ്യാസ ഗവേഷണ മേഖലയെ ശക്തിപ്പെടുത്തിയും ഒരു പുതിയ സാമ്പത്തിക മേഖല സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്ക് നാം സഞ്ചരിക്കുകയാണ്.

113. പുതിയ കേരളത്തിന്റെ സൃഷ്ടി സംബന്ധിച്ച് വ്യക്തമായ പദ്ധതി സർക്കാരിനുണ്ട്. ആമുഖത്തിൽ സൂചിപ്പിച്ചതു പോലെ കേരളത്തിന്റെ സാമൂഹിക ജീവിതത്തിലും ജനസംഖ്യാ ഘടനയിലുമുണ്ടാകുന്ന മാറ്റങ്ങളും, ലോകമെമ്പാടുമുണ്ടാകുന്ന മാറ്റങ്ങൾ കേരളീയ പൊതുജീവിതത്തിൽ ചെലുത്തുന്ന സ്വാധീനവും സൂക്ഷ്മമായി മനസ്സിലാക്കിയാണ് നാം വികസന മുൻഗണനകൾ നിശ്ചയിക്കുന്നത്.

114. കേരളത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു നിക്ഷേപ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനായുള്ള സർക്കാരിന്റെ കഴിഞ്ഞ ഒൻപത് വർഷങ്ങളിലെ നിരന്തര പരിശ്രമങ്ങൾ അർഹിച്ച ഗുണഫലങ്ങൾ നൽകുകയാണ്. ആഗോള നിക്ഷേപ തലത്തിൽ കേരളം അതിവേഗം അംഗീകാരം നേടുന്നു.

115. ദാവോസിലെ വേൾഡ് എക്കണോമിക് ഫോറത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മന്ത്രിതല ഉന്നതസമിതി പങ്കെടുത്തത് കേരളത്തിൽ നിക്ഷേപം ആകർഷിക്കുന്നതിന് സഹായകരമായിട്ടുണ്ട്. അടുത്തിടെ നടന്ന വിഴിഞ്ഞം ഇൻവെസ്റ്റ്മെന്റ് കോൺക്ലേവിൽ അവതരിപ്പിച്ച കേരളത്തിന്റെ മാരിടൈം, ലോജിസ്റ്റിക് അടിസ്ഥാന സൗകര്യ ങ്ങൾക്കായുള്ള പദ്ധതി ആഗോള വ്യവസായ പ്രമുഖരിൽ നിന്നും ആവേശകരമായ പ്രതികരണമാണ് നേടിയത്.

116. സർക്കാർ സംഘടിപ്പിച്ച ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഉന്നതവിദ്യാഭ്യാസരംഗം പരിപോഷിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും ഗവേഷണ  ഇന്നവേഷൻ പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നവീന സംരംഭങ്ങളിലൂടെ കേരളത്തെ വിജ്ഞാനത്തിന്റെ ഒരു ആഗോള കേന്ദ്രമാക്കാൻ കഴിയും.

117. സർ, ഹൃദയഹാരിയായ പ്രകൃതിയും സമാധാന പൂർണ്ണമായ സാമൂഹ്യ അന്തരീക്ഷവും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുമുള്ള കേരളത്തിന് ടൂറിസം മേഖലയിൽ വളരെയേറെ മുന്നേറാനാകും. ലോകത്തെ പ്രധാനപ്പെട്ട ആരോഗ്യ ടൂറിസം ഹബ്ബ് ആയി മാറുവാൻ കേരളത്തിന് കഴിയും. ആരോഗ്യ ടൂറിസം പദ്ധതിയുടെ ഭാഗമായി ലോകമെമ്പാടും കേരളത്തിന്റെ മേന്മകളെക്കുറിച്ചും ആരോഗ്യരംഗത്തെ സവിശേഷതകളെക്കുറിച്ചും പ്രചാരണം സംഘടിപ്പിക്കേണ്ടതുണ്ട്. **വിദേശത്തുൾപ്പെടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കും ആരോഗ്യ ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കേരളത്തെ ഹെൽത്ത് ടൂറിസം ഹബ്ബാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപ വകയിരുത്തുന്നു.**

118. മികച്ച വികസന പദ്ധതികളിലൂടെ കേരളം സാമ്പത്തിക വികസനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്.

119. കേരളത്തെ രാജ്യത്തെ തന്നെ മികച്ച സംസ്ഥാനങ്ങളുടെ നേതൃനിരയിലേത്തിക്കുന്നതിനുള്ള ഒരു പുതിയ കർമ്മപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. നാല് പ്രധാന ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് പദ്ധതി ആവിഷ്കരിക്കുന്നത്.

120. ഒന്ന് - **പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള സർക്കാരിന്റെ പ്രതിബദ്ധതാ പൂർണ്ണമായ സമീപനത്തിനും അന്താരാഷ്ട്ര തലത്തിലുള്ള സുസ്ഥിര ഭരണരീതികൾക്കും അനുസൃതമായി കേരളം ശ്രദ്ധ നൽകേണ്ട മേഖലകൾ.**

121. ഇൻഫർമേഷൻ ടെക്നോളജി, MSMEകൾ, സ്റ്റാർട്ടപ്പുകൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി, ആയുർവേദം ഉൾപ്പടെയുള്ള ആരോഗ്യ-സൗഖ്യമേഖലകൾ, മെഡിക്കൽ ഉപകരണങ്ങൾ, ലോജിസ്റ്റിക്സ്, ഇലക്ട്രിക് വാഹനങ്ങൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, കായികം തുടങ്ങിയ മേഖലകൾ, മറ്റ് വിജ്ഞാനാധിഷ്ഠിത മേഖലകൾ എന്നിവയും ഇതിലുൾപ്പെടുന്നു.

122. രണ്ട് - **സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും കൈവശമുള്ള ഭൂമിയുൾപെടെയുള്ളവ നിക്ഷേപങ്ങൾക്കായി പ്രയോജനപെടുത്തുക.**

123. കേരളത്തിൽ നിക്ഷേപങ്ങൾ നടത്തുന്നതിനുള്ള ഒരു തടസ്സം ഉയർന്ന ഭൂമിവിലയും ഭൂലഭ്യതക്കുറവുമാണെന്ന് പൊതുവെ വിലയിരുത്താറുണ്ട്. ഭൂമി കണ്ടെത്തുന്ന തിനുള്ള ബുദ്ധിമുട്ടുകൾ കാരണം ഒരു നിക്ഷേപകനും

കേരളത്തിൽ നിക്ഷേപം നടത്തുന്നതിൽ നിന്ന് പിന്തിരിയില്ല എന്ന് സർക്കാർ ഉറപ്പു വരുത്തും.

124. മൂന്ന് **നിക്ഷേപകർക്ക് ആത്മവിശ്വാസം നൽകൽ**

125. മുൻ ബജറ്റ് പ്രസംഗങ്ങളിൽ, വ്യവസായ മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ നിക്ഷേപ ധന സഹായമാർഗ്ഗങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഇതിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനു കീഴിലെ വെഞ്ചർ ഫണ്ടും കിഫ്ബിയുടെ അസോസിയേറ്റ് കമ്പനിയായ KIFML വഴിയുള്ള ഇതര നിക്ഷേപ ഫണ്ടും (ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്) ഉൾപ്പെടും. ഇത്തരം സ്ഥാപനങ്ങൾ വഴി വിവിധ വ്യവസായസൗഹൃദ നിക്ഷേപ സഹായ പദ്ധതികൾ നടപ്പിലാക്കും.

126. നാല്- **നിക്ഷേപസൗഹൃദ നയങ്ങളുടെ രൂപീകരണം**

127. നിക്ഷേപസൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ വിവിധ മേഖലകളിൽ നയം രൂപീകരിച്ചിട്ടുണ്ട്. ചിലമേഖലകളുമായി ബന്ധപ്പെട്ട നയ രൂപീകരണം പൂർത്തീകരണ ഘട്ടത്തിലുമാണ്. കിൻഫ്രയുടെയും KSIDC യുടെയും വ്യവസായ ഭൂമി വിനിയോഗിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ നിക്ഷേപ സൗഹൃദമാക്കി വ്യവസായ വകുപ്പ് പരിഷ്കരിച്ചു കഴിഞ്ഞു.

128. മുകളിൽ സൂചിപ്പിച്ച പുതിയ സമീപനങ്ങൾക്കനുസൃതമായി നമുക്ക് വികസിപ്പിക്കാൻ കഴിയുന്ന പദ്ധതികളിൽ ചിലത് സൂചിപ്പിക്കാം.

1. വിഴിഞ്ഞം – കൊല്ലം – പുനലൂർ വികസന ത്രികോണം
2. വെസ്റ്റ് കോസ്റ്റ് കനാലിന്റെ സ്വാധീന മേഖലയിലൂടെയുള്ള സാമ്പത്തിക വികസനം
3. തീരദേശഹൈവേയോട് ചേർന്നുള്ള സാമ്പത്തിക മേഖലകളുടെ വികസനം
4. തിരുവനന്തപുരം ഔട്ടർ ഏരിയ വളർച്ചാ ഇടനാഴി
5. ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ
6. ഐ.റ്റി.പാർക്കുകളും ഐ.റ്റി ഇടനാഴികളും

**വിഴിഞ്ഞം – കൊല്ലം – പുനലൂർ വികസന ത്രികോണം**

129. ലോകത്തെ പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ് തുറമുഖങ്ങളായ സിങ്കപ്പൂർ, റോട്ടർഡാം, ദുബായ് എന്നിവയുടെ മാതൃകയിൽ വിഴിഞ്ഞത്തെ ഒരു ട്രാൻസ്ഷിപ്പ്മെന്റ് കേന്ദ്രത്തിനപ്പുറം, ബൃഹത്തായ കയറ്റുമതി – ഇറക്കുമതി (EXIM) തുറമുഖമാക്കി മാറ്റുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം.

130. ഈ സങ്കല്പത്തിന് അനുസൃതമായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാ ത്രികോണം (VKP-GT) എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുകയാണ്. NH66,

പുതിയ ഗ്രീൻഫീൽഡ് NH 744, നിലവിലുള്ള കൊല്ലം-കൊട്ടാരക്കര-ചെങ്കോട്ട NH 744, എം.സി. റോഡ്, മലയോര-തീരദേശ ഹൈവേകൾ, തിരുവനന്തപുരം കൊല്ലം റെയിൽപാത, കൊല്ലം-ചെങ്കോട്ട റെയിൽപാത എന്നിങ്ങനെ നമ്മുടെ പ്രധാന ഗതാഗത ഇടനാഴികൾ ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി കാരണമാകും. വികസന ത്രികോണ മേഖലകളിലുടനീളം വിവിധോദ്ദേശ്യ പാർക്കുകൾ ഉല്പാദന കേന്ദ്രങ്ങൾ, സംഭരണ സൗകര്യങ്ങൾ, സംസ്കരണ യൂണിറ്റുകൾ, അസംബ്ലിംഗ് യൂണിറ്റുകൾ, കയറ്റിറക്ക് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നത് പദ്ധതിയിൽ ഉൾപ്പെടുന്നു.

131. ഇടനാഴിക്ക് സമീപസ്ഥലങ്ങളായ പ്രദേശങ്ങളെ തിരഞ്ഞെടുത്ത് പൊതു-സ്വകാര്യ-SPV മാർഗ്ഗങ്ങളിലൂടെ വികസിപ്പിക്കും. പദ്ധതി നിർവ്വഹണം ഉറപ്പാക്കുന്നതിനായി ഒരു SPV രൂപീകരിച്ച് ഭൂവികസനവും നിക്ഷേപങ്ങളും ശക്തിപ്പെടുത്തും. നേരിട്ടുള്ള ഭൂമിവാങ്ങലിനായി 1000 കോടി രൂപ കിഫ്ബി വഴി വിനിയോഗിക്കും.

132. വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിനും വിൽക്കുന്നതിനും ലീസ് ചെയ്യുന്നതിനും സഹായിക്കുന്ന KLICK (Kerala Land Bank for Industrial Corridor Development) എന്ന ഒരു പോർട്ടൽ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**വെസ്റ്റ് കോസ്റ്റ് കനാലിന്റെ സ്വാധീന മേഖലയിലൂടെയുള്ള സാമ്പത്തിക വികസനം**

133. കേരള സംസ്ഥാനത്ത് ആകെ 1800 കി.മീറ്ററോളം നീളത്തിലുള്ള ഉൾനാടൻ ജലഗതാഗത മാർഗങ്ങളുണ്ട്. ഇതിൽ നാഡീരേഖയായി വർത്തിക്കുന്നതാണ് കോവളം – നീലേശ്വരം വെസ്റ്റ് കോസ്റ്റ് കനാൽ. ഉൾനാടൻ ജലപാതകളിലൂടെയുള്ള വിനോദസഞ്ചാരം, ജലഗതാഗതം, ചരക്ക് നീക്കം എന്നിവയ്ക്കുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി, കോവളത്തിനും ബേക്കലിനും ഇടയിലുള്ള ഉൾനാടൻ ജലപാതയുടെ സമ്പൂർണ്ണമായ പുനരുജ്ജീവനവും വികസനവും സർക്കാർ ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങളെല്ലാം 2026 ഓട് കൂടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. വലിയ നിക്ഷേപങ്ങൾ ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾക്കായി KIIFB 500 കോടി രൂപ ഈ വർഷം മാറ്റിവയ്ക്കും.

134. ആദ്യഘട്ടത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ ആക്കുളം – കൊല്ലം റീച്ചിന്റെ സ്വാധീന മേഖലയിൽ വരുന്ന 15.115 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവിടെ കാർഷിക-വിനോദസഞ്ചാര കേന്ദ്രം, വ്യത്യസ്ത വിനോദസഞ്ചാര ഉല്പന്നങ്ങൾ, സംയോജിത മത്സ്യ പാർക്ക്, കായൽ വിനോദസഞ്ചാരം, ബോട്ട് നിർമ്മാണ-റിപ്പയർ യൂണിറ്റ് എന്നിങ്ങനെ അഞ്ച് വികസന മേഖലകൾ

സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. മണ്ണാറ്റംപാറ  കല്ലായി റീച്ച് പ്രദേശത്ത് 17.56 ഹെക്ടർ സ്ഥലം വികസന മേഖല സൃഷ്ടിക്കുന്നതിനായി ഏറ്റെടുക്കും.

**തീരദേശഹൈവേയോട് ചേർന്നുള്ള സാമ്പത്തിക മേഖലകളുടെ വികസനം**

135. തീരദേശ ഹൈവേ തിരുവനന്തപുരത്തെ പൂവാറിൽ നിന്നും കാസർഗോഡ് ജില്ലയിലെ തലപ്പാടി വരെ വ്യാപിച്ചു കിടക്കുന്നതും കൊല്ലം, വിഴിഞ്ഞം, വല്ലാർപാടം തുടങ്ങിയ പ്രധാന തുറമുഖങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ളതുമാണ്. തീരദേശ ഹൈവേ കടന്നുപോകുന്ന 8 തീരദേശ ജില്ലകളിൽ കണ്ടെത്തിയിട്ടുള്ള 181 ഏക്കർ വിസ്തീർണ്ണമുള്ള 68 ലാന്റ് പാർസലുകളുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. തീരദേശപാതയുടെ ഓരോ 25 കിലോമീറ്റർ ദൂരത്തിലും ഭൂമി ഏറ്റെടുക്കും. സ്വകാര്യ നിക്ഷേപത്തോടെ തീരദേശ ഹൈവേ ഭാഗങ്ങളിൽ ബീച്ച് പ്രോമെനേഡുകൾ, സൈക്ലിംഗ് ട്രാക്കുകൾ, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ അമിനിറ്റീസ്, നടപ്പാതകൾ, ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ, ഹൈഡ്രജൻ റീ ഫ്യൂവെല്ലിങ്ങ് സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കും.

**ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ**

136. 63 കിലോമീറ്റർ ദൈർഘ്യമുള്ള ഔട്ടർ റിംഗ് റോഡ്, വിഴിഞ്ഞം തുറമുഖത്തെ നാവായിക്കുളവുമായി ബന്ധിപ്പിച്ച് നാഷണൽ ഹൈവേ 66-മായി ചേരും.

ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് ഔട്ടർ റിംഗ് റോഡിന്റെ ഇരുവശങ്ങളിലുമുള്ള 2.5 കിലോമീറ്റർ മേഖലയിൽ ഒരു ഔട്ടർ റിംഗ് ഏരിയ ഗ്രോത്ത് കോറിഡോർ (OAGC) പദ്ധതി ഒരു മാസ്റ്റർ ഡെവലപ്മെന്റ് പ്ലാനായി വിഭാവനം ചെയ്യുന്നു.

137. എല്ലാ ആധുനിക സാമൂഹിക അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വാശ്രയ ടൗൺഷിപ്പ് ശ്രേണിയായാണ് OAGC യെ രൂപകൽപ്പന ചെയ്യുന്നത്.

138. വിഴിഞ്ഞം, കോവളം, കാട്ടാക്കട, നെടുമങ്ങാട്, വെമ്പായം, കിളിമാനൂർ, കല്ലമ്പലം എന്നിവിടങ്ങളിൽ പ്രധാന ഇക്കണോമിക് നോഡുകൾ വിഭാവനം ചെയ്യുന്നു. ഓരോ നോഡും സാമ്പത്തിക മേഖലകളായി വികസിപ്പിക്കുന്നതായിരിക്കും. ഈ പ്രദേശങ്ങളുടെ വികസനത്തിനുള്ള ഭൂമി ലാന്റ് പൂളിംഗിലൂടെ ലഭ്യമാക്കും.

**ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ**

139. ആഗോളതലത്തിൽ ബഹുരാഷ്ട്ര കോർപ്പറേഷനുകൾക്ക് നൂതനത്വവും പ്രവർത്തന മികവും പ്രദാനം ചെയ്യുന്ന നിർണ്ണായക ഘടകങ്ങളായി ഗ്ലോബൽ കാപ്പബിലിറ്റി സെന്ററുകൾ (GCCs) ഉയർന്നു വന്നു കഴിഞ്ഞു. റിസർച്ച് ആന്റ് ഡെവലപ്മെന്റ്, അഡ്വാൻസ്ഡ് അനലിറ്റിക്സ്, പ്രോഡക്ട് മാനേജ്മെന്റ്, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പോലുള്ള ഉയർന്ന മൂല്യമുള്ള സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന

നിർണ്ണായക കേന്ദ്രങ്ങളാണ് ജി.സി.സി.എസ്സുകൾ. ഈ മേഖലയിൽ ലോകത്ത് ആകെയുള്ളതിന്റെ 50 ശതമാനം സെന്ററുകൾ ഇന്ത്യയിലാണ്. ഈ കേന്ദ്രങ്ങൾ 64.6 ബില്യൺ അമേരിക്കൻ ഡോളർ വാർഷിക വരുമാനം നൽകുകയും 1.6 മില്യൺ വ്യക്തികൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു.

140. കേരളത്തിന് GCC നിക്ഷേപങ്ങളുടെ പ്രധാന കേന്ദ്രമായി തീരാൻ കഴിയും. യുവതലമുറയ്ക്ക് പ്രത്യേകിച്ച് STEM (Science, Technology, Engineering and Mathematics) മേഖലയിലെ ബിരുദധാരികളടക്കമുള്ളവർക്ക് ആധുനിക സാങ്കേതിക വിദ്യകളും ആഗോള ബിസിനസ് രീതികളും പരിചയപ്പെടുത്തി തൊഴിൽ ലഭ്യമാക്കാൻ GCC-കൾക്ക് കഴിയും.

141. GCC പാർക്കുകളും അവശ്യ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിക്കാനും സാധ്യതാ പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി 5 കോടി രൂപ നീക്കിവെയ്ക്കുന്നു. ഒരു അന്താരാഷ്ട്ര GCC കോൺക്ലേവ് ഈ വർഷം സംഘടിപ്പിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.

**ഐ.ടി പാർക്കുകളും ഐ.ടി കോറിഡോർ പ്രോജക്ടും**

**കണ്ണൂർ ഐ.ടി പാർക്ക്**

142. **സർ, കണ്ണൂർ വിമാനത്താവളത്തിന് സമീപം 25 ഏക്കർ ക്യാമ്പസിൽ 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനായി 293.22 കോടി**

**രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചു. പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.**

143. ഈ ബജറ്റിൽ ഐ.ടി പാർക്കുകളുമായി ബന്ധപ്പെട്ട് രണ്ട് പൈലറ്റ് പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഭൂമിയിൽ ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുക വഴി ലാഭകരമായ പ്രവർത്തനം നടത്താനാകും.

144. കിഫ്ബി വിഭാവനം ചെയ്യുന്ന റവന്യൂ ജനറേറ്റിംഗ് പദ്ധതികളുടെ ഭാഗമായാണിവ പ്രഖ്യാപിക്കുന്നത്.

**ഐ.ടി പാർക്ക്, കൊല്ലം**

145. കൊല്ലം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമി പ്രയോജനപ്പെടുത്തി കൊല്ലം നഗരത്തിൽ ഒരു ഐ.ടി പാർക്ക് സ്ഥാപിക്കും. KIIFB യും, KINFRAയും കൊല്ലം കോർപ്പറേഷനും തമ്മിൽ ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും ഐ. ടി പാർക്ക് പദ്ധതിക്ക് രൂപം നൽകുന്നത്. 2025-26ൽ ആദ്യഘട്ട പാർക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

146. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന കാര്യങ്ങൾക്ക് ഭൂമിയേറ്റെടുത്ത് വരുമാനമുണ്ടാക്കുന്ന പദ്ധതി നടപ്പിലാക്കാൻ ആത്മവിശ്വാസം നൽകുന്ന പൈലറ്റ് പദ്ധതിയാണ്.

147. കൊട്ടാരക്കരയിലെ രവി നഗറിൽ സ്ഥിതിചെയ്യുന്ന കല്ലട ജലസേചന പദ്ധതി കാമ്പസിലെ ഭൂമിയിൽ ഒരു ഐ.ടി പാർക്ക് സ്ഥാപിക്കും. സ്റ്റേറ്റ്-ഓഫ്-ദി-ആർട്ട് സൗകര്യമുള്ള 97,370 ചതുരശ്രയടി ബിൽറ്റ് അപ്പ് ഏരിയയോട് കൂടിയതാണ് നിർദ്ദേശിത ഐ.ടി പാർക്ക്.

148. ഈ മാതൃകകളുടെ വിജയത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത രണ്ട് വർഷങ്ങളിൽ വകുപ്പുകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്തിക്കൊണ്ട് 100 പുതിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്ലാനുകൾ തയ്യാറാക്കുന്നതാണ്. മുനിസിപ്പൽ ബോണ്ടുകൾ വഴി ഫണ്ട് സമാഹരിക്കാനും റവന്യൂ വരുമാനമുണ്ടാക്കുന്ന പദ്ധതികളിൽ നിക്ഷേപം നടത്താനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഭാവിയിൽ കഴിയും. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സീഡ് മണിയായി 100 കോടി രൂപ വകയിരുത്തുന്നു.

## ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ

### ഹോട്ടൽ ശൃംഖലകളും മൈസ് ടൂറിസവും

149. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പടെയുള്ള സാങ്കേതികവിദ്യയുടെ കടന്നുവരവോടെ ആളുകളുടെ

തൊഴിൽ സമയത്തിൽ കുറവുണ്ടാകുന്നു എന്ന പഠനം പുറത്തുവന്നിട്ടുണ്ട്. കൂടുതൽ യാത്രകൾ ചെയ്യാൻ ആളുകൾക്ക് സമയം ലഭിക്കുന്നത് ടൂറിസം മേഖലയ്ക്ക് ഉണർവ്വേകും.

150. വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കാൻ ഏറ്റവും ആവശ്യമുള്ള ഒരു ഘടകം നിലവാരമുള്ള ഹോട്ടൽ മുറികളുടെ ലഭ്യതയാണ്. ഇടത്തരക്കാരും വൻകിടക്കാരുമായ ടൂറിസ്റ്റുകൾക്ക് ആവശ്യമുള്ള ഹോട്ടൽമുറികളുടെ അപര്യാപ്തത സംസ്ഥാനത്തുണ്ട്. ഹോട്ടലുകൾ/ ഹോട്ടൽ ക്ലസ്റ്ററുകൾ സംസ്ഥാനത്ത് കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്.

151. മൈസ് ടൂറിസത്തിന്റെ ഭാഗമായി (MICE- Meetings, Incentives, Conferences, and Exhibitions) വൻകിട കൺവെൻഷൻ സെന്ററുകളും ഡെസ്റ്റിനേഷൻ ടൂറിസം സെന്ററുകളും വികസിപ്പിക്കും.

152. ഹോട്ടലുകൾ നിർമ്മിക്കുന്നതിന് 50 കോടി രൂപ വരെ വായ്പ നൽകുന്നതിനുള്ള പദ്ധതി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്കരിക്കും. ഈ പദ്ധതിക്ക് പലിശയിളവ് നൽകുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു. സാംസ്കാരിക രംഗത്ത് കേരളത്തിന്റെ യശസ്സ് വളരെയേറേ ഉയർത്തിയ കൊച്ചി മുസിരീസ് ബിനാലെയുടെ 2025-26 എഡിഷനായി 7 കോടി രൂപ വകയിരുത്തുന്നു.

### കെ-ഹോംസ്

153. കേരളത്തിൽ താമസക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള സംരംഭമാണ് കെ-ഹോംസ് പദ്ധതി.

154. ലോകമെമ്പാടുമുള്ള സമാന സംരംഭങ്ങളിൽ നിന്ന് മാതൃകകളും നടത്തിപ്പ് രീതികളും സ്വീകരിച്ചുകൊണ്ട് മിതമായ നിരക്കിൽ വീടുകളിൽ താമസ സൗകര്യമൊരുക്കുക എന്നതാണ് പദ്ധതിയുടെ ഉള്ളടക്കം. വീട്ടുടമകൾക്ക് വരുമാനത്തിനപ്പുറം ഒഴിഞ്ഞുകിടക്കുന്ന വീടിന്റെ സുരക്ഷയും പരിപാലനവും ഉറപ്പുവരുത്താനും ഇതിലൂടെ കഴിയും.

155. ഫോർട്ടുകൊച്ചി, കുമരകം, കോവളം, മൂന്നാർ തുടങ്ങിയ വിനോദ സഞ്ചാര മേഖലകളുടെ പത്ത് കിലോമീറ്റർ ചുറ്റളവിലാണ് പൈലറ്റ് പദ്ധതി നടപ്പിലാവുക. പദ്ധതിയുടെ ഫലം വിലയിരുത്തി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കും.

156. കെ-ഹോംസ് പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

### വിജ്ഞാന സമ്പദ് വ്യവസ്ഥയും കേരളവും

### ഉന്നതവിദ്യാഭ്യാസം-മികവിന്റെ കേന്ദ്രങ്ങൾ

157. **സർ, National Institution Ranking Framework (NIRF)-ൽ കേരള, എം. ജി, കുസാറ്റ് സർവ്വകലാശാലകൾ 2021 മുതൽ ആദ്യ 50-ൽ സ്ഥാനം നിലനിർത്തി വരുന്നു.**

**2024 റാങ്കിംഗ് പ്രകാരം കേരള സർവകലാശാല 21-ാമതും കുസാറ്റ് 34-ാമതും എം.ജി സർവ്വകലാശാല 37-ാമതുമാണ്.**

158. മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ച സംസ്ഥാനത്തെ സർവ്വകലാശാല കളിലെ പശ്ചാത്തല സൗകര്യ വികസനം നന്നായി പുരോഗമിച്ചു വരുന്നു. അന്താരാഷ്ട്ര ഹോസ്റ്റലിന്റെയും ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. മൂന്ന് സർവകലാശാലകളിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

159. കുസാറ്റിൽ ന്യൂറോ ഡീജെനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത് മികവിന്റെ കേന്ദ്രം (Centre of Excellence in Neuro Degeneration and Brain Health) സ്ഥാപിക്കുന്നതിന് 69 കോടി രൂപയും എം.ജി സർവകലാശാലയിൽ നാനോ സയൻസ് & നാനോ ടെക്നോളജി മികവിന്റെ കേന്ദ്രം (Centre of Excellence in Nano Science and Nano Technology) സ്ഥാപിക്കുന്നതിന് 62 കോടി രൂപയും കേരള സർവകലാശാലയിൽ താണുപദ്മനാഭൻ സെന്റർ ഫോർ എക്സലൻസ് ഇൻ ആസ്ട്രോണമി ആന്റ് ആസ്ട്രോ ഫിസിക്സും (Thanu Padmanabhan Centre of Excellence in Astronomy and Astrophysics) സ്ഥാപിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിക്കഴിഞ്ഞു.

160. ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏഴ് മികവിന്റെ കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കാൻ ഭരണാനുമതി നൽകി കഴിഞ്ഞു.

1. സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് & ട്രെയിനിംഗ്
2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ് ടെക്നോളജി & ഇന്നവേഷൻ
3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (KIAS)
4. കേരള നെറ്റ്വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ (KNRSHE)
5. സെന്റർ ഫോർ ഇൻഡിജിനസ് പീപ്പിൾസ് എഡ്യൂക്കേഷൻ (CIPE)
6. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വാളിറ്റി
7. കേരള ലാംഗ്വേജ് നെറ്റ്വർക്ക്

161. സർവ്വകലാശാലകളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയും മേൽപ്പറഞ്ഞ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആദ്യഘട്ടമായി 25 കോടി രൂപ വകയിരുത്തുന്നു.

**ഗവേഷണ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ**

162. ശാസ്ത്രസാങ്കേതിക വകുപ്പിന് കീഴിലുള്ള (1) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, (2) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്, (3) സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് (4) സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോബയോം എന്നീ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി സംസ്ഥാനത്തിന്റെ ഗവേഷണ ശേഷി വർദ്ധിപ്പിക്കുവാനും നവ ആശയങ്ങളെ ഉൽപ്പാദിപ്പിക്കുവാനും സജ്ജമാക്കും.

163. അഞ്ച് വർഷ കാലയളവിൽ ഈ സ്ഥാപനങ്ങൾക്ക് യഥാക്രമം 2535 ലക്ഷം, 1862.29 ലക്ഷം, 1399.84 ലക്ഷം, 1656.98 ലക്ഷം സാമ്പത്തിക വിഹിതം അനുവദിക്കും.

**ഗ്രീൻ ഹൈഡ്രജൻ വാലി**

164. സർ, ലോകത്ത് ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. പരിസ്ഥിതി സൗഹൃദമായ ഹൈഡ്രജൻ ഇന്ധനത്തിന്റെ ഉപയോഗം വ്യാപകമായി പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. സമൃദ്ധമായ ജലവും സൂര്യപ്രകാശവും ലഭ്യമായ നമ്മുടെ നാട്ടിൽ ഹൈഡ്രജൻ ഉൽപ്പാദനത്തിന് അനുകൂലമായ സാഹചര്യമുണ്ട്. ഇത് ഉപയോഗപ്പെടുത്തിക്കൊണ്ട് **ഹൈഡ്രജൻ വാലി** എന്ന വിപുലമായ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കും.

165. ഹൈഡ്രജൻ വാലി പദ്ധതിയുടെ നിർവ്വഹണത്തിനായി ഒരു കമ്പനി രൂപീകരിക്കും. സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി 5 കോടി രൂപ അനുവദിക്കുന്നു.

**ബയോ എഥനോൾ**

166. പെട്രോളിലും ഇതര ഇന്ധനങ്ങളിലും 25 ശതമാനത്തിലധികം ജൈവ ഇന്ധനം ചേർക്കാനുള്ള തീരുമാനം രാജ്യത്ത് നടപ്പിലാവുകയാണ്. കേരളത്തിൽ ഭാവിയിൽ പ്രതിവർഷം 6000 മുതൽ 10,000 കോടി രൂപയുടെ വരെ എഥനോൾ ആവശ്യമായി വരും. ഇത് സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കാൻ കഴിഞ്ഞാൽ കർഷകർക്ക് വലിയ വരുമാനം ലഭിക്കും. കേരളത്തിലെ കാർഷിക മേഖലയ്ക്ക് വലിയ ഉണർവ് നൽകാനാകും. ഈ മേഖല പ്രോത്സാഹിപ്പിക്കാനും ഗവേഷണത്തിലൂടെ ചെലവ് കുറഞ്ഞ ഉൽപ്പാദന രീതി വികസിപ്പിക്കാനും നടപടി സ്വീകരിക്കും. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ഗവേഷണ പിന്തുണയ്ക്കുമായി 10 കോടി രൂപ വകയിരുത്തുന്നു.

**സയൻസ് പാർക്ക്**

167. സംസ്ഥാനത്ത് സയൻസ് പാർക്കുകൾ സ്ഥാപിക്കുക എന്നത് 2022-23 ബജറ്റിലെ ഒരു പ്രധാന പ്രഖ്യാപനമായിരുന്നു. കേരളത്തിന്റെ വിജ്ഞാന

സമ്പദ് ഘടനയ്ക്ക് മുതൽക്കൂട്ടായി സർവ്വകലാശാലകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കുമൊപ്പം സഹകരിച്ച് പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു സയൻസ് പാർക്കുകൾ വിഭാവനം ചെയ്തിരുന്നത്.

168. കണ്ണൂർ, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സയൻസ് പാർക്കുകളുടെ ആദ്യഘട്ടമായി കണ്ണൂർ സയൻസ് പാർക്കിന്റെ സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിക്കുകയാണ്. കണ്ണൂർ വിമാനത്താവളത്തിന് സമീപം 25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

169. തിരുവനന്തപുരത്തും കൊച്ചിയിലും ഭൂമി കണ്ടെത്താനുള്ള ശ്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

### ഡിജിറ്റൽ സയൻസ് പാർക്ക്

170. ഡിജിറ്റൽ സയൻസ് പാർക്കിന്റെ സ്ഥിരം ക്യാമ്പസിന്റെ വികസനത്തിന് 212 കോടി രൂപ വകയിരുത്തുന്നു.

171. ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വരുമാനം വർദ്ധിപ്പിക്കാനും കഴിയുംവിധത്തിൽ ആദ്യഘട്ടത്തിൽ തിരുവന്തപുരത്തെ ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കും.

ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി വിശദമായ കർമ്മപരിപാടി തയ്യാറാക്കും.

**ജി പി യു ക്ലസ്റ്റർ**

172. 850 കോടി രൂപ ചെലവിൽ രൂപപ്പെടുത്തിയിരുന്ന ഓപ്പൺ എഐ യുടെ ജിപിടി-4 മോഡലിനെ വെല്ലുവിളിച്ചുകൊണ്ട് അൻപത് കോടി രൂപ ചെലവിൽ ഡീപ് സീക് എന്ന ഒരു ചെറിയ ചൈനീസ് കമ്പനി വികസിപ്പിച്ചെടുത്ത എ ഐ മോഡലൽ സംബന്ധിച്ച വാർത്തകൾ നാം എല്ലാവരും വായിച്ചു.

173. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), AVGC (ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്) മേഖലകളിൽ കേരളത്തെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുന്നതിനായി തിരുവനന്തപുരത്ത് ഒരു ലോകോത്തര GPU ക്ലസ്റ്റർ സ്ഥാപിക്കും. സംസ്ഥാനത്ത് ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇത് ഉപകരിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കുന്നു.

**ഏജന്റിക് ഹാക്കത്തോൺ**

174. വിവിധ മേഖലകളിൽ നിർമിത ബുദ്ധിയുടെ ഉപയോഗം സാധ്യമാക്കുന്ന സാങ്കേതിക വിദ്യയായ ഏജന്റിക് എ ഐ (Agentic AI) വികസിപ്പിക്കുന്നതിന് ദേശീയ തലത്തിൽ ഒരു

ഏജന്റിക് ഹാക്കത്തോൺ സംഘടിപ്പിക്കാനും, തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 5 ഏജന്റുകൾ നിർമിക്കാൻ 20 ലക്ഷം രൂപ വീതം സഹായം നൽകുന്നതിനുമായി സ്റ്റാർട്ടപ്പ് മിഷന് ഒരു കോടി രൂപ അനുവദിക്കുന്നു.

**ഫ്രീഡം സ്ക്വയർ**

175. സർ, വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്ന ഇന്നവേഷൻ ആന്റ് ഓൺട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളെ (IEDC) ജില്ലാ തലത്തിൽ കോർത്തിണക്കി ഇന്റർ ഡിസ്‌സിപ്ലിനറി സഹകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരളാ സ്റ്റാർട്ടപ്പ് മിഷൻ ആവിഷ്കരിക്കുന്ന പുതുതലമുറ പരീക്ഷണ/തൊഴിൽ ശാലകളാണ് “**ഫ്രീഡം സ്ക്വയർ**”. ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

**ചെറുപട്ടണങ്ങളിലെ സംരംഭകർ**

176. സുൽത്താൻ ബത്തേരിയിലെ വോൺന്യൂ, ചേർത്തലയിൽ പ്രവർത്തിക്കുന്ന ടെക് ജെൻഷ്യ, അരീക്കോട് നിന്നുള്ള ഇന്റർവെൽ, ചാലക്കുടിയിലെ ജോബിൻ & ജിസ്മി തുടങ്ങി കേരളത്തിലെ ഗ്രാമീണ മേഖലകളിലും ചെറു പട്ടണങ്ങളിലും വിജയകരമായി പ്രവർത്തിക്കുന്ന ഐ.ടി കമ്പനികൾ കേരളത്തിൽ നിരവധിയുണ്ട്. അതോടൊപ്പം മെഡിക്കൽ ഉപകരണങ്ങളും മൂല്യവർധിത ഭക്ഷ്യോൽപ്പന്നങ്ങളും

നിർമിക്കുന്ന സംരഭകരുടെ എണ്ണവും വർധിക്കുന്നു. പാലക്കാട്ടെ ജയോൺ ഇംപ്ലാന്റ്സ്, കെ.വി സർജിക്കൽസ്, മാങ്ങാട്ടുപ്പറമ്പിലുള്ള പാപ്പുവാൻ ഗ്ലോബൽ, മാവേലിക്കരയിലെ ബീയോണ്ട് സ്നാക്ക്സ് ഇവയെല്ലാം കേരളത്തിലെ നവസംരംഭങ്ങളുടെ നേർക്കാഴ്ച്ചയാണ്. ഇതുപോലെ എടുത്ത് പറയാവുന്ന സംരംഭകർ കേരളത്തിലുണ്ട്.

177. പ്രശസ്ത ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷൻ കൊട്ടാരക്കരയിൽ അവരുടെ റിസർച്ച് & ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചു. 250 പേർക്ക് തൊഴിലെടുക്കാവുന്ന സോഹോയുടെ ഐ.ടി പാർക്ക് 2025 ഏപ്രിൽ മാസം കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. കേരളത്തിലെ ചെറു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഐ.ടി/ഐ.ടി അനുബന്ധ വ്യവസായങ്ങൾ വിജയകരമായി നടന്നുവരുന്നു എന്നത് ഏറെ അഭിമാനകരമായ കാര്യമാണ്.

**ഈയോ (**Expand Your Office)

178. സ്വന്തമായി ഭൂമി കൈവശമുള്ളതും നൂറിൽ കൂടുതൽ പേർക്ക് തൊഴിലവസരം നൽകാൻ കഴിയുന്നതും ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും വിജയകരമായി പ്രവർത്തിച്ചുവരുന്നതുമായ ഒരു സ്റ്റാർട്ടപ്പ് അല്ലെങ്കിൽ MSME സ്ഥാപകന് സ്വന്തം ഭൂമിയിൽ കോ-വർക്കിങ് സ്പേസുകൾ നിർമിക്കാൻ സർക്കാർ 10 കോടി രൂപ വരെ 5 ശതമാനം പലിശയിൽ വായ്പ നൽകും.

179. ഇങ്ങനെ സ്ഥാപിക്കുന്ന കോ-വർക്കിങ് സ്പേസുകളുടെ 90 ശതമാനവും രണ്ട് വർഷങ്ങൾക്കുള്ളിൽ ഉപയോഗിച്ച് തുടങ്ങുകയും ആനുപാതികമായ തൊഴിലുകൾ സൃഷ്ടിക്കുകയും ചെയ്താൽ പലിശയുടെ ഒരുഭാഗം ഇളവ് ചെയ്തു കൊടുക്കും. ഈ പദ്ധതിയുടെ പലിശയിളവിനായി കെ എഫ് സിക്ക് 10 കോടി വകയിരുത്തുന്നു.

**മുനിസിപ്പൽ ബോണ്ടുകൾ**

180. നഗരതദ്ദേശ സ്ഥാപനങ്ങൾക്കും (Urban Local Governments) നഗരതദ്ദേശ സ്ഥാപനങ്ങളുടെ കൂട്ടായ്മകൾക്കും മുനിസിപ്പൽ ബോണ്ടുകൾ, ഗ്രീൻ ബോണ്ടുകൾ, പൂൾഡ് മുനിസിപ്പൽ ബോണ്ടുകൾ എന്നിവയിലൂടെ 1000 കോടി രൂപയുടെ ഫണ്ട് സ്വരൂപിക്കുന്നതിന് പദ്ധതി തയ്യാറാക്കും.

181. ഐ.ടി പാർക്കുകൾ, വാണിജ്യ സമുച്ചയങ്ങൾ, റോഡ് നിർമ്മാണം, മാലിന്യ സംസ്കരണം, ജലവിതരണം തുടങ്ങിയ പദ്ധതികൾ ഏറ്റെടുക്കാൻ ഇത്തരം ഫണ്ടുകൾ ഉപയോഗിച്ച് സാധിക്കും.

**കൊച്ചി – സുസ്ഥിര നഗരഭൂമി പുനഃക്രമീകരണ പദ്ധതി**

182. കൊച്ചിയിലെ നഗരപ്രദേശങ്ങളെ ആസൂത്രിതവും സജീവവും ഊർജ്ജസ്വലവുമായ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള ഭൂമി പുനഃക്രമീകരണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

183. ദ്വീപുകൾ ഒഴികെ ഏകദേശം 210 ഹെക്ടർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കും. കേരളത്തിലെ മറ്റ് നഗരപ്രദേശങ്ങളിലേക്കും ഇത് വ്യാപിപ്പിക്കും.

184. കൊച്ചി സുസ്ഥിര നഗരഭൂമി പുനഃക്രമീകരണ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**സഹകരണ ഭവന പദ്ധതി**

185. **സർ, സംസ്ഥാനത്തെ ഭവനനിർമ്മാണ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി വളരെ വിപുലമായ ഒരു സഹകരണ ഭവന പദ്ധതി പ്രഖ്യാപിക്കുകയാണ്. നഗര, ഗ്രാമ പ്രദേശങ്ങളിൽ ഇടത്തരം വരുമാനക്കാർക്ക് താങ്ങാനാവുന്ന ചെലവിൽ റസിഡൻഷ്യൽ കോംപ്ലക്സുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ നമ്മുടെ നഗരങ്ങളിൽ 1 ലക്ഷം ഭവനങ്ങളെങ്കിലും നിർമ്മിക്കാൻ സഹായിക്കുന്നതാണ് ഈ പദ്ധതി. വലിയ തോതിൽ സർക്കാർ ജീവനക്കാർക്കും ഈ പദ്ധതി സഹായകരമാകും.**

186. ഡൽഹി, മുംബൈ, കൊൽക്കത്ത തുടങ്ങിയ നഗരങ്ങളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഭവന പദ്ധതികളുടെ മാതൃകയിൽ ബഹുനില അപ്പാർട്ട്മെന്റ് സമുച്ചയങ്ങളും, കുറഞ്ഞത് 20 ഭവനങ്ങളുള്ള റസിഡൻഷ്യൽ ക്ലസ്റ്ററുകളും നിർമ്മിക്കും.

187. പാർപ്പിടസമുച്ചയങ്ങളുടെ നിർമ്മാണത്തിലും വികസനത്തിലും ഉപഭോക്താക്കളുടെ സഹകരണ സൊസൈറ്റിയ്ക്ക് ഒരു ഡെവലപ്പറുടെ ചുമതലയാണുണ്ടാവുക. തദ്ദേശ സ്വയംഭരണ, ഹൗസിംഗ്, സഹകരണ വകുപ്പുകൾ സഹകരിച്ച് വിശദമായ പദ്ധതി രൂപീകരിക്കും.

188. പദ്ധതിയുടെ ഭാഗമായി ഭവന വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു.

**വയോജനസൗഹൃദ കേരളം**

189. ജനസംഖ്യാ പരിണാമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആമുഖത്തിൽ പറയുകയുണ്ടായി. വയോജനങ്ങളുടെ സുരക്ഷയും ആരോഗ്യവും വളരെ പ്രധാനപ്പെട്ട വിഷയമാണ്. എല്ലാ വയോജനങ്ങൾക്കും പാലിയേറ്റീവ് കെയറിനും മരുന്നിനും ഭക്ഷണത്തിനും ചികിത്സയ്ക്കും പരിചരണത്തിനും അവകാശമുണ്ട്. ഈ അവകാശങ്ങൾ എല്ലാം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആരോഗ്യം, സാമൂഹ്യക്ഷേമം, തദ്ദേശഭരണം തുടങ്ങിയ വകുപ്പുകളുടെ ബന്ധപ്പെട്ട സ്കീമുകൾ പ്രാദേശികതലത്തിൽ സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്ര പരിപാടിക്ക് ഈ ബജറ്റിലൂടെ രൂപം നൽകുകയാണ്.

190. സർക്കാർ അംഗീകൃത ഡിജിറ്റൽ ഗ്രിഡിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കിടപ്പുരോഗികൾക്കും മേൽപ്പറഞ്ഞവയെല്ലാം ഉറപ്പുനൽകുന്നു. പാലിയേറ്റീവ് സംഘടനകളെ പ്രാദേശികതലത്തിൽ ഏകോപിപ്പിച്ചു

കൊണ്ടാവും പദ്ധതി നടപ്പാക്കുന്നത്. സൗജന്യമായി നൽകുന്ന സേവനങ്ങൾക്കു പുറമെ സ്ഥിരം കെയർ ഗിവർ, ഡയറ്റ് ഭക്ഷണം, എഐ സർവയലൻസ് തുടങ്ങിയവ ഫീസ് ഈടാക്കിയും ലഭ്യമാക്കും.

191. കിടപ്പുരോഗികൾ അല്ലാത്ത വയോജനങ്ങൾക്ക് ആരോഗ്യകരമായ പ്രായമാകൽ പദ്ധതി (Healthy Ageing) നടപ്പാക്കും.

192. നിലവിലുള്ള വിവിധങ്ങളായ സ്കീമുകളുടെ സംയോജനത്തിലൂടെയാണ് പണം കണ്ടെത്തുക. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ നന്നായി ഇടപെടാനാകും. പദ്ധതിയുടെ അധിക ധനസമാഹരണത്തിനായി 50 കോടി രൂപ വകയിരുത്തുന്നു.

193. വാർദ്ധക്യ കാലത്തെ സജീവമാക്കുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള പാർക്കുകളിൽ മുതിർന്ന പൗരന്മാർക്കായി ഓപ്പൺ എയർ വ്യായാമ യന്ത്രങ്ങൾ കൂടി സജ്ജീകരിച്ച് മൾട്ടിജനറേഷൻ പാർക്കുകളാക്കി മാറ്റും. ഇതിനായി 5 കോടി രൂപ നീക്കിവെയ്ക്കുന്നു.

**ന്യൂ ഇന്നിംഗ്സ്**

194. മുതിർന്ന പൗര ജനങ്ങളുടെ സാമ്പത്തിക ശേഷിയും, അനുഭവ പരിചയവും ഉപയോഗപ്പെടുത്തി പുതു സംരംഭങ്ങൾ/വ്യവസായങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകുന്ന പദ്ധതിയാണ് ന്യൂ ഇന്നിംഗ്സ്. ലോകത്തെ പ്രമുഖരായ ചില

വ്യവസായികൾ വ്യവസായ വാണിജ്യരംഗത്തേക്ക് കടന്നുവന്നിട്ടുള്ളത് മുതിർന്ന പൗരന്മാരായതിനു ശേഷമാണ്. മുതിർന്ന പൗരന്മാരെ സാമ്പത്തിക പ്രക്രിയയുടെ ഭാഗമാക്കാനും സാമൂഹികമായി സജീവമാക്കാനും ഈ പദ്ധതി സഹായിക്കും. പദ്ധതിയുടെ നടത്തിപ്പിനായി 5 കോടി രൂപ വകയിരുത്തുന്നു.

**അടിസ്ഥാന സൗകര്യ വികസനം**

**ദേശീയപാത**

195. അടുത്ത വർഷത്തെ ബജറ്റ് സമ്മേളനത്തിന് കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിലെ എംഎൽഎമാർക്ക് വീതിയേറിയ ആറ് വരി ദേശീയ പാതയിലൂടെ തിരുവനന്തപുരത്തേക്ക് വരാം. ഒരിക്കലും നടപ്പിലാക്കാൻ കഴിയില്ല എന്ന് പ്രഖ്യാപിച്ച് 2016 ന് മുൻപ് സർക്കാർ ഉപേക്ഷിച്ച ദേശീയപാത വികസനം യാഥാർത്ഥ്യമാവുകയാണ്. 2025 അവസാനത്തോടുകൂടി ദേശീയ പാത ജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

196. ദേശീയപാതയ്ക്ക് വേണ്ടി ഭൂമിയേറ്റെടുക്കാൻ കിഫ്ബിയിൽ നിന്ന് 6000 കോടി രൂപയോളം നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് സംസ്ഥാന സർക്കാർ നൽകുകയുണ്ടായി. ഇതുകൂടാതെ മലയോര

ഹൈവേ, തീരദേശ ഹൈവേ എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ദ്രുതഗതിയിൽ മുന്നേറുകയാണ്.

**കിഫ്ബി**

197. സർ, 2024 ഡിസംബർ 31 വരെ 87,436.87 കോടി രൂപയുടെ 1147 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 20,000 കോടി രൂപ വൻകിട വികസന പദ്ധതികളുടെ ഭൂമിയേറ്റെടുക്കലിനായി നീക്കിവെച്ചതാണ്.

198. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് (2016-17 മുതൽ 2020-21 വരെ) കിഫ്ബി പദ്ധതികൾക്കായി അഞ്ചുവർഷം കൊണ്ട് 10,500 കോടി രൂപ ചെലവഴിച്ചു.

199. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യത്തെ മൂന്ന് വർഷം കൊണ്ട് തന്നെ കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ചത് 22,298 കോടി രൂപയാണ്. നാളിതുവരെ 32,798 കോടി രൂപ കിഫ്ബി പദ്ധതികൾക്കായി നൽകിക്കഴിഞ്ഞു.

**കിഫ്ബി - റവന്യൂ ജനറേറ്റിംഗ് മോഡൽ**

200. കിഫ്ബി രൂപീകരിച്ച വേളയിൽ തന്നെ റവന്യൂ ജനറേറ്റിംഗ് ആയിട്ടുള്ള പദ്ധതികൾ ഏറ്റെടുക്കണമെന്ന് വിലയിരുത്തിയിരുന്നു. കിഫ്ബിയുടെ പ്രവർത്തന മൂലധനത്തിന്റെ ഒരു ഭാഗം സർക്കാരിൽ നിന്ന് ബജറ്റ് വിഹിതമായി ലഭിക്കുന്നുവെങ്കിലും

വലിയൊരു ഭാഗം തുക കടമെടുക്കുകയാണ്. ഈ സാഹചര്യത്തിൽ റവന്യൂ ജനറേറ്റിംഗ് ആയ പദ്ധതികൾ കൂടുതൽ ഏറ്റെടുക്കുന്നതിനും കിഫ്ബിയെ വരുമാനമുള്ള സ്ഥാപനമാക്കി മാറ്റുന്നതിനുമുള്ള കൂടുതൽ പരിശ്രമങ്ങളും പഠനങ്ങളും സർക്കാർ നടത്തും.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ്**

201. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ 8702.38 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകി. ഇതിൽ 5604 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു.

**ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ**

202. തിരുവനന്തപുരം പൂന്തുറ മാതൃകയിൽ ബീച്ചുകളുടെ സംരക്ഷണത്തിനായി ജിയോ ട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ കൊല്ലം, ചെറായി ബീച്ചുകളിൽ നടപ്പാക്കുന്നതിനായി 5 കോടി രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് അനുവദിക്കുന്നു. ഈ പുതിയ നിർമ്മാണ രീതി ചെലവ് കുറഞ്ഞതും വലിയൊരളവിൽ പരിസ്ഥിതി സൗഹൃദവുമാണ്. ഈ രീതിയിലുള്ള തീരദേശ സംരക്ഷണ പദ്ധതി വിപുലീകരിക്കും.

**തീരദേശ പാക്കേജ്**

203. തീരദേശ വികസനത്തിനായി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നു. സംസ്ഥാനത്തെ വിവിധ കടൽ തീരങ്ങളുടെ സംരംക്ഷണത്തിനായി ജിയോ ട്യൂബ്

ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യ ഘട്ടമായി 100 കോടി രൂപ വകയിരുത്തുന്നു.

204. **കൊല്ലത്ത് ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ പാർക്കും സ്ഥാപിക്കാൻ 10 കോടി രൂപ മുൻ ബജറ്റിൽ സർക്കാർ അനുവദിച്ചിരുന്നു. പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ അനുവദിക്കുന്നു.**

**സർക്കാർ വാഹനങ്ങൾ വാങ്ങാൻ 100 കോടി**

205. സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങാൻ 100 കോടി രൂപ അനുവദിക്കുന്നു.

206. **സർ, വിഴിഞ്ഞം തുറമുഖം വലിയ വാണിജ്യ വികസന സാധ്യതകൾ തുറന്നിടുന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് തിരുവനന്തപുരത്ത് വ്യാപാര വാണിജ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഔദ്യോഗിക ബിസിനസ്സ് വികസന കേന്ദ്രം സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കും. ഇതിനായി 100 ഏക്കർ ഭൂമി വികസിപ്പിക്കും.**

**തൊഴിൽ**

**നിയമനങ്ങളിൽ മുന്നിൽ കേരളം**

207. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ **ഒരു ലക്ഷത്തി പതിനായിരത്തോളം** നിയമന ശിപാർശകൾ

നൽകിക്കഴിഞ്ഞു. പതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു.

208. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം രാജ്യത്തെ ആകെ പി.എസ്.സി നിയമനങ്ങളുടെ 66 ശതമാനവും നടക്കുന്നത് കേരളത്തിലാണ്.

209. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റതിന് ശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 8293 സ്ഥിരം നിയമനങ്ങളും 34,859 താൽക്കാലിക നിയമനങ്ങളും ഉൾപ്പടെ 43,152 പേർക്ക് തൊഴിൽ നൽകി.

**വിജ്ഞാനകേരളം – ജനകീയ ക്യാമ്പയിൻ**

210. വിവിധ കോഴ്സുകളിൽ അവസാന വർഷം പഠിക്കുന്ന 5 ലക്ഷം വിദ്യാർത്ഥികളെ നൈപുണി പരിശീലനം നൽകി തൊഴിൽ പ്രാപ്തരാക്കുക, പഠനം പൂർത്തീകരിച്ചവരെ ശരിയായി തയ്യാറെടുപ്പിച്ച് തൊഴിൽമേളകളിലൂടെ തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെയുള്ള ജനകീയ ക്യാമ്പയിനാണ് വിജ്ഞാനകേരളം. ഇത് 2025-26-ലെ ഒരു പ്രധാന വികസന പദ്ധതി ആയിരിക്കും.

211. വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനും അഭിരുചിക്കും അനുയോജ്യമായതും, തൊഴിൽ ലഭിക്കാൻ സാധ്യതയുള്ളതുമായ സ്കിൽ കോഴ്സുകൾ ലഭ്യമാക്കും. പദ്ധതിയിൽ അധ്യാപക മെന്റർമാർക്ക്

പുറമേ 50,000 സന്നദ്ധ പ്രൊഫഷണൽ മെന്റർമാരെയും അണിനിരത്തും. പരമാവധി കുട്ടികൾക്ക് കാമ്പസ് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തും.

212. സ്കിൽ കോഴ്സുകൾക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാച്ചിംഗ് ഗ്രാന്റായും വിജ്ഞാന കേരളം ആഗോള സംഗമം സംഘടിപ്പിക്കുന്നതിനും പദ്ധതിയുടെ പരിശീലനത്തിനും പ്രചാരണത്തിനുമായും 20 കോടി രൂപ വകയിരുത്തുന്നു.

213. പഠനം പൂർത്തീകരിച്ച തൊഴിലന്വേഷകർക്കായുള്ള ആദ്യത്തെ മെഗാ ജോബ് എക്സ്പോ 2025 ഫെബ്രുവരിയിൽ നടക്കും. തുടർന്ന് ഏപ്രിൽ മുതൽ പ്രാദേശിക ജോബ് ഡ്രൈവുകളും പ്രതിമാസം രണ്ട് മെഗാ ജോബ് എക്സ്പോ വീതവും സംഘടിപ്പിക്കും. 3 മുതൽ 5 ലക്ഷം തൊഴിലവസരങ്ങളാണ് ഓരോ മെഗാ ജോബ് എക്സ്പോകളിലും ലഭ്യമാക്കുക. കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) രജിസ്റ്റർ ചെയ്ത ഏതൊരാൾക്കും ജോലിക്ക് അപേക്ഷിക്കാം. ഇവരെ സഹായിക്കാൻ എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും ജോബ് സ്റ്റേഷനുകൾ ഉണ്ടാകും.

214. ക്യാമ്പയിന്റെ പ്രചാരണത്തിനും പരിശീലനങ്ങൾക്കും തൊഴിൽ മേളകളുടെ സംഘാടനത്തിനും റിസോഴ്സ് പേഴ്സൺസിന്റെയും മറ്റും ചെലവുകൾക്കായി 20 കോടി രൂപ അധികമായി അനുവദിക്കുന്നു.

**നവസമീപനങ്ങൾ**

**ഫിൻടെക് : വളർച്ചയുടെ പുതിയ മാതൃക**

215. ഉപയോക്താക്കൾക്ക് സാമ്പത്തിക സേവനങ്ങൾ നൽകുന്നതിന് പ്രാഥമികമായി സാങ്കേതികവിദ്യയും ക്ലൗഡ് സേവനങ്ങളെയും ആശ്രയിക്കുന്ന കമ്പനികളാണ് ഫിൻടെക്കുകൾ. സ്റ്റാർട്ടപ്പുകൾ, ബാങ്കുകൾ, ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ, ക്രോസ് സെക്ടർ സ്ഥാപനങ്ങൾ എന്നിവ ഫിൻടെക്കുകളിൽപ്പെടുന്നു.

216. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ, സെർവർലെസ് ആർക്കിടെക്ചർ, സോഫ്റ്റ്വെയർ ആസ് എ സർവ്വീസ്, ഹൈപ്പർ ഓട്ടോമേഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾ അടുത്ത കുറച്ചുവർഷങ്ങളിൽ ഫിൻടെക് വികസനത്തെ മുന്നോട്ടുകൊണ്ടു പോകുമെന്ന് കണക്കാക്കപ്പെടുന്നു.

217. കെ.എസ്.എഫ്.ഇ, കെ.എഫ്.സി ഇതര ധനകാര്യ സ്ഥാപനങ്ങളെ ഈ പ്രവർത്തനങ്ങളിൽ കൂട്ടിയോജിപ്പിച്ച് പദ്ധതികൾ രൂപീകരിക്കും. ഫിൻടെക് മേഖലയെ വികസിപ്പിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**സിറ്റിസൺ ബജറ്റ്**

218. ലിംഗസമത്വം, കുട്ടികളുടെ ഉന്നമനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ജെൻഡർ & ചൈൽഡ് ബജറ്റിന് പുറമേ റിസർച്ച് & ഡെവലപ്മെന്റ് ബജറ്റും കഴിഞ്ഞ

വർഷം മുതൽ പാരിസ്ഥിതിക ബജറ്റും ഈ സർക്കാർ അവതരിപ്പിച്ചുവരികയാണ്. ഇതിനുപുറമേ ബജറ്റുമായി ബന്ധപ്പെടുന്ന പ്രധാന ധനകാര്യ വിവരങ്ങൾ ഒരു സാധാരണ പൗരന് ലളിതമായി മനസ്സിലാകുന്ന രീതിയിൽ ബജറ്റിലേക്കുള്ള പൗരന്റെ വഴികാട്ടി എന്ന് നാമകരണം ചെയ്തിട്ടുള്ള സിറ്റിസൺ ബജറ്റ് എന്ന ബജറ്റ് രേഖ കൂടി ഈ വർഷം മുതൽ അവതരിപ്പിക്കുകയാണ്.

**പുതിയ നിർമ്മാണ രീതികൾ**

219. നിർമ്മാണ മേഖലയിലെ പരമ്പരാഗത രീതിയ്ക്കൊപ്പം പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയും വിധമുള്ള നിർമ്മാണ രീതികൾക്ക് പ്രോത്സാഹനം നൽകും. പൊതു നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ പലപ്പോഴും നിശ്ചയിച്ചതിലധികം സമയം വേണ്ടിവരുന്നുണ്ട്. പദ്ധതി നീണ്ടുപോകുന്നതുമൂലം പലപ്പോഴും അനുമതി നൽകിയതിലധികം തുക നൽകേണ്ടിവരുന്നു.

220. സമയപരിധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുംവിധമുള്ള നിർമ്മാണ മാർഗ്ഗങ്ങൾ അവലംബിച്ചാൽ സമയനഷ്ടവും ധനനഷ്ടവും ഒഴിവാക്കാനാകും. പ്രീഫാബ് മെറ്റീരിയലുകളും സ്റ്റീൽ സ്ട്രക്ചറുകളും പുതിയ സാങ്കേതിക വിദ്യയും ഉൾക്കൊള്ളുന്ന നിർമ്മാണ രീതികൾ സർക്കാർ അവലംബിക്കും.

**ഓവർ ഡിസൈനും ഓവർ എസ്റ്റിമേറ്റും ഒഴിവാക്കും**

221. സർ, നിർമ്മാണ മേഖലയിൽ, വിശിഷ്യ സർക്കാർ മേഖലയിൽ ആവശ്യത്തിലധികം വലിപ്പമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലൂടെയും ഓവർ ഡിസൈനിലൂടെയും പണം നഷ്ടപ്പെടുത്തുന്ന പ്രവണതയുണ്ട്.

222. കൊല്ലം ജില്ലാ കോടതി സമുച്ചയത്തിന്റെ ആദ്യ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് 147 കോടി രൂപയായിരുന്നു. എന്നാൽ ചെന്നൈ ഐ.ഐ.ടി ഉൾപ്പെടെ പരിശോധിച്ചതിനുശേഷം രൂപകൽപ്പനയിൽ ചെറിയ മാറ്റങ്ങൾ വരുത്തിയതോടെ 80 കോടി രൂപയ്ക്ക് താഴേയ്ക്ക് നിർമ്മാണചെലവ് കൊണ്ടുവരാൻ കഴിഞ്ഞു. നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ നിർമ്മാണ ചെലവിൽ ബഹു.മുഖ്യമന്ത്രിയും ബഹു.സ്പീക്കറും വകുപ്പ് മന്ത്രിയും ഇത്തരത്തിൽ ഇടപെട്ടുവഴി 15 ശതമാനത്തിലധികം എസ്റ്റിമേറ്റ് കുറയുകയുണ്ടായി.

223. സർ, ഇത്തരത്തിൽ സംസ്ഥാനത്തെ പൊതു നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് ഒരു ചിട്ടപ്പെടുത്തൽ അനിവാര്യമാണ്. പൊതുമരാമത്ത് - തദ്ദേശസ്വയം ഭരണ വകുപ്പുകളുമായും സാങ്കേതിക വിദഗ്ധരുമായും ചർച്ചകൾ നടത്തി ചെലവ് കുറച്ചും ആവശ്യത്തിലധികമുള്ള ഡിസൈനുകൾ ഒഴിവാക്കിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു പൊതുനയം രൂപീകരിക്കും.

**സൈബർ അധിക്ഷേപങ്ങളും വ്യാജ വാർത്തകളും**

224. സമൂഹത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ, വിശേഷിച്ച് സ്ത്രീകൾക്കെതിരെ വലിയ സൈബർ അധിക്ഷേപങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വാർത്തകളും ചിത്രങ്ങളും വീഡിയോകളും പ്രചരിപ്പിക്കുന്ന സൈബർ കുറ്റവാളികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുള്ള സൈബർ വിംഗ് ശക്തിപ്പെടുത്തും. പി.ആർ.ഡി, പോലീസ്, നിയമ വകുപ്പുകളെ സംയോജിപ്പിച്ച് കാര്യക്ഷമമായ സംവിധാനം രൂപീകരിക്കുന്നതിനായി 2 കോടി രൂപ അനുവദിക്കുന്നു.

**സാമ്പത്തിക തട്ടിപ്പുകളെ നേരിടാൻ -** Financial Literacy Campaign

225. നിക്ഷേപ തട്ടിപ്പുകളും സാമ്പത്തിക തട്ടിപ്പുകളും സംസ്ഥാനത്ത് വർദ്ധിക്കുന്നുണ്ട്. സാമ്പത്തിക മാനേജ്മെന്റിന്റെ കുഴപ്പങ്ങൾ മൂലം നിരവധി കുടുംബങ്ങൾ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും പോകുന്ന സാഹചര്യവുമുണ്ട്. ജനങ്ങൾക്കിടയിൽ ശരിയായ സാമ്പത്തിക സാക്ഷരത ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

226. വിവിധ ഏജൻസികളുമായും സംഘടനകളുമായും ചേർന്നുകൊണ്ട് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കും.

227. 2000 സ്കൂളുകളിൽ ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയും കുട്ടികളെ സാമ്പത്തിക മാനേജ്മെന്റിനെക്കുറിച്ച് അവബോധമുള്ളവരാക്കി മാറ്റാനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്യും.

228. സർ, ഇതിനോടൊപ്പം സംസ്ഥാനത്ത് വിപുലമായ ഒരു **ഫിനാൻഷ്യൽ കോൺക്ലേവ്** സംഘടിപ്പിക്കും. തുടർ ഫിനാൻഷ്യൽ ലിറ്ററസി കാമ്പയിനും സംഘടിപ്പിക്കും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

**വന്യജീവി ആക്രമണം**

229. സർ, ഈ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചു. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള വിഹിതം വർദ്ധിപ്പിച്ചു. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് വന്യമൃഗപ്പെരുപ്പത്തെ നിയന്ത്രിക്കാൻ നിയമ നിർമ്മാണം ഉൾപ്പടെ നടത്തേണ്ടതുണ്ട്. ഇതിനാവശ്യ മായ ഇടപെടലിനായി സംസ്ഥാനം മുൻകയ്യെടുക്കും.

230. സർ, വന്യജീവി ആക്രമണ നഷ്ടപരിഹാരവും പ്രതിരോധവും ഉൾപ്പെടെ വനംവന്യജീവി മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതത്തിനു പുറമേ വനമേഖലയിലെ വന്യമൃഗ

ശല്യം നിയന്ത്രിക്കാനും വനമേഖലയിലെ ജനങ്ങളെ സംരക്ഷിക്കാനും പ്രത്യേക പാക്കേജിന് 50 കോടി രൂപ അധികമായി അനുവദിക്കുന്നു.

**നാട്ടുവൈദ്യം/പാരമ്പര്യവൈദ്യം**

231. കേരളത്തിലെ നാട്ടുവൈദ്യം/പാരമ്പര്യവൈദ്യം മേഖലയിലെ ചികിത്സാ സമ്പ്രദായങ്ങളും നാട്ടറിവുകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നു. ഈ നിയമത്തിലൂടെ കേരള നാട്ടുവൈദ്യ/ പരമ്പരാഗതവൈദ്യ കമ്മീഷൻ രൂപീകരിക്കുന്നതിനും കേരള നാട്ടുവൈദ്യ/ പരമ്പരാഗതവൈദ്യ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ പ്രാഥമിക ചെലവുകൾക്കായി 1 കോടി രൂപ മാറ്റിവെയ്ക്കുന്നു.

**മഞ്ചാടി**

232. സർ, സ്കൂൾ ഗണിതപഠനം കൂടുതൽ മെച്ചപ്പെടുത്താനായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് മഞ്ചാടി. 14 ജില്ലകളിലെ 1400 സ്കൂളുകളിലെ 2100 ഓളം ക്ലാസ്സ് മുറികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2.8 കോടി രൂപ വകയിരുത്തുന്നു.

**ന്യൂനപക്ഷ സ്കോളർഷിപ്പ്**

233. ന്യൂനപക്ഷ വിഭാഗങ്ങളിലെ 1 മുതൽ 8 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്

നൽകുന്നതിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറിയിട്ടുണ്ട്. സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ട കുട്ടികൾക്ക് തുടർന്നും സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന സർക്കാർ ആരംഭിച്ച മാർഗ്ഗദീപം പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തുന്നു.

234. **സർ, കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ മൗലാനാ ആസാദ് ദേശീയ റിസർച്ച് ഫെല്ലോഷിപ്പിന് പകരം സംസ്ഥാന സർക്കാർ ആരംഭിച്ച ഫെല്ലോഷിപ്പ് പദ്ധതിക്കായി 6 കോടി രൂപ വകയിരുത്തുന്നു.**

**എൻറോൾമെന്റ് ഇരട്ടിയാക്കൽ**

235. അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഇരട്ടിയാക്കും.

**ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കും**

236. ശബരിമലയെ രാജ്യത്തെ ഏറ്റവും മികച്ച തീർത്ഥാടന കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനായി 1033.62 കോടി രൂപയുടെ ശബരിമല മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

237. ഇതിൽ ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 778.17 കോടി രൂപയുടെയും, പമ്പ മണപ്പുറത്തിന് വേണ്ടി 207.48 കോടി രൂപയുടെയും, പമ്പ മുതൽ സന്നിധാനം വരെയുള്ള

നടപ്പാത വികസനത്തിന് വേണ്ടി 47.97 കോടി രൂപയുടെയും പദ്ധതികൾ ഉൾപ്പെടുന്നു.

238. നടപ്പാതയുടെ വികസനത്തിനായി 2022 മുതൽ 2025 വരെയുള്ള ആദ്യഘട്ടത്തിൽ 32.88 കോടി രൂപയും 2024 മുതൽ 2026 വരെയുള്ള രണ്ടാംഘട്ടത്തിൽ 15.09 കോടി രൂപയും ചേർത്ത് ആകെ 47.97 കോടി രൂപ ചെലവാകുന്നതാണ്.

**തീർത്ഥാടനകേന്ദ്രങ്ങൾ**

239. കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തോട് ചേർന്ന് പിൽഗ്രിം ഹൗസും അമിനിറ്റി സെന്ററും നിർമ്മിക്കാൻ 5 കോടി രൂപ വകയിരുത്തുന്നു.

240. ആറന്മുള വള്ളംകളിയുടെ പ്രധാന പവലിയൻ നിർമ്മാണത്തിന് 2 കോടി രൂപ അനുവദിക്കുന്നു.

241. പമ്പാനദിയുടെ തീരത്ത് നടക്കുന്ന ആത്മീയ സംഗമമായ മാരാമൺ കൺവെൻഷനുമായി ആറന്മുള വള്ളംകളിയെയും ഇതര തീർത്ഥാടന കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം സൗകര്യങ്ങൾ കോഴഞ്ചേരിയിൽ വികസിപ്പിക്കുന്നതിന് 3 കോടി രൂപ അനുവദിക്കുന്നു.

242. കണ്ണൂരിൽ ഹജ്ജ് ഹൗസ് സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുന്നു.

243. വളരെയേറെ ടൂറിസ്റ്റുകൾ എത്തുന്ന വിവിധ തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ

വികസിപ്പിക്കാനായി ടൂറിസം വകുപ്പിന് 20 കോടി രൂപ അധികമായി അനുവദിക്കുന്നു.

**എം.ടി പഠനകേന്ദ്രം**

244. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും അഭിമാനമായിരുന്ന എം.ടി വാസുദേവൻ നായരുടെ സ്മരണകൾ നിലനിർത്തുന്നതിനായി തിരൂർ തുഞ്ചൻപറമ്പിനോട് ചേർന്ന് സ്മാരകം നിർമ്മിക്കും. മലയാള ഭാഷയുടെ ചരിത്രത്തിനും സംസ്കാരത്തിനും പ്രാധാന്യം നൽകുന്നതും എം.ടിയുടെ ജീവിതവും കൃതികളും സംഭാവനകളും വരും തലമുറയ്ക്ക് പരിചയപ്പെടുത്തുംവിധമുള്ള പഠനകേന്ദ്രമാകും സ്ഥാപിക്കുക. അതിനായി ആദ്യഘട്ടത്തിൽ 5 കോടി രൂപ അനുവദിക്കുന്നു.

**വൈക്കം സത്യാഗ്രഹ സ്മാരകം**

245. ശതാബ്ദി പിന്നിട്ട വൈക്കം സത്യാഗ്രഹത്തിന്റെ ചരിത്രവും പ്രാധാന്യവും വിശദമാക്കുന്ന സ്മാരകവും പഠന കേന്ദ്രവും വൈക്കത്ത് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**കേന്ദ്ര ബജറ്റും കേരളവും**

246. **സർ, കേരളത്തിൽ ടൂറിസം കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതിയായ റീജിയണൽ കണക്റ്റിവിറ്റി സ്കീം (UDAN) പ്രയോജനപ്പെടുത്തും. ഇതിന്റെ ഭാഗമായി**

**സീപ്ലെയിൻ ടൂറിസം ഹെലിപ്പോർട്ടുകൾ, ചെറിയ വിമാനത്താവളങ്ങൾ എന്നിവ വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കും. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.**

247. ഇന്ത്യയെ ഒരു ലോക കളിപ്പാട്ട നിർമ്മാണ ഹബ്ബായി മാറ്റുമെന്ന കേന്ദ്രബജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങൾ, കുടുംബശ്രീ എന്നിവയെ സംയോജിപ്പിച്ച് പ്രാദേശികമായി കളിപ്പാട്ട ഉത്പാദനത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

248. സാക്ഷം അങ്കണവാടി, പോഷൺ 2.0 തുടങ്ങിയ ദേശീയ പോഷകാഹാര സഹായ പദ്ധതികളിൽ കേരളത്തിന്റെ തനത് പോഷകാഹാരമായ ചക്കപ്പൊടി കൂടി ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കും.

# ഭാഗം – III

249. സർ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതം മുൻവർഷത്തെ 30,370 കോടി രൂപയിൽ നിന്നും 32,500 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ആകെ പദ്ധതി അടങ്കൽ 41653.71 കോടി രൂപയാണ്. കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ സാഹചര്യത്തിലും സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഇത്രയും വർദ്ധനവ് വരുത്താൻ കഴിഞ്ഞതിൽ വളരെ സന്തോഷവും അഭിമാനവുമുണ്ട്. വാർഷിക പദ്ധതി അടങ്കലിലെ വർദ്ധനവിന്റെ ഗുണഫലം എല്ലാ മേഖലകൾക്കും ഉറപ്പുവരുത്തുവാനും അതോടൊപ്പം പുതിയ പദ്ധതികൾ ഏറ്റെടുക്കുവാനും സർക്കാരിന് കരുത്ത് നല്കും.

**കൃഷി**

250. സർ, കേരളത്തിലെ കാർഷിക മേഖല കഴിഞ്ഞ 3 വർഷമായി മെച്ചപ്പെട്ട വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാർഷിക മേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 2015-16-ൽ 6.28 ലക്ഷം ടൺ ആയിരുന്നത് 2023-24-ൽ 17.2 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

251. കാർഷിക മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷം 727.40 കോടി രൂപ

**വകയിരുത്തുന്നു. കേന്ദ്ര സഹായമായി 115.50 കോടി രൂപ പ്രതീക്ഷിക്കുന്നു.**

252. **വിള പരിപാലന മേഖലയ്ക്കായി 535.90 കോടി രൂപ വകയിരുത്തുന്നു.**

253. സമഗ്രമായ ഒരു നെല്ല് വികസന പദ്ധതി അടുത്ത വർഷം സർക്കാർ കൊണ്ടുവരും. **നെല്ല് വികസന പദ്ധതിക്കായി വിവിധ പദ്ധതികൾ സംയോജിപ്പിച്ച് കൊണ്ട് 150 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ സുസ്ഥിര നെൽകൃഷി വികസനത്തിന് ഉൽപ്പാദനോപാദികൾക്കുള്ള സഹായമായി ഹെക്ടറിന് 5500 രൂപ, നെൽവയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിന് ഹെക്ടറിന് 3000 രൂപ എന്നീ നിരക്കുകളിൽ റോയൽറ്റി നൽകുന്നതിനുള്ള 80 കോടി രൂപയും ഉൾപ്പെടുന്നു.

254. **കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പദ്ധതിക്കൾക്കായി 43 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ പുതിയ പദ്ധതികൾക്കായി 21 കോടി രൂപ നീക്കിവയ്ക്കുന്നു.

255. സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്ക് 78.45 കോടി രൂപ വകയിരുത്തുന്നു. **VFPCK മുഖേന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായുള്ള 18 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.**

256. **നാളികേര വികസനത്തിനായി 73 കോടി രൂപ വകയിരുത്തുന്നു.**

257. സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിയ്ക്കായുള്ള വകയിരുത്തൽ 4.60 കോടി രൂപയിൽ നിന്നും 7.60 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

258. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിനായി ആകെ 18.92 കോടി രൂപ വകയിരുത്തുന്നു.

259. **സർ, കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്' ആക്കാൻ വിഭാവനം ചെയ്യുന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. സാങ്കേതിക വിദ്യാധിഷ്ഠിതമായ കൃഷിയ്ക്കായുള്ള സഹകരണ സംരംഭം (CITA) എന്ന സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി 30 കോടി രൂപ വകയിരുത്തുന്നു.**

260. പാലക്കാട് ചിറ്റൂർ പെരുമാട്ടി അഗ്രോ ഇന്നവേഷൻ പാർക്കിന് 1 കോടി രൂപ അനുവദിക്കുന്നു.

261. കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിന് 14.89 കോടി രൂപ വകയിരുത്തുന്നു.

262. ഫാം യന്ത്രവൽക്കരണ പ്രവർത്തനങ്ങളിലൂടെ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

263. **പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനാശത്തിനു നൽകി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ സർക്കാർ വിഹിതമായി 33.14 കോടി രൂപ വകയിരുത്തുന്നു.**

264. കാർഷിക വിപണനം, സംഭരണം, വെയർ ഹൗസിംഗ്, മറ്റ് കാർഷിക പരിപാടികൾ എന്നിവയ്ക്കായി ആകെ 157.31 കോടി രൂപ വകയിരുത്തുന്നു.

265. **കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണക്കായി 43.90 കോടി രൂപയും** വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും ഉറപ്പു വരുത്തുക, കർഷക ഉല്പാദക സംഘടനകളെ നവീകരിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ഉദ്യമങ്ങൾക്കായി 8 കോടി രൂപയും വകയിരുത്തുന്നു.

266. **കാലാവസ്ഥാ വ്യതിയാനം ചെറുത്തുകൊണ്ടും ദ്വിതീയ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുമുള്ള സമഗ്ര കാർഷിക വികസനത്തിന് 2365.5 കോടി രൂപയുടെ പ്രത്യേക പദ്ധതിക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചു. ഈ വർഷം കേര പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തുന്നു.**

**മണ്ണ്-ജല സംരക്ഷണം**

267. **സർ, മണ്ണ് ജല സംരക്ഷണ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ആകെ അടങ്കൽ തുകയായി 77.99 കോടി രൂപ വകയിരുത്തുന്നു.**

268. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന് 13.30 കോടി രൂപ വകയിരുത്തുന്നു.

269. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ സൂക്ഷ്മ നീർത്തട പദ്ധതികൾ നബാർഡ് വായ്പയോടെ നടപ്പിലാക്കുന്നതിന് 4 കോടി രൂപ വകയിരുത്തുന്നു.

270. കേരളത്തിലെ വിവിധ ജില്ലകളിലെ വിവിധ പാടശേഖരങ്ങളുടെ ഭൂവികസന പ്രവർത്തനങ്ങളും വിവിധ കുളങ്ങളുടെ നവീകരണവും എന്ന നബാർഡ് വായ്പാ പദ്ധതിയ്ക്കായി 25 കോടി രൂപ വകയിരുത്തുന്നു.

**മൃഗ സംരക്ഷണം**

271. **2025-26 സാമ്പത്തിക വർഷം മൃഗസംരക്ഷണ മേഖലയ്ക്കായി വകയിരുത്തുന്ന ആകെ പദ്ധതി വിഹിതം 317.90 കോടി രൂപയാണ്. ഇതിൽ 159.63 കോടി രൂപ മൃഗ സംരക്ഷണ വകുപ്പിനുള്ളതാണ്. 30 കോടി രൂപ നബാർഡ്-RIDF വായ്പയും 9 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതവുമാണ്.**

272. മൃഗചികിത്സാ സേവനങ്ങളുടെ ഭാഗമായി വെറ്ററിനറി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് 9 കോടി രൂപ അധികമായി ഉൾപ്പെടുത്തി ആകെ പദ്ധതി വിഹിതം 41.18 കോടി രൂപയായി ഉയർത്തുന്നു.

273. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ പദ്ധതിയ്ക്കായി 9.20 കോടി രൂപ വകയിരുത്തുന്നു.

274. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിക്ക് 6 കോടി രൂപ അധികമായി ഉൾപ്പെടുത്തി ആകെ പദ്ധതി വിഹിതം 48.50 കോടി രൂപയായി ഉയർത്തുന്നു.

275. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് 32.46 കോടി രൂപ വകയിരുത്തുന്നു. നബാർഡ്-RIDF വായ്പയോടെ ഡയറി പാർക്ക് സ്ഥാപിക്കുന്നതിനുള്ള 2 കോടി രൂപയും ഇതിലുൾപ്പെടുന്നു.

276. ഗുണനിലവാരമുള്ള മാംസ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് 17.14 കോടി രൂപ വകയിരുത്തുന്നു.

277. കേരളത്തിൽ വർദ്ധിച്ചുവരുന്ന തെരുവുനായ ആക്രമണം തടയാൻ മൃഗസംരക്ഷണവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി കർമ്മ പരിപാടി തയ്യാറാക്കും. പോർട്ടബിൾ ABC സെന്ററുകൾ സ്ഥാപിച്ച് തെരുവുനായകളുടെ വന്ധ്യംകരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ ആരായും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

**ക്ഷീര വികസനം**

278. മലപ്പുറം മൂർക്കനാട് മിൽമ പാൽപ്പൊടി ഫാക്ടറി-ക്ഷീര വികസന വകുപ്പിന്റെയും മിൽമയുടെയും നേതൃത്വത്തിൽ നബാർഡ് വായ്പ കൂടി വിനിയോഗിച്ച് 131 കോടി രൂപ മുതൽ മുടക്കി ഈ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ

**സഹകരണ മേഖലയിലെ ഏക പാൽപ്പൊടി നിർമ്മാണ യൂണിറ്റ്** ആണ് ഇത്.

279. ക്ഷീര വികസന മേഖലയ്ക്കായി 2025-26 വർഷത്തിൽ 120.93 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെക്കാൾ 11.68 കോടി രൂപ അധികമാണ്.

280. നെട്ടുകാൽത്തേരിയിൽ **പുതിയ കാലിത്തീറ്റ ഫാം** സ്ഥാപിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

281. **കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ ഒരു ഗ്ലോബൽ ഡയറി വില്ലേജ്** സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിക്ക് മൂന്ന് ഘട്ടങ്ങളിലായി മൊത്തം 130 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2025-26 ൽ ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**മത്സ്യ ബന്ധനം**

282. 2024 -ലെ ലോക ഫിഷറീസ് ദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തെ രാജ്യത്തിലെ മികച്ച മറൈൻ സ്റ്റേറ്റായും കൊല്ലം ജില്ലയെ മികച്ച മറൈൻ ജില്ലയായും അംഗീകരിച്ചിരുന്നു.

283. സർ, സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി ഒരു തീരദേശ പാക്കേജ് അനുവദിക്കും. ഈ വർഷം ഇതിനായി 75 കോടി രൂപ വകയിരുത്തുന്നു.

284. 55.17 കോടി രൂപ ചെലവ് വരുന്ന കോഴിക്കോട് സെൻട്രൽ ഫിഷ് മാർക്കറ്റിന്റെയും 48.24 കോടി രൂപ ചെലവ് വരുന്ന ആലുവ ഫിഷ് മാർക്കറ്റിന്റെയും നവീകരണ പ്രവർത്തനങ്ങൾ നടന്ന് വരുകയാണ്.

285. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാസറഗോഡ്, പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ 2025 മാർച്ച് മാസത്തോടു കൂടിയും മുതലപ്പൊഴി ഹാർബർ 2026 ഡിസംബറിലും പൂർത്തിയാകുന്നതാണ്.

286. ഈ വർഷവും മത്സ്യബന്ധന മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി മത്സ്യ ബന്ധന മേഖലയുടെ വിഹിതം 295.12 കോടി രൂപയായി ഉയർത്തുന്നു. ഇതിൽ സംസ്ഥാന ഫിഷറീസ് വകുപ്പിനുള്ള 163.31 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുള്ള 35.31 കോടി രൂപയും കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്കുള്ള 35.50 കോടി രൂപയും ഉൾപ്പെടുന്നു. കേന്ദ്ര സഹായമായി 61 കോടി രൂപ പ്രതീക്ഷിക്കുന്നു.

287. കടലോര മത്സ്യബന്ധനം എന്ന ബൃഹത് പദ്ധതിയ്ക്കായി 41.10 കോടി രൂപയും ഉൾനാടൻ മത്സ്യബന്ധന പദ്ധതികൾക്കായി 80.91 കോടി രൂപയും വകയിരുത്തുന്നു.

288. അക്വാകൾച്ചർ രംഗത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 67.50 കോടി രൂപ വകയിരുത്തുന്നു.

**തീരദേശ വികസനം**

289. **തീരദേശ വികസന പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷം ആകെ 176.98 കോടി രൂപ വകയിരുത്തുന്നു. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ-മാനവശേഷി വികസന പദ്ധതികൾക്കായി 139 കോടി രൂപ വകയിരുത്തുന്നു.**

290. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിനും മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായും 9 കോടി രൂപ അധികമായി വകയിരുത്തുന്നു. അതുവഴി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനത്തിനുമുള്ള പദ്ധതി വിഹിതം 49 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

291. കൊല്ലം നീണ്ടകരയിൽ യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് ആന്റ് നെറ്റ് ഫാക്ടറി ആരംഭിക്കുന്നതിനായി 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

**പുനർഗേഹം**

292. **ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും 250 കോടി രൂപയും ബജറ്റ് വിഹിതമായ**

**178.10 കോടി രൂപയും ഉൾപ്പെടെ നാളിതുവരെയായി ആകെ 428.10 കോടി രൂപ പുനർഗേഹം പദ്ധതിയുടെ നിർവഹണത്തിനായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് കീഴിൽ 2428 വ്യക്തിഗത ഭവനങ്ങളുടെയും 390 ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ആകെ 2818 കുടുംബങ്ങളെ ഇതിനോടകം തന്നെ പുനരധിവസിപ്പിച്ചിട്ടുണ്ട്.**

293. പുനർഗേഹം പദ്ധതിയ്ക്ക് 20 കോടി രൂപ അധികമായി വകയിരുത്തുന്നു, അതുവഴി പദ്ധതി വിഹിതം 60 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

294. മത്സ്യത്തൊഴിലാളികളുടെ പഴയതും ക്ഷയിച്ചതുമായ വീടുകൾ അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായി പുതിയ പദ്ധതി ആരംഭിക്കുന്നു. 2025-26 ൽ ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

295. 2.36 ലക്ഷത്തിൽപ്പരം മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല**

296. കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ സർക്കാർ അനുവദിച്ചു നൽകിയ 5.0935 ഹെക്ടർ ഭൂമിയിൽ പുതിയ ഫിഷറീസ് കോളേജ് പ്രവർത്തനമാരംഭിച്ചു.

297. കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയുടെ ശാക്തീകരണത്തിനും

ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കുമായി ആകെ 35.50 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 2 കോടി രൂപ അധികമാണ്.

**മത്സ്യബന്ധന തുറമുഖങ്ങൾ**

298. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയുടെ സംസ്ഥാന വിഹിതമായി 40 കോടി രൂപ വകയിരുത്തുന്നു.

299. നിലവിലുള്ള ഫിഷറീസ് ഹാർബറുകളുടെ നവീകരണം, തീരദേശ പാലങ്ങൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം എന്നിവ നബാർഡ് വായ്പയോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

**വനവും വന്യജീവി സംരക്ഷണവും**

300. **സർ, വനവും വന്യജീവി സംരക്ഷണവും എന്ന മേഖലയ്ക്കായി 2025-26 സാമ്പത്തിക വർഷം ആകെ 305.61 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 27.55 കോടി രൂപ അധികമാണ്. കേന്ദ്ര സഹായമായി 45.47 കോടി രൂപ പ്രതീക്ഷിക്കുന്നു. ജലസുരക്ഷ മെച്ചപ്പെടുത്തുക, മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുക, വനമേഖലയെ ആശ്രയിച്ചു കഴിയുന്ന വിഭാഗങ്ങളുടെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുക, കാലവസ്ഥാ വ്യതിയാനങ്ങൾക്കെതിരെയുള്ള കവചമായി വനങ്ങളെ നിലനിർത്തിക്കൊണ്ട് വനങ്ങളുടെ സുസ്ഥിര പരിപാലനം**

**ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് വനവും വന്യജീവി സംരക്ഷണവും എന്ന മേഖലയിൽ 2025-26 വർഷം ഊന്നൽ നൽകുന്നത്.**

301. മനുഷ്യ-വന്യമൃഗ സംഘർഷ സംബന്ധമായ വിവരങ്ങൾ യഥാസമയം ശേഖരിച്ച് വേണ്ട നിർദ്ദേശങ്ങൾ ഫീൽഡ് തലത്തിൽ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതല കൺട്രോൾ റൂം (SEOC) വനം ആസ്ഥാനത്തും ഡിവിഷൻ തലത്തിൽ 36 DEOC -കളിലും രൂപീകരിച്ചു.

302. മനുഷ്യ-വന്യ ജീവി സംഘർഷങ്ങൾ ലഘൂകരിച്ച് അതിവേഗം പരിഹരിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 48.85 കോടിയാണ് വകയിരുത്തിയിരുന്നത്. ഇത് 21.55 കോടി വർദ്ധിപ്പിച്ച് 70.40 കോടിയാക്കി ഉയർത്തുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള സഹായമായി 2011-16 കാലയളവിൽ 39.52 കോടി രൂപയാണ് വിതരണം ചെയ്തതെങ്കിൽ 2016-21 കാലയളവിൽ 91.36 കോടി രൂപ വിതരണം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 129.51 കോടി രൂപ ഈ ഇനത്തിൽ സഹായമായി വിതരണം ചെയ്തിട്ടുണ്ട്.

303. നിലവിൽ പ്രവർത്തിച്ച് വരുന്ന 19 ദ്രുത കർമ്മസേനകൾക്ക് പുറമേ ഒമ്പത് ഫോറസ്റ്റ് ഡിവിഷനുകളിൽ കൂടി പുതിയ ദ്രുതകർമ്മ സേനകൾ

രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടുകൂടി RRTകളുടെ ആകെ എണ്ണം 28 ആയിട്ടുണ്ട്

304. വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 500 പേർക്ക് പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ച് പി.എസ്.സി മുഖേന 2023 വർഷത്തിൽ നിയമനം നൽകിയിട്ടുണ്ട്.

305. പ്രവർത്തനക്ഷമമല്ലാത്ത ഫെൻസിംഗുകൾ അടിയന്തിര പ്രാധാന്യത്തോടെ പ്രവർത്തന ക്ഷമമാക്കുന്നതിന് "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന പദ്ധതി സംസ്ഥാനമാകെ നടപ്പിലാക്കിയിട്ടുണ്ട്.

306. സംസ്ഥാനത്ത് പാമ്പ് കടിയേറ്റുള്ള മരണങ്ങൾ അടുത്ത 5 വർഷം കൊണ്ട് പൂർണ്ണമായും ഇല്ലാതാക്കാൻ "പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം" എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

307. വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾ, വന്യജീവി ആക്രമണങ്ങൾ ഇല്ലാതാക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട വനസംരക്ഷണ പദ്ധതിക്ക് 25 കോടി രൂപ വകയിരുത്തുന്നു.

308. വനസംരക്ഷണ പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 50.30 കോടി രൂപ വകയിരുത്തുന്നു.

309. പ്രോജക്ട് എലിഫന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് ആന സങ്കേതങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 3.50 കോടി രൂപ വകയിരുത്തുന്നു. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിനായി 2 കോടി രൂപ വകയിരുത്തുന്നു.

**ഗ്രാമവികസനം**

310. ഗ്രാമവികസന മേഖലയ്ക്കായി 2025-26 ൽ 7098.74 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 598.75 കോടി രൂപ അധികമാണ്.

311. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ശരാശരി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പരിശ്രമം നടത്തുകയും 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും വഴി 3875.76 കോടി രൂപ വേതനമായി ലഭ്യമാക്കുകയുമാണ് 2025-26 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നത്.

312. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 80 കോടി രൂപ വകയിരുത്തുന്നു. 120 കോടി രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

313. PMGSY പദ്ധതിക്കു വേണ്ടിയുള്ള സംസ്ഥാന വിഹിതത്തിനു പുറമേ ടെൻഡർ എക്സസ്, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ഗുണനിലവാര പരിശോധന,

അറ്റകുറ്റപണികൾ, PMGSY I, II -ലും ശേഷിക്കുന്ന റോഡുകളുടെ പൂർത്തീകരണ ചെലവുകൾക്കുമായി 23.60 കോടി രൂപ വകയിരുത്തുന്നു.

314. നിലവിൽ ഇൻഫർമേഷൻ സെന്ററുകളില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ ഇവ സ്ഥാപിക്കുന്ന തിനായി 2 കോടി രൂപ വകയിരുത്തുന്നു.

315. **2025 നവംബർ 1 ആകുമ്പോഴേക്കും അതിദരിദ്രരില്ലാത്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാനുള്ള ഊർജിതമായ പ്രവർത്തനത്തിന്റെ ഭാഗമായി, സർവേയിലൂടെ കണ്ടെത്തിയ 64006 കുടുംബങ്ങളിൽ ഇതിനകം 44539 കുടുംബങ്ങളെ (69.59 ശതമാനം) അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു. ഇനി 11814 കുടുംബങ്ങളെക്കൂടി ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റും. ഗ്യാപ് ഫണ്ട് നല്കുന്നതിനായി 60 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 10 കോടി രൂപ അധികമാണ്.**

316. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ്പ് കേരള മിഷൻ) 4000-ത്തിലധികം കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പദ്ധതിക്കായി 20.20 കോടി രൂപ വകയിരുത്തുന്നു.

**തദ്ദേശ ഭരണം**

317. സർ, എറണാകുളം നഗരത്തിലെ വെള്ളക്കെട്ട് പരിഹരി ക്കുന്നതിനുള്ള ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയ്ക്ക് 10 കോടി രൂപ വകയിരുത്തുന്നു.

318. LSGD കോംപ്ലക്സിന് ഭൂമിവാങ്ങുന്നതിനും നിർമ്മാണത്തിനുമായി 3 കോടി രൂപ വകയിരുത്തുന്നു.

319. കുടുംബശ്രീ മിഷൻ നോഡൽ ഏജൻസിയായി നടപ്പിലാക്കുന്ന ദീൻ ദയാൽ അന്ത്യോദയ യോജന  ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിക്കും അതിന്റെ ഉപപദ്ധതികൾക്കുമുള്ള സംസ്ഥാന വിഹിതമായി 56 കോടി രൂപ വകയിരുത്തുന്നു. 84 കോടി രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**കുടുംബശ്രീ മിഷൻ**

320. കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭങ്ങൾ, പ്രാദേശിക സാമ്പത്തിക വികസനം, മൈക്രോ ഫിനാൻസ്, കാർഷിക, മൃഗ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി 270 കോടി രൂപ വകയിരുത്തുന്നു.

321. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കില) പരിശീലന പരിപാടികൾ ശക്തിപ്പെടുത്തുന്നതിനുള്ള വിഹിതം 28 കോടി രൂപയിൽ നിന്നും 29.32 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

322. കേരള സർക്കാരിന്റെ ഇ-ഗവേർണൻസ് പദ്ധതിയായ ഇൻഫർമേഷൻ കേരള മിഷൻ -ന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 9 കോടി രൂപ വകയിരുത്തുന്നു.

323. സ്വച്ഛ്ഭാരത് മിഷൻ പദ്ധതിക്ക് സംസ്ഥാന വിഹിതമായി 7.50 കോടി രൂപ വകയിരുത്തുന്നു.

കേന്ദ്ര വിഹിതമായി 11.25 കോടി രൂപയും പ്രതീക്ഷിക്കുന്നു.

324. വിവിധ ഏജൻസികളുടെ ഏകോപനത്തോടെ മാലിന്യമുക്തം നവകേരളമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ശുചിത്വകേരളം പദ്ധതികൾക്കുള്ള വിഹിതം 2024-25 ലെ 25 കോടി രൂപയിൽ നിന്നും 30 കോടി രൂപയായി ഉയർത്തുന്നു.

325. വയനാട് ജില്ലയുടെ സുസ്ഥിര വികസനത്തിനായി ആരംഭിച്ച പദ്ധതിയാണ് വയനാട് പാക്കേജ്. 2025-26 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അധികമായി ഉൾപ്പെടുത്തി ആകെ 85 കോടി രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തുന്നു.

**സഹകരണം**

326. തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലായി 21.72 കോടി രൂപ വകയിരുത്തുന്നു.

327. പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങളുടെ കാര്യക്ഷമത ഉയർത്തി അവയെ ലാഭകരമാക്കി മാറ്റുന്നതിന് 7 കോടി രൂപ വകയിരുത്തുന്നു.

328. കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതി

നായി **പുതിയ പദ്ധതിക്കായി 7.50 കോടി രൂപ വകയിരുത്തുന്നു.**

329. വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായി 10 കോടി രൂപ വകയിരുത്തുന്നു.

330. റബ്കോയുടെ നവീകരണം പ്രവർത്തനമൂലധനം എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും**

331. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും എന്ന മേഖലയ്ക്കായി 2025-26 സാമ്പത്തിക വർഷം ആകെ അടങ്കൽ തുകയായി 609.85 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 21 കോടി രൂപ അധികമാണ്.

**വൻകിട ഇടത്തരം ജലസേചനം**

332. വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് 239.32 കോടി രൂപയും ചെറുകിട ജലസേചനത്തിന് 190.96 കോടി രൂപയും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ സംരക്ഷണത്തിനുമായി 178.07 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

333. കാഡാ കനാലുകളുടെയും ഫീൽഡ്ചാനലുകളുടെയും ഡ്രെയിനുകളുടേയും നവീകരണത്തിന് 14.10 കോടി രൂപ വകയിരുത്തുന്നു.

334. 27.25 കി.മീ ദൈർഘ്യമുള്ള ഒരു ലോവർ ലെവൽ കനാലും 7.58 കി.മീ ദൈർഘ്യമുള്ള ഒരു ലിങ്ക് കനാലും നിർമ്മിച്ചുകൊണ്ടും മെയിൻ കനാൽ രണ്ടായി തിരിച്ചും നടപ്പിലാക്കുന്ന ഇടമലയാർ ജലസേചന പദ്ധതിക്ക് 30 കോടി രൂപ വകയിരുത്തുന്നു.

335. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്കായി 10 കോടി രൂപയും കാരാപ്പുഴ ജലസേചന പദ്ധതിക്കായി 27 കോടി രൂപയും വകയിരുത്തുന്നു. കല്ലട ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ വകയിരുത്തുന്നു.

336. കാവേരി നദീതട പദ്ധതികൾക്കായി 77.22 കോടി രൂപ വകയിരുത്തുന്നു.

337. 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ലക്ഷ്യമിടുന്ന ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ബാക്കിയുള്ള പ്രവൃത്തികൾക്കായി RIDF ന് വിശദമായ പദ്ധതി രേഖ സമർപ്പിക്കുന്നതാണ്. പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു.

338. ചെങ്ങളാർ പദ്ധതിയുടെ കീഴിലുള്ള പട്ടിശ്ശേരി ഡാമിന്റെയും കനാൽ ശൃംഖലകളുടെയും പൂർത്തീകരണത്തിനായുള്ള പട്ടിശ്ശേരി പദ്ധതിയ്ക്ക് 3 കോടി രൂപ അധികമായി വകയിരുത്തി വിഹിതം 17 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

339. ഡാം പുനരുദ്ധാരണവും വികസനവും പദ്ധതി - ഡ്രിപ്പ് രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 30 കോടി രൂപ വകയിരുത്തുന്നു.

340. കുറ്റ്യാടി ജലസേചനപദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്കായി 5 കോടി രൂപയും ചിറ്റൂർപ്പുഴ ജലസേചന പദ്ധതി കനാലുകളുടെ നവീകരണ ത്തിനായി 12 കോടി രൂപയും വകയിരുത്തുന്നു.

341. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെയും ശാഖാ കനാലിന്റേയും വിതരണ ശൃംഖലയുടേയും നവീകരണ പദ്ധതിക്ക് 13 കോടി രൂപ വകയിരുത്തുന്നു.

342. **കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി** നവീകരണത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു.

343. വെള്ളപ്പൊക്കത്തിന് പരിഹാരമായി അധികജലം തോട്ടപ്പള്ളി സ്പിൽവേയിലൂടെ കടലിലേക്ക് ഒഴുക്കി വിടുന്ന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

344. മീനച്ചിൽ നദീ തടത്തിൽ റഗുലേറ്ററോടൊപ്പം 1.20 ക്യൂബിക് മീറ്റർ സംഭരണ ശേഷിയുള്ള ചെറിയ ഡാം നിർമ്മിക്കുന്നത് വഴി 9 കി.മീ. നീളത്തിൽ വെള്ളം സംഭരിക്കാനും, കാർഷിക മേഖലയുടെ വികസന ത്തിനും സഹായകരമാകുന്നതാണ്. പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരത്ത് 75 മീ. നീളത്തിൽ റഗുലേറ്റർ കം ബ്രിഡ്ജോടുകൂടിയ ചെറിയ

ഡാം നിർമ്മിക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു.

345. വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനായി അരൂർ മേഖലയിൽ ഉൾപ്പെടെയുള്ള വേമ്പനാട് കായലിന്റെ ഭാഗങ്ങൾ ആഴം കൂട്ടുന്നതിന് മണ്ണ് നീക്കാൻ അനുമതി നൽകും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ചെറുകിട ജലസേചനം**

346. ചെറുകിട ജലസേചനം മേഖലയ്ക്ക് 192.46 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 27.68 കോടി രൂപ അധികമാണ്.

347. സംസ്ഥാനത്തിന്റെ ഭൂഗർഭ ജലലഭ്യത നിർണ്ണയിക്കുന്നതിനും, ഭൂഗർഭജല വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിക്കായി 22 കോടി രൂപ വകയിരുത്തുന്നു.

348. **പുതിയ സൂക്ഷ്മ ജലസേചന പദ്ധതിയ്ക്കായി** 30.68 കോടി രൂപ വകയിരുത്തുന്നു.

349. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 17 കോടി രൂപയും ചെറുകിട ജലസേചനം ക്ലാസ് -I പദ്ധതിക്ക് 71.10 കോടി രൂപയും ചെറുകിട ജലസേചനം ക്ലാസ് -II പദ്ധതിക്ക് 22.50 കോടി രൂപയും വകയിരുത്തുന്നു.

350. കുട്ടനാട്ടിൽ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്കായി നബാർഡ് (RIDF) വായ്പ കൂടി ലഭ്യമാക്കി

നടപ്പിലാക്കുന്ന പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നു.

351. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിനായുള്ള വിവിധ പ്രവൃത്തികൾക്കായി 57 കോടി രൂപ വകയിരുത്തുന്നു.

352. ജലസേചന വകുപ്പിനു കീഴിൽ വിവിധ തീരദേശ സംരക്ഷണ പ്രവൃത്തികൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.

**ഊർജ്ജം**

353. **സർ, ആഭ്യന്തര വൈദ്യുത ഉൽപാദനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1306.238 മെഗാവാട്ടിന്റെ വർദ്ധനവുണ്ടായി. ഇതിൽ ജലവൈദ്യുത പദ്ധതികൾ വഴി 148.55 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങൾ വഴി 1157.688 മെഗാവാട്ടും ആണ് വർദ്ധിച്ചത്. 40 മെഗാവാട്ട് ശേഷിയുള്ള തൊട്ടിയാർ ജലവൈദ്യുത പദ്ധതിയും 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ വിപുലീകരണവും പൂർത്തിയാക്കി.**

354. **കെ.എസ്.ഇ.ബി. മുഖേന സൗര പദ്ധതിയിലൂടെ 49530 പുരപ്പുറങ്ങളിലായി 229.528 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയങ്ങൾ പൂർത്തിയാക്കി.**

355. ഊർജ്ജ മേഖലയ്ക്കായി ആകെ 1156.76 കോടി രൂപ വകയിരുത്തുന്നു.

356. വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പമ്പ്സ് ആന്റ് സ്റ്റോറേജ് പദ്ധതികൾ വിപുലമായും സമയബന്ധിതമായും നടപ്പിലാക്കും. ഇതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ 100 കോടി രൂപ അധികമായി വകയിരുത്തുന്നു.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

357. 2025-26 -ൽ കെ.എസ്.ഇ.ബി. -യ്ക്കായി 1088.80 കോടി രൂപ വകയിരുത്തുന്നു,

358. ജലസേചന വകുപ്പിന്റെ പഴശ്ശി ഇറിഗേഷൻ ബാരേജിൽ നടപ്പാക്കുന്ന പഴശ്ശി സാഗർ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തുന്നു.

359. മാരിപ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതിക്കായി 2 കോടി രൂപയും ഇതിനു പുറമേ മറ്റ് ചെറുകിട ജല വൈദ്യുത പദ്ധതികൾക്കായി 12 കോടി രൂപയും വകയിരുത്തുന്നു. സാധ്യമായ ഇടങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കും.

360. പ്രസരണ ശൃംഖലകൾക്കായി 370 കോടി രൂപ വകയിരുത്തുന്നു. ജല വൈദ്യുത നിലയങ്ങളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 20 കോടി രൂപ വകയിരുത്തുന്നു.

361. വാണിജ്യ നഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുള്ള ‘ദ്യുതി’ പദ്ധതിക്കായി 430 കോടി രൂപ വകയിരുത്തുന്നു.

362. പകൽ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി സംഭരിച്ച് രാത്രി ലഭ്യമാക്കുന്നതാണ് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BES). സംസ്ഥാനത്തിന് അനുവദിച്ച 500 മെഗാവാട്ട് BES കാസർഗോഡ് മൈലാട്ടിയിൽ 2026 ൽ പ്രവർത്തനമാരംഭിക്കും. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BES) - നടപ്പിലാക്കുന്നതിനായി പ്രത്യേകമായി 5 കോടി രൂപ വകയിരുത്തുന്നു.

363. ഊർജ്ജ മേഖലയിൽ നവീന പ്രവർത്തനങ്ങളും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി Innovation Fund and ESCOT (Energy Saving and Co-ordination Team) എന്ന പദ്ധതിക്ക് 41.22 കോടി രൂപ വകയിരുത്തുന്നു.

364. **ANERT നുള്ള 51.10 കോടി രൂപ ഉൾപ്പെടെ പാരമ്പര്യേതര ഊർജ്ജ മേഖലയ്ക്ക് 67.96 കോടി രൂപ വകയിരുത്തുന്നു.**

365. പുനരുപയോഗിക്കാവുന്ന ഊർജ്ജ പദ്ധതികൾ/ പരിപാടികൾക്കായി 31.50 കോടി രൂപ വകയിരുത്തുന്നു. വിദൂര ആദിവാസി ഗ്രാമങ്ങളുടെ വൈദ്യുതിവത്കരണത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

366. പട്ടികവർഗ/ഗോത്ര നഗറുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

367. **ഗ്രീൻ ഹൈഡ്രജൻ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 6.50 കോടി രൂപ വകയിരുത്തുന്നു.**

**വ്യവസായം**

368. വ്യാവസായിക മേഖലയ്ക്കാവശ്യമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി 31 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. സംരംഭ സഹായ പദ്ധതിയിലൂടെ സംബ്സിഡി ഇനത്തിൽ 165 കോടി രൂപ 3193 സംരംഭകർക്ക് വിതരണം ചെയ്യുവാനും സാധിച്ചിട്ടുണ്ട്.

369. **വ്യവസായ മേഖലയ്ക്കാകെ 2025-26 -ൽ 1831.36 കോടി രൂപ വകയിരുത്തുന്നു.**

370. ചെറുകിട വ്യവസായത്തിന് 254.93 കോടി രൂപ വകയിരുത്തുന്നു. ഡെവലപ്മെന്റ് പ്ലോട്ട്/ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 18 കോടി രൂപയും ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണത്തിന് 10 കോടി രൂപയും പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ വ്യവസായ പാർക്കുകകളും പ്രദേശങ്ങളും വികസിപ്പിക്കുന്നതിന് 7.40 കോടി രൂപയും വകയിരുത്തുന്നു.

371. സംസ്ഥാനത്തിന്റെ മരുന്ന് ഉൽപ്പാദന രംഗത്ത് പ്രധാന പങ്ക് വഹിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ആലപ്പുഴ കെ.എസ്.ഡി.പിയിലെ വികസന പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.

372. യോഗ്യരായ സംരംഭകർക്ക്/യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ്പ്, നിക്ഷേപ, സാങ്കേതിക പിന്തുണകൾ നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതിയ്ക്കായി 80 കോടി രൂപ വകയിരുത്തുന്നു.

373. നാനോ സംരംഭങ്ങൾക്ക് മാർജിൻ മണി ഗ്രാന്റായി 17.06 കോടി രൂപ നീക്കിവയ്ക്കുന്നു.

374. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജിനായി 48.01 കോടി രൂപ വകയിരുത്തുന്നു.

375. വയനാട് - 'ക്ലൈമറ്റ് സ്മാർട്ട് കോഫി പ്രോജക്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ ഉൾപ്പെടെ തോട്ടം മേഖലയുടെ ഉന്നമനത്തിനായി 6 കോടി രൂപ വകയിരുത്തുന്നു.

376. വാണിജ്യ മേഖലയുടെ വികസനത്തിനായി 7 കോടി രൂപ വകയിരുത്തുന്നു.

377. കരകൗശല വ്യവസായ മേഖലയ്ക്ക് 4.11 കോടി രൂപ വകയിരുത്തുന്നു.

**ടൂറിസം സുവനീറുകൾ**

378. സർ, ആറന്മുള കണ്ണാടി, കഥകളി രൂപം, തെയ്യം തുടങ്ങി കേരളത്തിന്റെ സവിശേഷ മുദ്രകൾ പേറുന്ന ടൂറിസം സുവനീറുകൾ തയ്യാറാക്കുന്നതിന് കരകൗശല

വികസന കോർപ്പറേഷന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

379. കൈത്തറി യന്ത്രത്തറി മേഖലയ്ക്ക് 56.89 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവയ്ക്കുള്ള സർക്കാർ വിഹിതമായ 5.30 കോടി രൂപയും, ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള 4.50 കോടി രൂപയും, സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കൽ തുടങ്ങിയ പ്രോത്സാഹന വികസന പദ്ധതി കൾക്കായുള്ള 6.95 കോടി രൂപയും, കൈത്തറി യന്ത്രത്തറി മേഖലയിലെ ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കായുള്ള 11.20 കോടി രൂപയും ഉൾപ്പെടുന്നു. കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കാൻ 5 കോടി രൂപ അധികമായി ഉൾപ്പെടുത്തുന്നു.

380. കൈത്തറി മേഖലയിലെ പ്രീമിയം ഉൽപ്പന്ന ങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം എന്ന **പുതിയ പദ്ധതിയ്ക്കായി 5 കോടി രൂപ** വകയിരുത്തുന്നു.

381. **ഹാന്റെക്സിന്റെ പുനരുജ്ജീവനത്തിനായി 20 കോടി രൂപയുടെ പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.**

382. ടെക്സ് ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനുള്ള സമഗ്ര പദ്ധതിയ്ക്കായി 6 കോടി രൂപ വകയിരുത്തുന്നു.

383. കൈത്തറി സഹകരണ സംഘങ്ങൾക്ക് 3 കോടി രൂപ വകയിരുത്തുന്നു.

384. കയർ മേഖലയ്ക്ക് ആകെ 107.64 കോടി രൂപ വകയിരുത്തുന്നു.

385. കയർ വ്യവസായത്തിലെ യന്ത്രവൽക്കരണത്തിനും നിയന്ത്രിത യന്ത്രവൽക്കരണത്തിനും പശ്ചാത്തല വികസനത്തിനുമായി 22 കോടി രൂപയും കയർ ഉൽപ്പന്നങ്ങളുടെയും ചകിരിയുടെയും വില സ്ഥിരത ഉറപ്പാക്കുന്നതിനായി 38 കോടി രൂപയും വകയിരുത്തുന്നു. വലിയ വാണിജ്യ സാധ്യത ഉണ്ടായിട്ടുള്ള ചകിരിച്ചോറ് വ്യവസായ വികസന പദ്ധതിക്ക് 5 കോടി രൂപ അധികമായി ഉൾപ്പെടുത്തുന്നു.

386. കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവന പദ്ധതിയ്ക്കായി 13.50 കോടി രൂപ നീക്കിവയ്ക്കുന്നു.

387. ഖാദിഗ്രാമ വ്യവസായ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 15.70 കോടി രൂപ വകയിരുത്തുന്നു.

388. കശുവണ്ടി മേഖലയ്ക്ക് 53.36 കോടി രൂപ നീക്കിവയ്ക്കുന്നു. അതിൽ 3.05 കോടി രൂപ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും 3 കോടി രൂപ കാപെക്സിനും 6.31 കോടി രൂപ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന

ഏജൻസിക്കും 41 കോടി രൂപ കേരള കാഷ്യൂ ബോർഡിനും ഉള്ളതാണ്.

389. കശുവണ്ടി മേഖല പുനരുജ്ജീവന ഫണ്ടായി 30 കോടി രൂപ അനുവദിക്കുന്നു. ഉല്പാദന വൈവിദ്ധ്യവൽക്കരണത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

390. സ്വകാര്യ മേഖലയിലെ കശുവണ്ടി തൊഴിലാളികൾക്ക് സ്ത്രീ സൗഹൃദമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്ന പദ്ധതിയ്ക്കായി 2 കോടി രൂപയും വായ്പകൾക്കുള്ള ഇന്ററസ്റ്റ് സബ്ച് വെൻഷൻ, മൂലധന ഗ്രാന്റ് എന്നിവയിലൂടെ ചെറുകിട ഇടത്തര കശുവണ്ടി ഫാക്ടറികളുടെ പുനരുജ്ജീവനത്തിനായി 2 കോടി രൂപയും വകയിരുത്തുന്നു.

391. ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് വേണ്ടി 795.09 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 22 കോടി രൂപ അധികമാണ്.

392. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന് ആകെ 127.50 കോടി രൂപ വകയിരുത്തുന്നു.

393. ദേശീയ/അന്തർദേശീയ മൾട്ടി സെക്ടറൽ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനായുള്ള പ്രത്യേക പരിപാടികൾ കെ.എസ്.ഐ.ഡി.സി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി യ്ക്ക് 6 കോടി രൂപ നീക്കിവയ്ക്കുന്നു.

394. KSIDC വ്യവസായ പാർക്കുകൾക്ക് 11.50 കോടി രൂപയും വ്യവസായ വളർച്ചാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 10.68 കോടി രൂപയും വകയിരുത്തുന്നു.

395. കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ് (KCCL)-ന്റെ ഉടമസ്ഥതയിൽ കൊച്ചിയിലുള്ള ഭൂമിയിൽ മാരിടൈം ക്ലസ്റ്റർ പ്രോജക്ട് ആരംഭിക്കുന്നതിനായി 4 കോടി രൂപ വകയിരുത്തുന്നു.

396. ആഗോളതലത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷ മുള്ള കേന്ദ്രമായി കേരളത്തെ ഉയർത്താൻ വിഭാവനം ചെയ്യുന്ന പദ്ധതിയ്ക്കായി 22 കോടി രൂപ വകയിരുത്തുന്നു.

397. MSME-കളെയും സ്റ്റാർട്ടപ്പുകളെയും സ്വയം പര്യാപ്ത മാക്കുവാനും ശാക്തീകരിക്കുവാനുമുള്ള മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയ്ക്കായി 9 കോടി രൂപ വകയിരുത്തുന്നു.

398. **പ്രതിസന്ധിയിലകപ്പെട്ട പീഢിത വ്യവസായങ്ങൾക്കുള്ള പുനരുജ്ജീവനം എന്ന പുതിയ പദ്ധതിയ്ക്കായി 4 കോടി രൂപ വകയിരുത്തുന്നു.**

399. സുസ്ഥിര വ്യവസായ പ്രോത്സാഹന പദ്ധതിയ്ക്കായി 15 കോടി രൂപ വകയിരുത്തുന്നു.

400. ലൈഫ് സയൻസ് പാർക്കിന് 16 കോടി രൂപയും മെഡിക്കൽ ഡിവൈസസ് പാർക്കിന് 21.92 കോടി രൂപയും വകയിരുത്തുന്നു.

401. കേരള റബർ ലിമിറ്റഡിന് 9 കോടി രൂപ വകയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

402. KINFRA ഫിലിം ആന്റ് വീഡിയോ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 19.50 കോടി രൂപ ഉൾപ്പെടെ കിൻഫ്രക്ക് 346.31 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 22 കോടി രൂപ അധികമാണ്.

403. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, KEPIP എന്നിവിടങ്ങളിലെ ജലവിതരണ പ്രവൃത്തികൾക്കായി 9 കോടി രൂപ വകയിരുത്തുന്നു.

404. കൊച്ചി പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി 30 കോടി രൂപ വകയിരുത്തുന്നു.

405. പാലക്കാട് KINFRA ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടെക്സ്റ്റയിൽസ് പാർക്കിലെ 12.5 MLD ശേഷിയുള്ള ജല ശുദ്ധീകരണ പ്ലാന്റും, ജല വിതരണ പൈപ്പ് ലൈനും സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപ വകയിരുത്തുന്നു.

406. കിൻഫ്ര മുഖേന കാക്കനാട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന എക്സിബിഷൻ സെന്ററിനായി 20 കോടി രൂപ വകയിരുത്തുന്നു.

407. നിർദ്ദിഷ്ട വിഴിഞ്ഞം വികസന മേഖലയിൽ ആരംഭിക്കുന്ന കൺവെൻഷൻ കം എക്സിബിഷൻ സെന്ററിനായി 20 കോടി രൂപ അനുവദിക്കുന്നു.

408. കൊച്ചി  ബാംഗ്ലൂർ വ്യവസായിക ഇടനാഴിയുടെ ഭാഗമായിട്ടുള്ള കൊച്ചി പാലക്കാട് ഹൈടെക് വ്യവസായിക ഇടനാഴിക്ക് 200 കോടി രൂപ വകയിരുത്തുന്നു.

409. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന ത്തിനായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഉൾപ്പെടെയുള്ള സമഗ്ര സാമ്പത്തിക പുനഃസംഘടനാ പദ്ധതിക്കായി 275.10 കോടി രൂപ വകയിരുത്തുന്നു.

410. കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷന് (കെൽട്രോൺ) കീഴിൽ ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

411. **കൊല്ലം ജില്ലയിൽ ഒരു പുതിയ വ്യവസായ/ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി പ്രാരംഭമായി 5 കോടി രൂപ വകയിരുത്തുന്നു.**

### ധാതുക്കൾ

412. ധാതു മേഖലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ വകയിരുത്തുന്നു.

### വിവരസാങ്കേതിക വിദ്യ

413. **സർ, ഡിജിറ്റൽ വിപ്ലവത്തിൽ കേരളത്തെ ആഗോള നേതൃനിരയിലേക്ക് നയിക്കുക എന്നതാണ് പുതിയ**

**ഐ.ടി. നയത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുംവിധം വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 517.64 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 10.50 കോടി രൂപ അധികമാണ്.**

414. കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ പ്രവർത്തനങ്ങൾക്കായി 134.03 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 16.85 കോടി രൂപ അധികമാണ്.

415. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വൈഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.

416. സൈബർ സുരക്ഷയ്ക്കായുള്ള സെർട്ട് കേരളയുടെ പ്രവർത്തനങ്ങൾക്കായി 9.80 കോടി രൂപ വർദ്ധിപ്പിച്ച് 10.80 കോടി രൂപ വകയിരുത്തുന്നു.

417. സംസ്ഥാനത്തിന്റെ പുതിയ ഐ.റ്റി നയത്തിന് രൂപം നൽകുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. പുതിയ നയത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും മറ്റ് ഐ.ടി.അധിഷ്ഠിത പ്രവർത്തനങ്ങൾക്കുമായി മുൻവർഷത്തേക്കാൾ 20 കോടി രൂപ അധികം വകയിരുത്തുന്നു.

418. IIITM-K-യുടെ പ്രവർത്തനങ്ങൾക്കായി 16.95 കോടി രൂപ വകയിരുത്തുന്നു.

419. **സ്റ്റാർട്ടപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ട്സിലേക്ക് 10 കോടി രൂപ അധികമായി വകയിരുത്തുന്നു.**

**എമേർജിങ് ടെക്നോളജി ഹബ്**

420. കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച എമേർജിങ് ടെക്നോളജി ഹബ്ബിന്റെ തുടർപ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

421. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്കായി 25.81 കോടി രൂപ വകയിരുത്തുന്നു.

422. Centre for Digital Transformation in Culture ന്റെ നിലവിലെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി 80 ലക്ഷം രൂപ വകയിരുത്തുന്നു.

423. ഡിജിറ്റൽ ആർട്സ് സ്കൂൾ കേരളയ്ക്കായി 2 കോടി രൂപയും ഡിജിറ്റൽ മ്യൂസിയം കേരളയ്ക്ക് 3 കോടി രൂപയും വകയിരുത്തുന്നു.

424. **പഠന പ്രവർത്തനങ്ങളിൽ ഓക്സ്ഫോർഡ് സർവ്വകലാശാലയുമായി സഹകരിക്കുന്നതിന് ഡിജിറ്റൽ സർവ്വകലാശാല ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. Oxford University Internal Funding Mechanism (GEMS) മുഖേന – Ph.D സ്കോളർഷിപ്പുകൾ/ഡോക്ടറൽ സ്റ്റുഡന്റ്ഷിപ്പ് എന്നിവ സാധ്യമാണ്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.**

**ഗ്രാഫീൻ അറോറ**

425. ഗ്രാഫീൻ സാങ്കേതികവിദ്യകൾ ഉപഭോക്താക്കൾക്ക് വൻതോതിൽ സ്വീകരിക്കുന്നതിനും വാണിജ്യ വൽക്കരിക്കുന്നതിനും ഉയർന്നുവരുന്ന ഗ്രാഫീൻ ടെക്നോളജി ആൻഡ് ഇന്നൊവേഷൻ ഇക്കോ സിസ്റ്റത്തെ പരിപോഷിപ്പിക്കുന്നതിനായി ഒരു സ്വയംപര്യാപ്തമായ സെക്ഷൻ 8 കമ്പനി സ്ഥാപിക്കുക എന്നതാണ് ഗ്രാഫീൻ അറോറയുടെ പ്രാഥമിക ലക്ഷ്യം. ഈ പദ്ധതിക്കായി 3.80 കോടി രൂപ വകയിരുത്തുന്നു.

426. ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫിൻ - ന്റെ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിഹിതമായി 4.5 കോടി രൂപ വകയിരുത്തുന്നു.

427. ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ സെന്ററിന്റെ പ്രവർത്തന ങ്ങൾക്കായി 7.45 കോടി രൂപ വകയിരുത്തുന്നു.

428. തിരുവനന്തപുരത്തെ ടെക്നോപാർക്കിന് 21 കോടി രൂപയും കൊച്ചി ഇൻഫോപാർക്കിന് 21.60 കോടി രൂപയും കോഴിക്കോട് സൈബർ പാർക്കിന് 11.50 കോടി രൂപയും വകയിരുത്തുന്നു.

429. പൊതുമേഖലാ സ്ഥാപനമായ KSITL-ന്റെ പ്രവർത്തനങ്ങൾക്കായി 24.71 കോടി രൂപ വകയിരുത്തുന്നു.

430. കേരള സ്പേസ് പാർക്കിനായി നബാർഡ് RIDF വായ്പയായ 15 കോടി രൂപ ഉൾപ്പെടെ ആകെ 52.50 കോടി രൂപ വകയിരുത്തുന്നു.

431. നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡിന് 100 കോടി രൂപ വകയിരുത്തുന്നു.

432. കേരള സ്റ്റാർട്ട് അപ് മിഷന്റെ പ്രവർത്തനങ്ങൾക്ക് 90.52 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 20 കോടി രൂപ കൊച്ചിയിലെ ടെക്നോളജി ഇന്നവേഷൻ സോണിനും 70.52 കോടി രൂപ യുവജന സംരംഭകത്വ വികസന പരിപാടികൾക്കും ആയി നീക്കിവയ്ക്കുന്നു.

**ഗതാഗതവും വാർത്താവിനിമയവും**

433. ഗതാഗത മേഖലയിലെ വികസന പദ്ധതികൾക്കായി ആകെ 2065.01 കോടി രൂപ വകയിരുത്തുന്നു. ഈ മേഖലയുടെ ആകെ ബജറ്റ് വിഹിതം മുൻവർഷത്തേക്കാൾ 88.97 കോടി രൂപ അധികമാണ്.

434. റോഡുകൾക്കും പാലങ്ങൾക്കും 1157.43 കോടി രൂപയും റോഡ് ഗതാഗതത്തിനായി 198.84 കോടി രൂപയും ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് 133.02 കോടി രൂപയും നീക്കിവയ്ക്കുന്നു.

435. തുറമുഖങ്ങൾക്കും, ലൈറ്റ് ഹൗസുകൾക്കും, കപ്പൽ ഗതാഗതത്തിനുമായുള്ള വിഹിതം മുൻവർഷത്തെ 73.72 കോടി രൂപയിൽ നിന്നും 93.72 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

436. തുറമുഖ വകുപ്പിനും കേരള മാരിടൈം ബോർഡിനുമായി 82.70 കോടി രൂപ വകയിരുത്തുന്നു.

437. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം, പൊന്നാനി, ആലപ്പുഴ, കൊടുങ്ങല്ലൂർ, തലശ്ശേരി, വലിയതുറ, വടകര, കണ്ണൂർ, കാസർഗോഡ് എന്നീ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായി 65 കോടി രൂപ വകയിരുത്തുന്നു.

**സാഗർമാല പദ്ധതി**

438. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിച്ചിട്ടുണ്ട്. "സാഗർമാല" പദ്ധതിയിൽ ഉൾപ്പെടുത്തി 101 മീറ്റർ നീളമുള്ള പാസഞ്ചർ ബെർത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലത്ത് മത്സ്യബന്ധന ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ ഷിപ്പ്റിപ്പയറിംഗ് യൂണിറ്റും, തുറമുഖത്ത് ഒരു ഫ്ലോട്ടിംഗ് ഡ്രൈ ഡോക്കും സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

439. കേരളത്തിലെ തുറമുഖങ്ങളിൽ നിഷ്ക്രിയമായി കിടക്കുന്ന വിലപിടിപ്പുള്ള ആസ്തികൾ ഭൂമിയും കെട്ടിടവും ഉൾപ്പെടെ സ്വകാര്യ പങ്കാളിത്തത്തോടെ

വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് മേഖലയിൽ നിന്നും കേരളത്തിലേക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് താല്പര്യ പത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. യാത്രാകപ്പലുകളും ക്രൂയിസ് കപ്പലുകളും ഉല്ലാസ നൗകകളും കൂടുതലായി വാണിജ്യാടിസ്ഥാനത്തിൽ വരുന്നതിന് VGF ആയി 10 കോടി രൂപ വകയിരുത്തുന്നു.

440. ബേപ്പൂർ തുറമുഖത്തെ 60 കോടി രൂപ ചെലവ് വരുന്ന ഡ്രെഡ്ജിംഗ്, 90 കോടി രൂപ ചെലവ് വരുന്ന അധിക വാർഫിന്റെ നിർമ്മാണം, കൊല്ലം തുറമുഖത്തെ 190 കോടി രൂപ ചെലവ് വരുന്ന ഫ്ലോട്ടിംഗ് ഡ്രൈ ഡോക്ക്, 90 കോടി രൂപ ചെലവ് വരുന്ന അധിക വാർഫിന്റെ നിർമ്മാണം, 110.33 കോടി രൂപ ചെലവ് വരുന്ന ഡ്രെഡ്ജിംഗ്, 20 കോടി രൂപ ചെലവ് വരുന്ന വലിയതുറ, തലശ്ശേരി കടൽ പാലങ്ങളുടെ നവീകരണം, 20.23 കോടി രൂപ ചെലവ് വരുന്ന പൊന്നാനി തുറമുഖത്തെ പുതിയ വാർഫിന്റെ നിർമ്മാണം എന്നീ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തുറമുഖ പശ്ചാത്തല വികസനത്തിനായി പ്ലാൻ വിഹിതത്തിന് പുറമേ 50 കോടി രൂപ വകയിരുത്തുന്നു.

441. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ചെല്ലാനം, ചേറ്റുവ, താനൂർ, പൊന്നാനി, വെള്ളയിൽ, കൊയിലാണ്ടി

മത്സ്യബന്ധന തുറമുഖങ്ങളിലും തൃശ്ശൂർ ജില്ലയിലെ മുനയ്ക്കൽക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിലും ഫ്ലോട്ടിംഗ് ജെട്ടിയും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് 115.20 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

442. നോൺ-മേജർ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന പദ്ധതി വിഹിതമായും കേന്ദ്ര പദ്ധതിയായ സാഗർമാലയിൽ നിന്ന് തുക ലഭ്യമാക്കുന്നതിനായും 65 കോടി രൂപ വകയിരുത്തുന്നു. ഇത് നടപ്പ് വർഷത്തെ വിഹിതത്തേക്കാൾ 19.80 കോടി രൂപ കൂടുതലാണ്.

**റോഡുകളും പാലങ്ങളും**

443. **തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപ്പാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻഫീൽഡ് എന്നീ ദേശീയ പാതകൾക്ക് മാത്രമായി 2,370.59 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് കേരളം ഏറ്റെടുത്തിട്ടുള്ളത്.**

444. **കേരളത്തിന്റെ കാർഷിക മേഖലയ്ക്കും, വ്യാപാര മേഖലയ്ക്കും, ടൂറിസം മേഖലയ്ക്കും വലിയ കുതിച്ചുചാട്ടം ഉണ്ടാക്കാൻ പോകുന്ന വയനാട് തുരങ്ക പാതയ്ക്കായി 2134.50 കോടി രൂപയാണ് സംസ്ഥാനം മാറ്റിവയ്ക്കുന്നത്.**

445. **സർ, സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 29,522 കിലോമീറ്റർ റോഡിൽ**

**17483.8 കിലോമീറ്റർ റോഡ് ബി.എം.ബി.സി നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.**

446. **അഞ്ചു വർഷത്തിനുള്ളിൽ 100 പാലങ്ങൾ പൂർത്തീകരിക്കും എന്ന വാഗ്ദാനം മൂന്നുവർഷത്തിനുള്ളിൽ തന്നെ പാലിച്ചു എന്ന് മാത്രമല്ല 150 ഓളം പാലങ്ങൾ പൂർത്തീകരിക്കുവാൻ പോകുകയുമാണ്.**

447. പദ്ധതിയേതര വിഹിതമായ 3061.98 കോടി രൂപ ഉൾപ്പെടെ ആകെ 4219.41 കോടി രൂപ റോഡുകളും പാലങ്ങളും മേഖലയ്ക്ക് വകയിരുത്തുന്നു

**പൊതുമരാമത്ത് വകുപ്പ് (റോഡുകൾ)**

448. സംസ്ഥാന പാതകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 87 കോടി രൂപയും പ്രധാന ജില്ലാ റോഡുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 309 കോടി രൂപയും വകയിരുത്തുന്നു

**ഡി.എസ്.ആർ പുതുക്കി നിശ്ചയിക്കുന്നു**

449. പൊതുമരാമത്ത് വകുപ്പിന്റെ റേറ്റുകൾ 2018-ലെ ഡി.എസ്.ആറിൽ നിന്നും 2021-ലെ ഷെഡ്യൂളിലേക്ക് കാലോചിതമായി പുതുക്കി നിശ്ചയിക്കും.

**ശബരിമല റോഡ് പദ്ധതി**

450. ശബരിമലയിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ സർക്കാർ

അധികാരത്തിൽ എത്തിയ ശേഷം 545.13 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

451. കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ പ്രധാനപ്പെട്ട അഞ്ച് നഗരങ്ങളിലെ റോഡ് വികസനത്തിനായി കിഫ്ബി സഹായത്തോടെ 48 പദ്ധതികൾക്കായി 5207.43 കോടി രൂപയുടെ അനുമതി ലഭ്യമാക്കി പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ഇതിന് പുറമേ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന അഞ്ച് നഗരങ്ങളിലെ റോഡ് വികസനത്തിനായി 3097.48 കോടി രൂപ എസ്റ്റിമേറ്റുള്ള സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് ആരംഭിച്ച് ഇതിനകം 741.67 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

452. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ, 363 കിലോമീറ്റർ റോഡുകളുടെ നിലവാരമുയർത്തൽ തുടങ്ങിയ കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ വകയിരുത്തുന്നു.

453. 2025-26 ൽ പൂർത്തിയാക്കേണ്ട റെയിൽവേ ഓവർ ബ്രിഡ്ജ് (ആർ.ഒ.ബി.) പ്രവൃത്തികൾക്കുള്ള ചെലവുകൾക്കായി 16 കോടി രൂപ വകയിരുത്തുന്നു.

454. പ്രധാന റോഡുകളിലെ സുരക്ഷാ നടപടികൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.

**പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ)**

455. സംസ്ഥാന പാതകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണവും പുനർ നിർമ്മാണവും പൂർത്തീകരിക്കുന്നതിനും സ്പിൽ ഓവർ തുക നൽകുന്നതിനുമായി 40 കോടി രൂപ വകയിരുത്തുന്നു.

456. നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണത്തിനും പുനർനിർമ്മാണത്തിനുമായി 43 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തെ വിഹിതത്തേക്കാൾ 18 കോടി രൂപ അധികമാണ്.

457. വനം വകുപ്പിന്റെ അനുമതിയോടെ ആദിവാസി നഗറുകളിൽ പാലങ്ങൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി 20 കോടി രൂപ വകയിരുത്തുന്നു.

**പൊതുമരാമത്ത് വകുപ്പ് (ദേശീയപാതകൾ)**

458. **സംസ്ഥാനത്ത് 509.83 കോടി രൂപയ്ക്ക് 403 കിലോമീറ്റർ ദൈർഘ്യമുള്ള 30 റോഡുകളുടെ മെച്ചപ്പെടുത്തൽ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. സംസ്ഥാന ഹൈവേകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെ വികസനത്തിനായി 62 കോടി രൂപ വകയിരുത്തുന്നു.**

459. ദേശീയ പാതകളുടെ സുരക്ഷാ പ്രവർത്തനങ്ങളും, ഗതാഗതക്കുരുക്ക് പരിഹരിക്കലും എന്ന പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുന്നു.

**റോഡ് ഗതാഗതം**

460. റോഡ് ഗതാഗത മേഖലയ്ക്കായി ആകെ 198.84 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 29.50 കോടി രൂപ അധികമാണ്.

**കെ.എസ്.ആർ.ടി.സി.**

461. 2011-2016 കാലയളവിൽ കെ.എസ്.ആർ.ടി.സി -ക്ക് **1220.82 കോടി രൂപയാണ് അനുവദിച്ചതെങ്കിൽ** ഒന്നാം പിണറായി സർക്കാർ 2016-2021 കാലയളവിൽ **4923.58 കോടി രൂപ അനുവദിച്ചു.** അതായത് നാല് ഇരട്ടി കൂടുതൽ അനുവദിച്ചു. തുടർ ഭരണം കിട്ടി ഈ സർക്കാർ ഭരണത്തിലേറി **നാളിതുവരെ 6864.22 കോടി രൂപ കെ.എസ്.ആർ.ടി.സി ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.** ഇത് 2011-16 കാലയളവിനേക്കാൾ 5.6 മടങ്ങും 2016-2021 കാലയളവിനേക്കാൾ 1.4 മടങ്ങും അധികമാണ്. 2016 കാലയളവ് മുതൽ കെ.എസ്.ആർ.ടി.സി ക്ക് 11787.8 കോടി രൂപയാണ് സർക്കാർ അനുവദിച്ചു നൽകിയത്.

462. **സർ, കെ.എസ്.ആർ.ടി.സി ക്ക് അടിസ്ഥാന സൗകര്യ വികസനം, ഡിപ്പോകളുടെയും, വർക്ക്ഷോപ്പു കളുടെയും ആധുനികവത്കരണം ഇ–ഗവേർണൻസ് പ്രവർത്തന ങ്ങൾ തുടങ്ങിയ വികസന പദ്ധതികൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ 178.96 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.**

463. 2024-ന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന ദിവസേന യുള്ള ഓഫ് റോഡ് ബസുകളുടെ എണ്ണം 900-ൽ നിന്നും സെപ്റ്റംബർ ആയപ്പോഴേക്കും ശരാശരി 500-ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞു.

464. കേരളത്തിലുടനീളം 15 യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ഉൾപ്പെടുന്ന പൊതു സേവനങ്ങൾ വ്യാപിപ്പിച്ചു.

465. അടിസ്ഥാന സൗകര്യ വികസനത്തിനും വർക്ക്ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ ആധുനികവത്ക്കരണ ത്തിനുമായി 38.70 കോടി രൂപയും കമ്പ്യൂട്ടർവൽക്കരണത്തിനും ഇ-ഗവേണൻസിനുമായി 12 കോടി രൂപയും നീക്കിവയ്ക്കുന്നു.

466. പഴയ ബസ്സുകൾക്ക് പകരം ആധുനിക ഡീസൽ ബിഎസ് VI ബസുകൾ വാങ്ങുന്നതിനായി 107 കോടി രൂപ വകയിരുത്തുന്നു.

467. ഇടുക്കി ജില്ലാ ആസ്ഥാനത്ത് ചെറുതോണിയിൽ കെ.എസ്.ആർ.ടി.സി ഡിപ്പോ പ്രവർത്തന ക്ഷമമാക്കി ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

468. റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങൾക്കായി 18.62 കോടി രൂപ നീക്കിവയ്ക്കുന്നു. ഇത് മുൻ വർഷത്തെ വിഹിതത്തേക്കാൾ 13.62 കോടി രൂപ അധികമാണ്.

469. പാലക്കാട് ചിറ്റൂർ പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിന് 2 കോടി രൂപ വകയിരുത്തുന്നു.

470. ഹൈഡ്രജൻ ഇന്ധന വാഹനങ്ങൾ പൈലറ്റ് ചെയ്യുന്നതിനും ഇലക്ട്രിക് വാഹനങ്ങളെ ജനപ്രിയ മാക്കുന്നതിനും ഹരിത ഗതാഗത സംരംഭങ്ങൾ നിറവേറ്റുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തു ന്നതിനുമായുള്ള ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിന് 8.56 കോടി രൂപ വകയിരുത്തുന്നു.

**ഉൾനാടൻ ജലഗതാഗതം**

471. ഉൾനാടൻ ജല ഗതാഗത വികസനത്തിനായി ആകെ 133.02 കോടി രൂപ വകയിരുത്തുന്നു. ഇതിൽ സംസ്ഥാന ജലഗതാഗത വകുപ്പിനുള്ള 30.11 കോടി രൂപയും കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനുള്ള 7.64 കോടി രൂപയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനുള്ള 95.27 കോടി രൂപയും ഉൾപ്പെടുന്നു.

472. ഇന്ധനക്ഷമതയുള്ള പുതിയ ബോട്ടുകൾ വാങ്ങുന്നതിനും കടത്തു സർവ്വീസുകൾ വിപുലീകരി ക്കുന്നതിനുമായി 25.11 കോടി രൂപ നീക്കിവയ്ക്കുന്നു.

473. ആധുനിക സൗകര്യങ്ങളോട് കൂടിയ ക്രൂയിസ് വെസ്സൽ നിർമ്മിക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു.

474. തീരദേശ, ഉൾനാടൻ നാവിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 95.27 കോടി രൂപ വകയിരുത്തുന്നു.

**കണ്ണൂർ വിമാനത്താവളം**

475. ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം 526.63 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2025-26-ൽ കണ്ണൂർ വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി 75.51 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

476. 2025-26 സാമ്പത്തിക വർഷം കൊച്ചി മെട്രോയ്ക്ക് 289 കോടി രൂപ ലഭ്യമാക്കുന്നതാണ്. കൊച്ചി മെട്രോ ഫേസ് IIനുള്ള പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

477. കൊച്ചിയിലെ സംയോജിത ജല ഗതാഗതത്തിന്റെ ഇ.എ.പി ഘടകമായി 159.60 കോടി രൂപ വകയിരുത്തുന്നു.

478. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനും വിനോദസഞ്ചാരത്തിന് ഉപകരിക്കുന്നതിനുമായി സംസ്ഥാനത്ത് അനുയോജ്യമായ സ്ഥലങ്ങളിൽ ഹെലിപാഡുകൾ/ഹെലിപോർട്ടുകൾ വികസിപ്പിക്കുന്നതിന്റെ സാധ്യതാ പഠനത്തിനും പ്രാരംഭ ചെലവുകൾക്കുമായി 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

479. അങ്കമാലി  എരുമേലി  ശബരി റെയിൽവേ ലൈൻ പദ്ധതിയുടെ എസ്റ്റിമേറ്റ് 2023-ൽ പരിഷ്കരിക്കുകയും

ചെലവ് 3800.93 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കി എം.ഐ.ഡി.പി  യിൽ നൽകിയിരിക്കുന്ന വിഹിതത്തിൽ നിന്നും പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

480. ഇടുക്കി, വയനാട്, കാസറഗോഡ് എന്നിവിടങ്ങളിലെ എയർസ്ട്രിപ്പുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും പ്രാരംഭപ്രവർത്തനങ്ങൾക്കുമായി 50 ലക്ഷം രൂപ വീതം ആകെ 1.50 കോടി രൂപ വകയിരുത്തുന്നു. ഉഡാൻ പദ്ധതിയുമായി ചേർന്ന് Sea-plane Water Aerodrome സൗകര്യങ്ങളും, ചെറുവിമാനത്താവള സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി 50 കോടി രൂപ അധികമായി വകയിരുത്തുന്നു.

481. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതിക്കായി 4.96 കോടി രൂപ വകയിരുത്തുന്നു.

**വിനോദസഞ്ചാരം**

482. ടൂറിസം വരുമാനത്തിന്റെ കാര്യത്തിൽ കേരളം കോവിഡിന് മുൻപുള്ളതിന് തുല്യമായ നിലയിലെത്തി. 2023 -ൽ 43,647 കോടി രൂപയാണ് ടൂറിസം മേഖലയിലെ വരുമാനം.

483. ടൂറിസം മേഖലയ്ക്ക് ആകെ 385.02 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 33.60 കോടി രൂപ അധികമാണ്.

484. കെ.റ്റി.ഡി.സി-ക്ക് കീഴിലുള്ള ആഡംബര പ്രീമിയം റിസോർട്ടുകളുടെയും വഴിയോര വിശ്രമ കേന്ദ്രങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.

485. ഡൽഹി, മുംബൈ മാതൃകയിൽ ഹൈദരാബാദിൽ കേരളാഹൗസ് സ്ഥാപിക്കുന്നതിന് പ്രാഥമികമായി 5 കോടി രൂപ അനുവദിക്കുന്നു.

486. വിവിധ പ്രവർത്തനങ്ങളിലൂടെ ദേശീയ, അന്തർദേശീയ ടൂറിസം വിപണന പ്രവർത്തനങ്ങൾക്കായി 80 കോടി രൂപ വകയിരുത്തുന്നു.

487. പ്രാദേശിക സാംസ്കാരിക മേളകളും, ഉത്സവങ്ങളും, പരമ്പരാഗത മേളകളും ഉൾപ്പെടെയുള്ള സാംസ്കാരിക പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 26.60 കോടി രൂപ വകയിരുത്തുന്നു.

488. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കൽ, നിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി 149 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തെ വിഹിതത്തേക്കാൾ 13 കോടി രൂപ അധികമാണ്.

489. ഇടുക്കി മൂലമറ്റം- നാടുകാണി പവലിയൻ കേബിൾ കാർ പദ്ധതി പി.പി.പി മോഡലിൽ നടപ്പിലാക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു.

490. സംസ്ഥാനത്തെ അതിഥി മന്ദിരങ്ങൾ, യാത്രി നിവാസുകൾ, കേരള ഹൗസുകൾ എന്നിവയുടെ നവീകരണത്തിനും അതിഥി മന്ദിരങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനും പൈതൃക അതിഥി മന്ദിരങ്ങൾ പുനരുദ്ധരിക്കുവാനും വേണ്ടി 30 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെ വിഹിതത്തേക്കാൾ 10 കോടി രൂപ അധികമാണ്.

491. മുസിരിസ് ഹെറിറ്റേജ് ആന്റ് സ്പൈസ് റൂട്ട്, റിവർ ക്രൂയിസ് ഹെറിറ്റേജ് സ്പൈസ് റൂട്ട് പ്രോജക്ടുകൾ എന്നിവ നടപ്പാക്കുന്നതിനായി 14 കോടി രൂപ വകയിരുത്തുന്നു.

492. **സർ, കൊല്ലത്തിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്ന തിനായി കൊല്ലത്ത് ഒരു മറീന നിർമ്മിക്കുന്നതാണ്. ഇതുവഴി കൊല്ലത്തെ അറബിക്കടലിന് അനുബന്ധമായ ആഗോള ടൂറിസം നെറ്റ്‌വർക്കുമായി ബന്ധിപ്പിക്കാൻ കഴിയും. മറീന നിർമ്മിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

493. സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ശുചിമുറികൾ സ്ഥാപിക്കാനും നിലവിലുള്ളവ അറ്റകുറ്റപ്പണികൾ നടത്താനും 2 കോടി രൂപ അനുവദിക്കുന്നു.

494. സംസ്ഥാനത്തെ പ്രമുഖ പട്ടണങ്ങളിൽ നൈറ്റ് ലൈഫ് സജ്ജീകരിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഒരു കോടി രൂപ അനുവദിക്കുന്നു.

495. ചാമ്പ്യൻസ് ബോട്ട് ലീഗിനായി 8.96 കോടി രൂപ വകയിരുത്തുന്നു.

**ഇക്കോ ടൂറിസം**

496. തൃശ്ശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിനായി 6 കോടി രൂപ വകയിരുത്തുന്നു.

497. വന്യജീവി സംരക്ഷണം, ഗവേഷണം, ഇക്കോടൂറിസം, പരിസ്ഥിതി വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് കോഴിക്കോട് ജില്ലയിൽ വനം വകുപ്പിനു കീഴിൽ **പുതിയ ബയോളജിക്കൽ പാർക്ക്** സ്ഥാപിക്കുന്നതിനു വേണ്ടി 5 കോടി രൂപ വകയിരുത്തുന്നു.

498. കൊല്ലം ശാസ്താംകോട്ടയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഒരു കോടി രൂപ അനുവദിക്കും.

499. പരിസ്ഥിതി സൗഹൃദ ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം പൊന്മുടിയിൽ ഒരു റോപ്പ് വേ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ സാധ്യതാ പഠനത്തിനായി 50 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

500. വിനോദസഞ്ചാരികളിൽ വർദ്ധിച്ചുവരുന്ന ട്രെക്കിംഗ് താൽപര്യം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള വനയാത്ര പദ്ധതിയ്ക്ക് 3 കോടി രൂപ അനുവദിക്കും.

501. കേരളത്തിന്റെ ഡിസൈൻ പോളിസിയിൽ പറഞ്ഞിരിക്കുന്ന നിർമ്മാണ കോഡ്, നിർദ്ദിഷ്ട

നിർമ്മാണ പാറ്റേൺ, കളർ സ്കീം, സൗന്ദര്യാത്മക രൂപകൽപ്പന എന്നിവ ഉൾപ്പെടുത്തിയുള്ള ഒരു മാതൃക വിനോദസഞ്ചാര കേന്ദ്രം രൂപീകരിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും**

502. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾക്കും ഒരു പൊതു സൗകര്യമായി നൂതന കംപ്യൂട്ടേഷണൽ മോഡലിങ്ങിനും സിമുലേഷനുമായി ഒരു സൂപ്പർകമ്പ്യൂട്ടിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

503. പ്രത്യേകം തെരഞ്ഞെടുത്ത മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഏഴ് ഗവേഷണ സ്ഥാപനങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ആകെ 64.20 കോടി രൂപ വകയിരുത്തുന്നു.

504. ലോകത്തെ ഉന്നത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ശൃംഖലയുമായി ചേർന്നു പ്രവർത്തിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ വിവിധ പരിപാടികൾക്കായി 50 കോടി രൂപ വകയിരുത്തുന്നു.

505. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ് ബ്രീഡിംഗ് എന്ന സ്വയംഭരണ സ്ഥാപനം ആരംഭിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ് ബ്രീഡിംഗ്-ന് 2 കോടി രൂപ വകയിരുത്തുന്നു.

**നെറ്റ് സീറോ കാർബൺ കേരളം**

506. നെറ്റ് സീറോ കാർബൺ പദ്ധതി 500 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന തിന് 2 കോടി രൂപ നീക്കിവെയ്ക്കുന്നു.

**പൊതുവിദ്യാഭ്യാസം**

507. **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 376 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ഈ സർക്കാർ അധികാര ത്തിൽ വന്ന ശേഷം പൂർത്തിയാക്കിയിട്ടുണ്ട്. 400-ൽ അധികം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.**

508. **2021 മെയ് മാസത്തിനു ശേഷം സർക്കാർ/എയ്ഡഡ് മേഖലകളിലായി മുപ്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തി നാല് (30,564) അധ്യാപക നിയമനങ്ങൾ നടത്തി. കൂടാതെ 2612 അനദ്ധ്യാപക നിയമനങ്ങളും നടത്തി.**

509. **കുടിശ്ശികയായിരുന്ന LSS – USS സ്കോളർഷിപ്പ് തുക ഇനത്തിൽ രേഖകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് 27.61 കോടി രൂപ വിതരണം ചെയ്തു.**

510. **വിദ്യാകിരണം പദ്ധതി വഴി നാൽപത്തി ഏഴായിരത്തി അറുന്നൂറ്റി എഴുപത്തിമൂന്ന് (47,673) ലാപ്ടോപ്പുകളും ഹൈടെക് പദ്ധതി വഴി പതിനാറായിരത്തി അഞ്ഞൂറ്**

**(16,500) ലാപ്ടോപ്പുകളും രണ്ടു വർഷത്തിനുള്ളിൽ നൽകി.**

511. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കരണങ്ങളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. സ്കൂൾ പാഠ്യപദ്ധതി സമഗ്രമായും കാലികമായും പരിഷ്കരിച്ചു കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസരംഗത്ത് നാലുവർഷ ബിരുദ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കിത്തുടങ്ങി. ഉന്നത വിദ്യാഭ്യാസ മേഖലയിലും സിലബസും കരിക്കുലവും ബോധന രീതികളും ആധുനിക കാലത്തിന്റെ ആവശ്യങ്ങൾക്കനു സരിച്ച് പരിഷ്കരിക്കുകയാണ്. ഈ മാറ്റങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് കേരളത്തിലെ സ്കൂൾ അധ്യാപകർക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ അധ്യാപകർക്കും പരിഷ്കാരങ്ങളെക്കുറിച്ചും ബോധനരീതികളെക്കുറിച്ചും വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി സ്കൂൾ വിദ്യാഭ്യാസത്തിന് 5 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിന് 2 കോടി രൂപയും ഉൾപ്പെടെ 7 കോടി രൂപ നീക്കിവെക്കുന്നു.

512. 2025-26 സാമ്പത്തിക വർഷം വിദ്യാഭ്യാസ മേഖലയ്ക്ക് ആകെ അടങ്കൽ തുകയായി 2391.13 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 111.84 കോടി രൂപ അധികമാണ്. സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്ക് 1083.82 കോടി രൂപ നീക്കി വയ്ക്കുന്നു.

513. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 84.28 കോടി രൂപ വകയിരുത്തുന്നു.

514. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ, ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, സ്ത്രീ സൗഹൃദ ശുചിമുറികൾ, മൂത്രപ്പുരകൾ തുടങ്ങിയവ ഉൾപ്പെടുന്ന ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ ബ്ലോക്കുകൾ/മുറികൾ നിർമ്മിക്കുന്നതിന് 60 കോടി രൂപ നീക്കിവയ്ക്കുന്നു.

**CM-KID സ്കോളർഷിപ്പ്**

515. **കേരളത്തിൽ പൊതുവിദ്യാലയങ്ങളിലെ നാല്, ഏഴ് ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തുന്ന എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷ CM-KID (Chief Minister's Knowledge, Intelligence and Diligence Scholarship) എന്ന് പുനർനാമകരണം ചെയ്യുന്നു.**

516. ബാരിയർ ഫ്രീ സ്കൂളുകളിലെ ഭിന്നശേഷി സൗഹൃദ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക പഠന സഹായികളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

517. കേരളീയ ശൈലികൊണ്ട് ശ്രദ്ധേയമായ, ഒരു നൂറ്റാണ്ട് പിന്നിട്ട നിരവധി പൈതൃക കെട്ടിടങ്ങൾ വിദ്യാഭ്യാസ മേഖലയിലുണ്ട്. ഇത്തരം പൈതൃക

കെട്ടിടങ്ങളുടെ നവീകരണത്തിനും സംരക്ഷണത്തിനു മായി 2.80 കോടി രൂപ വകയിരുത്തുന്നു.

518. വിവിധ ഘടകങ്ങൾ ഉൾച്ചേർന്ന അക്കാദമിക മികവ് എന്ന പദ്ധതിക്കായി 37.80 കോടി രൂപ വകയിരുത്തുന്നു.

519. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾക്കായി 44 കോടി രൂപ വകയിരുത്തുന്നു.

520. പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി 150.34 കോടി രൂപ വകയിരുത്തുന്നു.

521. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 62 കോടി രൂപ വകയിരുത്തുന്നു.

522. കൈറ്റിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 38.50 കോടി രൂപ വകയിരുത്തുന്നു.

**ഹയർ സെക്കന്ററി വിദ്യാഭ്യാസം**

523. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി ആകെ 74.86 കോടി രൂപ വകയിരുത്തുന്നു.

524. ഗവൺമെന്റ്/എയ്ഡഡ്, ഹയർ സെക്കന്ററി സ്കൂളുകളിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരും സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം

5000 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്കായി 7.90 കോടി രൂപ വകയിരുത്തുന്നു.

525. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ അഭിയാനുള്ള ആകെ സംസ്ഥാന വിഹിതം 340 കോടി രൂപയാണ്. ഇതിൽ 55 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതാണ്. സമഗ്ര ശിക്ഷാ അഭിയാന്റെ പ്രോജക്ട് ഡയറക്ടറേറ്റ് നടപ്പാക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾക്കായി 20.50 കോടി രൂപ വകയിരുത്തുന്നു.

526. കുട്ടികളുടെ പോഷകാഹാര നില മെച്ചപ്പെടുത്തുന്ന ഉച്ചഭക്ഷണ പദ്ധതിക്കായി 402.14 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാന വിഹിതമായി 150 കോടി രൂപയും, പാൽ, മുട്ട ഉൾപ്പെടെയുള്ള അധിക ചെലവുകൾക്കായി 252.14 കോടി രൂപയും നീക്കിവെയ്ക്കുന്നു.

527. സ്കൂൾ അധ്യാപകരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി **ഒരു പുതിയ പദ്ധതി** SCERT മുഖേന നടപ്പിലാക്കും. പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**ഉന്നത വിദ്യാഭ്യാസം**

528. സംസ്ഥാനത്തെ 4 സർവ്വകലാശാലകൾ NIRF ന്റെ പട്ടികയിൽ 8,9,10,11, സ്ഥാനങ്ങൾക്ക് അർഹമായി.

രണ്ട് സർവ്വകലാശാലകൾക്ക് NAAC ന്റെ A++ അക്രഡിറ്റേഷനും 3 എണ്ണത്തിന് A+ അക്രഡിറ്റേഷനും ലഭിച്ചു. നമ്മുടെ 16 കോളേജുകൾ രാജ്യത്തെ ആദ്യ 100 കോളേജുകളുടെ പട്ടികയിൽ ഇടം പിടിച്ചു.

529. കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും വേണ്ടി പൊതു വിദ്യാഭ്യാസ കലണ്ടർ രൂപീകരിച്ച് നടപ്പിലാക്കി.

530. വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അനുബന്ധിച്ച് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

531. കേരള സർവകലാശാലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 37.20 കോടി രൂപ വകയിരുത്തുന്നു. കോഴിക്കോട് സർവകലാശാലക്ക് 33.80 കോടി രൂപയും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കുള്ള പദ്ധതി വിഹിതമായി 38.45 കോടി രൂപയും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് 22.05 കോടി രൂപയും കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 34 കോടി രൂപയും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ (NUALS) വിവിധ പ്രവർത്തനങ്ങൾക്കായി 12.25 കോടി രൂപയും വകയിരുത്തുന്നു.

532. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ എഫ്.വൈ.യു.ജി.ഒ. കെട്ടിട നിർമ്മാണം, വിദ്യാർത്ഥിനികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 11.35 കോടി രൂപ വകയിരുത്തുന്നു.

533. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 13.40 കോടി രൂപ വകയിരുത്തുന്നു.

**CM – Researchers Scholarship (CMRS)**

534. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും പ്രവേശനം നേടിയിട്ടുള്ള റഗുലർ/ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥികളിൽ മറ്റ് ഫെലോഷിപ്പുകളോ ധനസഹായങ്ങളോ ലഭിക്കാത്ത വർക്ക് പ്രതിമാസം 10,000 രൂപ ഫെലോഷിപ്പ് നൽകുന്നതാണ്. ഇതിനായി **“CM – Researchers Scholarship” എന്ന പുതിയ പദ്ധതി** പ്രഖ്യാപിക്കുന്നു. 2025-26 ൽ 20 കോടി രൂപ വകയിരുത്തുന്നു.

535. കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.

536. അസാപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി വിഹിതമായി 35.10 കോടി രൂപ വകയിരുത്തുന്നു.

537. യുവജനങ്ങൾക്ക് വിഷ്വൽ സയൻസ് & ആർട്സ് മേഖലയിൽ ആഗോളതലത്തിലുള്ള സാങ്കേതിക വളർച്ചയെക്കുറിച്ച് അറിവും ധാരണയും ഫലവത്തായി പരിശീലനവും നൽകുന്ന കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന്റെ വികസന പ്രവർത്തന ങ്ങൾക്കായി 11 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞവർഷം അനുവദിച്ച വിഹിതത്തിന്റെ ഇരട്ടിയാണ്.

538. സർ, കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന കേരളത്തിലെ ഏക ഓപ്പൺ സർവ്വകലാശാലയായ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ വികസന, അക്കാദമിക് പ്രവർത്തനങ്ങൾക്കായി 9.20 കോടി രൂപ വകയിരുത്തുന്നു. സർവ്വകലാ ശാലയ്ക്ക് സ്വന്തമായി ഭൂമി വാങ്ങി ഒന്നാം ഘട്ട കെട്ടിട നിർമ്മാണം 2025-26-ൽ പൂർത്തികരിക്കുവാൻ കഴിയുമെന്നാണ് പദ്ധതിയിടുന്നത്. ഇതിനായി 30 കോടി രൂപ വകയിരുത്തുന്നു.

539. അക്കാദമിക് ഔട്ട്റീച്ച്, അക്കാദമിക രംഗത്തെ ഗുണമേന്മ ഉറപ്പാക്കൽ എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് 165.44 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞവർഷത്തേക്കാൾ 32 കോടി രൂപ അധികമാണ്.

540. അർഹരായ കോളേജ് വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിന് 36.70 കോടി രൂപ വകയിരുത്തുന്നു.

541. പഠന-ബോധന-ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പുവരുത്തുന്നതിനായി 9.75 കോടി രൂപ വകയിരുത്തുന്നു.

542. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതിയുടെ സംസ്ഥാന വിഹിതമായി 30 കോടി രൂപ വകയിരുത്തുന്നു.

**സാങ്കേതിക വിദ്യാഭ്യാസം**

543. സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 266.30 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെ വിഹിതത്തെക്കാൾ 19 കോടി രൂപ അധികമാണ്.

544. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കായി 31.25 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 4.5 കോടി രൂപ നിലവിലുള്ള കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനും ഒരു കോടി രൂപ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുമായി നീക്കി വയ്ക്കുന്നു.

545. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 24.10 കോടി രൂപ വകയിരുത്തുന്നു.

546. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ പ്രവർത്തനങ്ങൾക്കായി 8.58 കോടി രൂപ വകയിരുത്തുന്നു.

547. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ആകെ പദ്ധതി വിഹിതമായി 29.30 കോടി രൂപ വകയിരുത്തുന്നു. **ഇതിൽ 5 കോടി രൂപ കൊട്ടാരക്കരയിൽ സയൻസ് മ്യൂസിയം സ്ഥാപിക്കുന്ന പുതിയ പദ്ധതിക്കായി നീക്കിവയ്ക്കുന്നു.** കോട്ടയം സയൻസ് സിറ്റി 2025-26 -ൽ തന്നെ പൂർത്തീകരിക്കുവാൻ 25 കോടി രൂപ അനുവദിക്കും. ആദ്യഘട്ടമായി 10 കോടി രൂപ മാറ്റിവയ്ക്കുന്നു.

548. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റിന്റെ (IHRD) പ്രവർത്തനങ്ങൾക്കായി 32.50 കോടി രൂപ വകയിരുത്തുന്നു. പുതിയ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

549. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 40.30 കോടി രൂപ വകയിരുത്തുന്നു.

550. സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 42.89 കോടി രൂപ വകയിരുത്തുന്നു.

**കലയും സംസ്കാരവും**

551. കലാ-സാംസ്കാരിക മേഖലയ്ക്കുള്ള വിഹിതം മുൻവർഷത്തെ 170.49 കോടി രൂപയിൽ നിന്നും 197.49 കോടി രൂപയായി ഉയർത്തുന്നു.

552. എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം കേരളത്തിലെ ആദ്യത്തെ സാംസ്കാരിക സമുച്ചയം കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുവിന്റെ നാമത്തിൽ പ്രവർത്തനമാരംഭിച്ചു. കാസർഗോഡ്, പാലക്കാട് ജില്ലകളിലും സാംസ്കാരിക സമുച്ചയ നിർമ്മാണം പൂർത്തീകരിച്ചു.

**എ.രാമചന്ദ്രൻ ആർട്ട് ഗ്യാലറി**

553. പ്രസിദ്ധനായ ചിത്രകാരൻ എ.രാമചന്ദ്രന്റെ ഏകദേശം 300 കോടി രൂപ വിലമതിക്കുന്ന ചിത്രങ്ങൾ സൗജന്യമായി സംസ്ഥാന സർക്കാരിന് കൈമാറുന്നതിന് അദ്ദേഹത്തിന്റെ കുടുംബവുമായി ധാരണയിൽ എത്തിയിട്ടുണ്ട്. കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ പത്മനാഭപുരം കൊട്ടാരത്തിലെ ആർക്കിയോളജിക്കൽ മ്യൂസിയത്തിന്റെ സമഗ്ര നവീകരണം പൂർത്തിയാക്കി.

554. പുരാവസ്തു നിർമ്മിതികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 6 കോടി രൂപയും

ജില്ലാതല പുരാവസ്തു/പൈതൃക മ്യൂസിയങ്ങളുമായി ബന്ധപ്പെട്ട പദ്ധതിയ്ക്കായി 4 കോടി രൂപയും പുരാരേഖാ വകുപ്പിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 7.50 കോടി രൂപയും വകയിരുത്തുന്നു. സംസ്ഥാനത്തെ പുരാതന നിർമ്മിതികളായ കെട്ടിടങ്ങൾ സംരക്ഷിക്കുവാൻ 10 കോടി രൂപയും മാവേലിക്കര, തകഴി എന്നിവിടങ്ങളിലുള്ള പഴയ ബുദ്ധകേന്ദ്രങ്ങളെ സംരക്ഷിക്കുവാൻ 5 കോടി രൂപയും വകയിരുത്തുന്നു.

555. സംസ്ഥാനത്തെ കാഴ്ച്ചബംഗ്ലാവുകളുടെയും മൃഗശാല കളുടെയും പ്രവർത്തനങ്ങൾക്കായി 28.30 കോടി രൂപ വകയിരുത്തുന്നു. എ.കെ.ജി മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾക്കായി 3.50 കോടി രൂപ വകയിരുത്തുന്നു.

**അയ്യൻകാളി ഹാൾ**

556. ശ്രീമൂലം അസംബ്ലിയായി പ്രവർത്തിച്ചിരുന്ന അയ്യൻകാളി ഹാൾ പഴമയും പാരമ്പര്യവും നിലനിർത്തി ആധുനിക രീതിയിൽ നവീകരിക്കുന്ന തിന് ഒരു കോടി രൂപ അനുവദിക്കുന്നു.

557. സർ, തളിപ്പറമ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനത്തെ ആദ്യ □സ്നേക്ക് സഫാരി□ പാർക്കിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ വകയിരുത്തുന്നു.

558. തിരുവനന്തപുരത്തെ തെരുവുകൾ അലങ്കരിക്കുന്ന പൊതു കലാ പദ്ധതിയായ 'ആർട്ടീരിയ' മറ്റ് നഗരങ്ങളിലേക്കും വ്യാപിപ്പിക്കും. ഇതിനായി 2 കോടി രൂപ മാറ്റിവെയ്ക്കുന്നു.

559. സംസ്ഥാനത്ത് ഒരു ഫോട്ടോഗ്രാഫി മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

560. തൃശ്ശൂർപൂര നഗരിയിലെ പ്രധാന കേന്ദ്രമായ തേക്കിൻകാട് മൈതാനത്ത് അടിസ്ഥാനസൗകര്യ വികസനത്തിനായി 5 കോടി രൂപ അനുവദിക്കുന്നു.

561. കൊല്ലം ജില്ലയുടെ ചരിത്രവും സമുദ്ര പാരമ്പര്യവും പ്രദർശിപ്പിക്കുന്ന ഹിസ്റ്ററി ആൻഡ് മാരിടൈം മ്യൂസിയം സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

562. കേരളത്തിലുടനീളം വ്യാപിച്ച് കിടക്കുന്ന അതിമനോഹരമായ 17 തീയറ്ററുകളുടെ ഉടമസ്ഥാവകാശം ഉള്ളതുമായ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി 21 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 3 കോടി രൂപ പാലയാട് (കണ്ണൂർ), മൂന്നാർ (ഇടുക്കി) എന്നിവിടങ്ങളിൽ **പുതിയ തിയേറ്ററിന്റെ നിർമ്മാണത്തിനായി** നീക്കിവയ്ക്കുന്നു.

563. കേരള ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരത്തെ കൈരളി,

ശ്രീ, നിള എന്നി തീയറ്ററുകൾ ആധുനിക കാലഘട്ടത്തിനനുസൃതമായി നവീകരിച്ചു. തൃശ്ശൂർ കൈരളി തീയേറ്ററിന്റെ നവീകരണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. അളഗപ്പ നഗർ, വൈക്കം, പയ്യന്നൂർ, കായംകുളം എന്നിവിടങ്ങളിൽ പുതിയ തീയറ്ററുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

564. സർക്കാർ സംവിധാനത്തിൽ ഒ.റ്റി.ടി ഫ്ലാറ്റ്ഫോം ഒരുക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. സി.സ്‌പേസ് എന്ന് പേരിട്ടിരിക്കുന്ന ഒ.റ്റി.ടി ഫ്ലാറ്റ് ഫോം KSFDC മുഖേനയാണ് പ്രവർത്തിപ്പിച്ചു വരുന്നത്.

565. സംസ്ഥാനത്തെ തീയറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷന് 2 കോടി രൂപ വകയിരുത്തുന്നു.

**ചലച്ചിത്ര മ്യൂസിയം**

566. മലയാള സിനിമ ചരിത്രം പ്രദർശിപ്പിക്കുന്നതിനായി ഒരു ചലച്ചിത്ര മ്യൂസിയം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.

567. കേരള സാഹിത്യ അക്കാദമിക്ക് 3.45 കോടി രൂപയും കേരള സംഗീത നാടക അക്കാദമിക്ക് 9 കോടി രൂപയും കേരള ലളിതകലാ അക്കാദമിക്ക് 5.75 കോടി രൂപയും കേരള നാടൻകലാ അക്കാദമിയുടെ

പ്രവർത്തനങ്ങൾക്കായി 3.25 കോടി രൂപയും വകയിരുത്തുന്നു.

568. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കായി 14 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 1.40 കോടി രൂപ വനിതകൾക്ക് ഉപകരിക്കുന്നതിനായി നീക്കിവയ്ക്കുന്നു.

569. നിലവിലുള്ള അഞ്ച് ബാലഭവനുകളുടെ പശ്ചാത്തല സൗകര്യ വികസനമുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കൊല്ലം ജവഹർ ബാലഭവന് ബഹുനില കെട്ടിട നിർമ്മാണത്തിനുള്ള 2 കോടി രൂപയും ഉൾപ്പെടുന്നു.

570. കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 11.50 കോടി രൂപ ചെലവിൽ മണക്കുളം മുകുന്ദരാജ സ്മാരക അക്കാഡമിക് ബ്ലോക്ക് നിർമ്മിച്ചു കഴിഞ്ഞു. കേരള കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്കായി 24.50 കോടി രൂപ വകയിരുത്തുന്നു.

571. സംസ്ഥാനത്തിന്റെ തനതായ സാംസ്കാരിക സവിശേഷതകൾ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി സാംസ്കാരിക ഡയറക്ടറേറ്റിന് 30 കോടി രൂപ വകയിരുത്തുന്നു.

572. യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക സാംസ്കാരിക വികസനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കി വരുന്ന

യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതിയ്ക്കായി 13 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 4.55 കോടി രൂപ വനിതകൾക്കായി നീക്കിവയ്ക്കുന്നു. വജ്രജൂബിലി കലാകാരന്മാരുടെ കലാപരിപാടികൾ സംഘടിപ്പിക്കാൻ 3 കോടി രൂപ വകയിരുത്തുന്നു.

573. നാടൻ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് റൂറൽ ആർട്ട് ഹബ്ബ് എന്ന പദ്ധതി നടപ്പാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെക്കാൾ 2.25 കോടി രൂപ അധികമാണ്.

574. **സർ, കണ്ണൂർ പിണറായിയിൽ ഒരു ബഹുമുഖ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പുതിയ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.**

**കായികവും യുവജനകാര്യവും**

575. **കായിക മേഖലയിൽ കഴിഞ്ഞ 8 വർഷത്തിനിടയിൽ 3000 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കി വരുന്നു. കഴിഞ്ഞ 8 വർഷത്തിനിടെ 711 കായിക താരങ്ങൾക്ക് നിയമനം നൽകി.**

576. കായിക യുവജനകാര്യ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 145.39 കോടി രൂപ

വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 18 കോടി രൂപ അധികമാണ്.

577. സ്പോർട്ട്സുമായി ബന്ധപ്പെട്ട വിവിധ സർക്കാർ സഹായങ്ങൾക്ക് പുറമേ സ്വകാര്യ മേഖലയിൽ നിന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ വിഭവങ്ങൾ സമാഹരിച്ച് ഒരു കായിക വികസന ഫണ്ട് രൂപീകരിക്കുന്നതാണ്. ഇതിനായി 8.40 കോടി രൂപ നീക്കി വയ്ക്കുന്നു.

578. 2023-ലെ കേരള കായിക നയത്തിനനുസൃതമായി കായിക മികവ് വളർത്തുക, പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക, സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുക എന്നിവ സ്പോർട്സ് അടിസ്ഥാന സൗകര്യവികസന പദ്ധതി 2025 ലൂടെ ലക്ഷ്യമിടുന്നു.

579. ഈ നേട്ടം കൈവരിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ സ്വകാര്യമേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അത്യാധുനിക കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ (BOT), റിനവേറ്റ് മോഡേണൈസ് ഓപ്പറേറ്റ് (RMO) തുടങ്ങിയ മാതൃകകൾ നടപ്പിലാക്കുകയും ചെയ്യും.

580. കേരള സർവകലാശാലയ്ക്ക് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കാൻ 5 കോടി രൂപ അനുവദിക്കുന്നു.

581. കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 18.80 കോടി രൂപ വകയിരുത്തുന്നു.

582. കായിക രംഗത്ത് ഹെൽത്തി കിഡ്സ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 6.50 കോടി രൂപ വകയിരുത്തുന്നു.

583. തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിനും കണ്ണൂർ സ്പോർട്സ് ഡിവിഷനും വേണ്ടി 14.50 കോടി രൂപ നീക്കി വയ്ക്കുന്നു.

584. "എല്ലാ പഞ്ചായത്തിലും നിലവാരമുള്ള കളിക്കളം" എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി 18 കോടി രൂപ വകയിരുത്തുന്നു. 124 പഞ്ചായത്തുകളിലാണ് കളിക്കളം ഒരുക്കുന്നത്. 4 കളിക്കളങ്ങൾ പൂർത്തിയായി. 91 കളിക്കളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 450-ഓളം തദ്ദേശ സ്ഥാപനങ്ങളിൽ കളിക്കളങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

585. പി.പി.പി. മാതൃകയിൽ രൂപീകരിക്കുന്ന മാതൃകാ സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 1.20 കോടി രൂപ നീക്കി വയ്ക്കുന്നു.

586. സ്പോർട്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് സ്പോർട്സ് വ്യവസായത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

587. കേരള സ്പോർട്സ് കൗൺസിലിന്റെ വിവിധ പദ്ധതികൾക്കായി 39 കോടി രൂപയും കേരള യൂത്ത്

വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 17 കോടി രൂപയും വകയിരുത്തുന്നു.

588. കായിക ക്ഷമതാ മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും സ്പോർട്സ് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി 24.88 കോടി രൂപ വകയിരുത്തുന്നു.

**വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും**

589. കോട്ടയം മെഡിക്കൽ കോളേജ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കി. ഇതുകൂടാതെ നൂതന ചികിത്സാ രീതിയായ റോബോട്ടിക് സർജറി റീജിയണൽ കാൻസർ സെന്ററിലും, മലബാർ കാൻസർ സെന്ററിലും ആരംഭിച്ചു.

590. **രാജ്യത്ത് ഏറ്റവും കൂടുതൽ പേർക്ക് സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ മൂന്നര വർഷം കൊണ്ട് 25.17 ലക്ഷം പേർക്ക് 6,788 കോടി രൂപയുടെ ചികിത്സ സൗജന്യമായി നൽകി. സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യ പദ്ധതികളായ KASP വഴി 24.06 ലക്ഷം പേർക്ക് 6,271 കോടി രൂപയുടെയും കാരുണ്യ ബനവലന്റ് ഫണ്ട് വഴി 62,122 പേർക്ക് 473 കോടി രൂപയുടെയും ആരോഗ്യ കിരണം വഴി 8.49 ലക്ഷം കുട്ടികൾക്ക് 1,736 കോടി രൂപയുടെയും ചികിത്സ നൽകി. മൂന്നര വർഷം കൊണ്ട് KMSCL വഴി**

**2700 കോടിയിലധികം രൂപയുടെ സൗജന്യ മരുന്നുകൾ വിതരണം ചെയ്തു.**

591. **രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തിയ സ്ഥാപനമായി എറണാകുളം ജനറൽ ആശുപത്രി മാറി. നിർമ്മിത ബുദ്ധിയും റോബോട്ടിക് സൊല്യൂഷനും ഉപയോഗിച്ച് ചലന ശേഷി നഷ്ടമായവരെ ചലന ശേഷി വീണ്ടെടുക്കാൻ സഹായിക്കുന്ന ജി-ഗെയ്റ്റർ രാജ്യത്ത് ആദ്യമായി തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ സ്ഥാപിച്ചു.**

592. **സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയതിന് ലോകാരോഗ്യ സംഘടനയുടെ അഭിനന്ദനം ലഭിച്ചു. ആരോഗ്യ വനിതാ ശിശുവികസന വകുപ്പിന് ദേശീയ അന്തർദേശീയ തലത്തിൽ 28 പുരസ്കാരങ്ങളും ബഹുമതികളും ലഭിച്ചു.**

593. **സർ, വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും മേഖല യ്ക്കുള്ള പദ്ധതി വിഹിതം 2915.49 കോടി രൂപയായി ഉയർത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 97.96 കോടി രൂപ അധികമാണ്.**

594. പുതുതായി സ്ഥാപിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് ഗ്രിഡിനുള്ള ഒരു കോടി രൂപ ഉൾപ്പെടെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിന്

5.40 കോടി രൂപ വകയിരുത്തുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആയുഷ് വകുപ്പുകളും, എൻ.എച്ച്.എം ഉം വഴി ചെലവഴിക്കുന്ന വിഹിതത്തിന് പുറമെയാണിത്.

595. പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.

596. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകളും അതിന് വേണ്ടിയുള്ള ആധുനിക ലബോറട്ടറികളും ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിയ്ക്കായി 8 കോടി രൂപ വകയിരുത്തുന്നു.

597. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെട്ട 335 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് (108) ആംബുലൻസുകളുടെ നടത്തിപ്പ് ചെലവ് വഹിക്കുന്നതിനായി 80 കോടി രൂപ വകയിരുത്തുന്നു.

598. **രക്താതിമർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങി പകർച്ചവ്യാധികളല്ലാത്ത രോഗം ബാധിച്ച നിർദ്ധനനരായ രോഗികൾക്ക് റഫറൽ ആശുപത്രികളിൽ മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽ ആധുനിക കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 45 കോടി**

**രൂപ വകയിരുത്തുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹാർട്ട് ഫൗണ്ടേഷന് 10 കോടി രൂപ കാത്ത് ലാബിനായി അനുവദിക്കുന്നു.**

599. മേജർ സർക്കാർ ആശുപത്രികളിൽ ഘട്ടംഘട്ടമായി കാത്ത് ലാബ് സ്ഥാപിക്കൽ, നിലവിലുള്ള കാത്ത് ലാബുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, തീവ്രപരിചരണ വിഭാഗങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കായി 3 കോടി രൂപ വകയിരുത്തുന്നു.

600. **ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ള 105 ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി 13.98 കോടി രൂപ വകയിരുത്തുന്നു. ഡയാലിസിസ് യൂണിറ്റുകൾ ഇല്ലാത്ത ജില്ലാ, ജനറൽ ആശുപത്രികളിലും, 25 ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ഇതോടെ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും എല്ലാ താലൂക്ക് ആസ്ഥാന ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്ന ആദ്യ ഇൻഡ്യൻ സംസ്ഥാനമായി കേരളം മാറും.**

601. **എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലും കൽപ്പറ്റ ജനറൽ ആശുപത്രിയിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലും സ്ട്രോക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിനായി 21 കോടി രൂപ വകയിരുത്തുന്നു. സർ, ഇതോടെ എല്ലാ ജില്ലാതല ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റ്**

**സൗകര്യമുണ്ടാകുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറും.**

602. ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം ടെസ്റ്റ് മുഖേന കുട്ടികളിലെ ജന്മനായുള്ള കൺജനിറ്റൽ ഹൈപ്പോ തൈറോയിഡിസം, കൺജനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ, ജി-6 പി.ഡി ഡെഫിഷ്യൻസി, ഗാലക്ടോസെമിയ എന്നീ രോഗങ്ങൾ കണ്ടെത്താൻ സഹായിക്കും. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2.40 കോടി രൂപ വകയിരുത്തുന്നു.

603. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോ സയൻസിന്റെ (ഐക്കോൺസ്) തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകൾക്കായി 7.34 കോടി രൂപ വകയിരുത്തുന്നു.

604. NHM പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി 465.20 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കുടുംബാരോഗ്യ ബ്യൂറോകളുടെ ഭരണവും നടത്തിപ്പും, സബ് സെന്ററുകൾ, നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ANM/LHV പരിശീലന സ്കൂളുകൾ, കുടുംബാരോഗ്യ പരിശീലന കേന്ദ്രങ്ങൾ, വിവിധോദ്ദേശ്യ പ്രവർത്ത കരുടെ പരിശീലനം എന്നീ ചെലവുകൾക്കുള്ള സംസ്ഥാന വിഹിതമായ 100 കോടി രൂപയും ഉൾപ്പെടുന്നു.

605. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാന സൗകര്യ മിഷൻ (പി.എം-ആഭീം)

പദ്ധതിയുടെ സംസ്ഥാന വിഹിതമായി 25 കോടി രൂപ വകയിരുത്തുന്നു.

606. ഇ-ഹെൽത്ത് പ്രോഗ്രാമിന് വേണ്ടി 27.60 കോടി രൂപ വകയിരുത്തുന്നു.

**സംസ്ഥാന ആരോഗ്യ ഏജൻസി**

607. **സർ, കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). പദ്ധതിയിലെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ ലഭിക്കും. കേരളത്തിൽ നിലവിലുണ്ടായിരുന്ന വിവിധ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജനയുമായി (ABPM-JAY) സംയോജിപ്പിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത്. KASP-ന്റെ ഗുണഭോക്തൃപട്ടികയിൽ 41.99 ലക്ഷം കുടുംബങ്ങൾ ഉള്ളതിൽ 23.98 ലക്ഷം കുടുംബങ്ങൾക്കു മാത്രമേ കേന്ദ്ര വിഹിതം അനുവദിക്കുന്നുള്ളൂ. അതുതന്നെ നാമമാത്ര വിഹിതമാണ് അനുവദിക്കുന്നത്. KASP പദ്ധതി ആരംഭിച്ചതിനു ശേഷം ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ 1115.33 കോടി രൂപയും ഈ സർക്കാരിന്റെ കാലയളവിൽ 3967.34 കോടി രൂപയും ഉൾപ്പെടെ ആകെ 5082.67 കോടി രൂപ സംസ്ഥാനത്ത് ചെലവഴിച്ചതിൽ 853.58 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായത്.**

608. KASP പദ്ധതിക്ക് സംസ്ഥാന വിഹിതമായി 700 കോടി രൂപ വകയിരുത്തുന്നു. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആരോഗ്യകിരണം, താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ 18 വയസ്സിൽ താഴെയുള്ളതും ജീവൽ ഭീഷണി ഉണ്ടാകുന്ന രോഗങ്ങളാൽ ബുദ്ധിമുട്ടുന്നതുമായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന താലോലം, കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, കുട്ടികളുടെ കേൾവി വൈകല്യം പരിഹരിക്കുന്ന തിനുള്ള ശ്രുതി തരംഗം എന്നീ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

609. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ NABL അക്രെഡിറ്റേഷനും ISO സർട്ടിഫിക്കേഷനും, പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഫേസ്-1 നിർമ്മാണ ത്തിനുമായി 5 കോടി രൂപ വകയിരുത്തുന്നു.

610. ചരിത്രത്തിലാദ്യമായി സർക്കാർ മേഖലയിൽ 1020 പുതിയ ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ പുതുതായി 8 നഴ്സിംഗ് കോളേജുകളും സിമെറ്റിന്റെ കീഴിൽ 7 നഴ്സിംഗ് കോളേജുകളും ആരംഭിച്ചു.

611. **ആരോഗ്യ വിദ്യാഭ്യാസ മേഖലയ്ക്കുള്ള ആകെ പദ്ധതി വിഹിതമായി 532.84 കോടി രൂപ വകയിരുത്തുന്നു.**

612. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലെ മെഡിക്കൽ കോളേജുകളിലേയും ആശുപത്രികളി

ലേയും മാലിന്യ നിർമ്മാർജ്ജനത്തിനായി 17.23 കോടി രൂപയും, മെഡിക്കൽ കോളേജ് ആശുപത്രി കളിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി 10 കോടി രൂപയും വകയിരുത്തുന്നു.

613. കോഴിക്കോട്, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി ആന്റ് ടേർഷ്യറി കെയർ സെന്ററുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

614. കൊല്ലം, കോട്ടയം, കണ്ണൂർ, മഞ്ചേരി, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷണൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.

615. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജു കളിൽ ഉന്നത നിലവാരത്തിലുള്ള മോളിക്കുലാർ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനായി 2 കോടി രൂപ വകയിരുത്തുന്നു.

616. സാമ്പത്തിക നില കണക്കിലെടുക്കാതെ എല്ലാവർക്കും സ്റ്റെം സെൽ - മജ്ജ മാറ്റി വയ്ക്കൽ ചികിത്സാ സൗകര്യം പ്രാപ്യമാകുന്നതിന് വേണ്ടി സർക്കാർ മേഖലയിൽ മജ്ജ മാറ്റിവയ്ക്കൽ സംവിധാനം ഒരുക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. കോട്ടയം മെഡിക്കൽ

കോളേജിൽ മജ്ജ മാറ്റിവയ്ക്കൽ സൗകര്യം ഒരുക്കുന്നതിന് വേണ്ടി 1.75 കോടി രൂപ വകയിരുത്തുന്നു.

**ക്യാൻസർ ചികിത്സ**

617. സംസ്ഥാനത്ത് ക്യാൻസർ രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാരംഭ രോഗ നിർണ്ണയത്തിനും പരിചരണത്തിനും 2025-26 ബഡ്ജറ്റ് ഊന്നൽ നൽകുന്നു. മലബാർ ക്യാൻസർ സെന്ററിന് 35 കോടി രൂപയും കൊച്ചി ക്യാൻസർ സെന്ററിന് 18 കോടി രൂപയും ആർ.സി.സിയ്ക്ക് 75 കോടി രൂപയും മെഡിക്കൽ കോളേജ്/ജില്ല/താലൂക്ക് ആശുപത്രികൾ വഴിയുള്ള ക്യാൻസർ ചികിത്സക്ക് 24.5 കോടി രൂപയും ഉൾപ്പെടെ ആകെ 152.50 കോടി രൂപ ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി വകയിരുത്തുന്നു.

618. സർക്കാരിന് കീഴിലുള്ള എല്ലാ ജില്ലാ ആശുപത്രികളേയും മാതൃകാ കാൻസർ പരിചരണ കേന്ദ്രങ്ങളാക്കി പരിവർത്തനപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കായി 2.50 കോടി രൂപ വകയിരുത്തുന്നു. കരിമണൽ മേഖലയായ ചവറയിലെ സർക്കാർ ആശുപത്രിയിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കും.

619. തിരുവനന്തപുരം RCC യിലെ സ്ഥലപരിമിതി പരിഗണിച്ച് അത്യാധുനിക സംവിധാനങ്ങളോട്

കൂടിയ ചികിത്സ രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കൂടുതൽ സൗകര്യ പ്രദമായി 14 നിലയിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന 2.75 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു. ഇതിന്റെ പൂർത്തീകരണത്തിനായി 28 കോടി രൂപ വകയിരുത്തുന്നു.

620. നേരത്തേയുള്ള കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 23.30 കോടി രൂപയും കാൻസർ രോഗികളായ സ്ത്രീകൾക്കും കുട്ടികൾക്കും മെച്ചപ്പെട്ട പരിചരണ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 22 കോടി രൂപയും ആർ.സി.സി യുടെ പദ്ധതി വിഹിതത്തിൽ നിന്നും നീക്കിവയ്ക്കുന്നു.

621. കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കായി 11.5 കോടി രൂപ വകയിരുത്തുന്നു.

**ആയുഷ്**

622. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 130 ആശുപത്രികൾ 818 ഡിസ്‌പെൻസറികൾ, 24 സബ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 50.93 കോടി രൂപ വകയിരുത്തുന്നു.

623. ദേശീയ ആയുഷ് മിഷന്റെയും ഔഷധ സസ്യ മിഷന്റെയും പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാന വിഹിതമായി 15 കോടി രൂപ വകയിരുത്തുന്നു.

624. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി 43.72 കോടി രൂപ വകയിരുത്തുന്നു.

625. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന് 2 കോടി രൂപ വകയിരുത്തുന്നു.

626. ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ആകെ 23.54 കോടി രൂപ വകയിരുത്തുന്നു.

627. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന് വേണ്ടി 8.18 കോടി രൂപ വകയിരുത്തുന്നു.

**ശുദ്ധജല വിതരണവും മാലിന്യ നിവാരണവും**

628. ശുദ്ധജല വിതരണ മേഖലയിലെ പ്രധാന ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയ്ക്ക് 869.03 കോടി രൂപയും, ജലനിധി (KRWSA) യ്ക്ക് 53.57 കോടി രൂപയും ഉൾപ്പെടെ ഈ മേഖലയ്ക്ക് 922.60 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 15.50 കോടി രൂപ അധികമാണ്.

629. പൊതുജലാശയത്തിലേയ്ക്ക് മലിന ജലം ഒഴുകുന്നില്ലെന്ന് ഉറപ്പാക്കുംവിധം മലിനജല നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 70 കോടി രൂപ വകയിരുത്തുന്നു.

630. പ്രധാന നഗരങ്ങളിലും പട്ടണങ്ങളിലും വികേന്ദ്രീകൃത മലിനജല സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും മലിനജല നിവാരണത്തിനായി മാൻ ഹോളുകളിൽ

റോബോട്ടിക് ക്ലീനിംഗ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 30 കോടി രൂപ വകയിരുത്തുന്നു.

631. കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള അർബൻ ജലവിതരണ പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 34 കോടി രൂപ വകയിരുത്തുന്നു.

632. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി 15 കോടി രൂപ വകയിരുത്തുന്നു.

633. പഴയ പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും, ജലശുദ്ധീകരണ പ്ലാന്റുകളുടെ നവീകരണത്തിനും, കാലഹരണപ്പെട്ട പമ്പുകളുടെയും മോട്ടോറുകളുടെയും പുനരുദ്ധാരണത്തിനുമുൾപ്പെടെ വിവിധ ഉൽപ്പാദന വിതരണ പ്രവൃത്തികൾക്കായി 47 കോടി രൂപ വകയിരുത്തുന്നു.

634. പ്രകൃതിക്ഷോഭങ്ങളിലും അടിയന്തിര സാഹചര്യങ്ങളിലും കുടിവെള്ള വിതരണം നടത്തുന്നതിനായി 7.5 കോടി രൂപ വകയിരുത്തുന്നു.

635. ജൽ ജീവൻ മിഷൻ പദ്ധതിയുടെ 25% സംസ്ഥാന വിഹിതമെന്ന നിലയിൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ജലനിധിയ്ക്കും 560 കോടി രൂപ നീക്കി വയ്ക്കുന്നു. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിനനുസരിച്ച് അധിക സംസ്ഥാന വിഹിതം നൽകുന്നതാണ്. ജൽ ജീവൻ മിഷൻ പദ്ധതി 2028 വരെ നീട്ടിയത് കൂടുതൽ

ഗുണകരമായി സംസ്ഥാനത്തിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കും.

636. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 അടിസ്ഥാനത്തിൽ മതിയായ അളവിലും മർദ്ദത്തിലും ജലവിതരണം നടത്തുന്നതിനും കൊച്ചി നഗരത്തിൽ നോൺ റവന്യൂ വാട്ടർ 51% ത്തിൽ നിന്നും 20 % മായി കുറയ്ക്കുന്നതിനും ഉൽപ്പാദന-വിതരണ ഘടകങ്ങളുടെ പുനരുദ്ധാരണത്തിനും ലക്ഷ്യമിടുന്ന എ.ഡി.ബി സഹായത്തോടുകൂടിയുള്ള കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ടിന് 75 കോടി രൂപ വകയിരുത്തുന്നു.

637. ജലനിധിയുടെ മഴവെള്ളസംഭരണ-ഭൂഗർഭജല റീചാർജ്ജ് പ്രവൃത്തികൾക്കായി 11.50 കോടി രൂപയും കമ്മ്യൂണിറ്റി നിയന്ത്രിത കുടിവെള്ള വിതരണ പദ്ധതികൾക്ക് സുസ്ഥിരതാ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി 29.61 കോടി രൂപയും വകയിരുത്തുന്നു.

638. ജലവിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ പുനരുജ്ജീവനവും സംരക്ഷണവും നടപ്പാക്കുന്ന പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

639. ശുദ്ധ ജലത്തിന്റെ ഉൽപാദനവും വിതരണവും പരമാവധിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ

നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ തുടരുന്നതിന് 47 കോടി രൂപ വകയിരുത്തുന്നു.

**ഭവന നിർമ്മാണം**

640. സർ, ലൈഫ് പദ്ധതി ഒഴികെ ഭവന നിർമ്മാണ മേഖലയിലുള്ള പദ്ധതികൾക്കായി 70.62 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 13 കോടി രൂപ അധികമാണ്.

641. കൊച്ചി മറൈൻ ഡ്രൈവിൽ 2400 കോടി രൂപ ചെലവഴിച്ച് NBCC യുടെ സഹകരണത്തോടെ KSHB മറൈൻ എക്കോ സിറ്റി എന്ന പദ്ധതി പൂർത്തീകരിക്കുന്നതാണ്. ഇതിൽ നിന്നും ഭവന നിർമ്മാണ ബോർഡിന് 3650 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

642. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 52.42 കോടി രൂപ വകയിരുത്തുന്നു.

643. താഴ്ന്ന വരുമാനക്കാർ, സാമ്പത്തിക ദുർബല വിഭാഗക്കാർ തുടങ്ങിയവർക്ക് ഭവന നിർമ്മാണത്തിന് 3 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതിക്കുള്ള വിഹിതം 24 കോടി രൂപയായിവർദ്ധിപ്പിക്കുന്നു.

644. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും താഴ്ന്ന വരുമാനക്കാർക്കുമുള്ള ഭവന പദ്ധതിക്കായി 9 കോടി രൂപ വകയിരുത്തുന്നു.

645. മുതിർന്ന പൗരന്മാർക്കായുള്ള കോട്ടേജുകൾ നിർമ്മിച്ച് നൽകുന്ന സീനിയർ സിറ്റിസൺ ഹോം പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തുന്നു.

646. ജീർണ്ണാവസ്ഥയിലുള്ള എല്ലാ എം.എൻ ലക്ഷം വീടുകളും അടുത്ത രണ്ട് വർഷത്തിനുള്ളിൽ പുനർ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി 10 കോടി രൂപ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വകയിരുത്തുന്നു.

647. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 10 കോടി രൂപയും ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് രാജ്യത്തുടനീളമുള്ള യുവ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയും വകയിരുത്തുന്നു.

**ലൈഫ് മിഷൻ**

648. ലൈഫ് ഭവന പദ്ധതിയിലൂടെ ഇതിനകം 5,39,042 വീടുകൾ അനുവദിച്ചതിൽ 4,27,736 വീടുകൾ പൂർത്തിയാക്കി. 1,11,306 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ പട്ടികജാതിയിൽ ഉൾപ്പെട്ട 1,16,996 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ട 43,332 പേരും ഉൾപ്പെടുന്നു. **2016 മുതൽ ഒന്നും രണ്ടും പിണറായി സർക്കാർ കാലത്ത് 18000 കോടി രൂപയിൽ**

**അധികം ലൈഫ് ഭവനങ്ങൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ചതിൽ 780.42 കോടി രൂപ മാത്രമാണ് കേന്ദ്ര സഹായമായി ലഭിച്ചത്.** 2025-26 ൽ ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ 1 ലക്ഷം വ്യക്തിഗത ഭവനങ്ങളും 19 ഭവനസമുച്ചയങ്ങളും നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ ഭവന പദ്ധതിക്കുള്ള വിഹിതമായി ലൈഫ് മിഷന് 1160 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 80 കോടി രൂപ അധികമാണ്.

649. ലൈഫ് മിഷൻ മുഖേന ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (KURDFC) മുഖേന എടുത്ത വായ്പയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള പദ്ധതി സഹായമായി 334.05 കോടി രൂപ വകയിരുത്തുന്നു.

650. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയിൽ കേന്ദ്രസർക്കാർ വ്യവസ്ഥയനുസരിച്ച് ഒരു വീടിനുള്ള യൂണിറ്റ് നിരക്ക് 1.20 ലക്ഷം രൂപ മാത്രമാണെങ്കിലും ലൈഫ് മിഷന്റെ നിരക്കിനെന്ന പോലെ 4 ലക്ഷം രൂപ വരെ കേരള സർക്കാർ ധനസഹായം നൽകുന്നതാണ്. അധികതുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്. CSR ഫണ്ട് മുഖേന ഈ വിടവ് നികത്തുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്. ബ്ലോക്ക്

പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ലൈഫിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമേ 2025-26 ൽ ധനസഹായം നൽകുകയുള്ളൂ. 2025-26 -ൽ പി.എം.എ.വൈ. പദ്ധതി നടപ്പിലാക്കുന്നതിനായി 55 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു. കേന്ദ്രവിഹിതമായി 82.50 കോടി രൂപ പ്രതീക്ഷിക്കുന്നു.

**നഗര വികസനം**

651. 2023 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നഗരനയ കമ്മീഷൻ രൂപീകരിച്ചു. പത്ത് പ്രധാന വിഷയ മേഖലകൾ തിരിച്ച് കമ്മിഷൻ 2025 മാർച്ച് മാസത്തിൽ അന്തിമ റിപോർട്ട് സമർപ്പിക്കും.

652. മാലിന്യമുക്തമായ നവകേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2023 മാർച്ച് മാസവുമായി താരതമ്യം ചെയ്താൽ 2024 നവംബർ മാസം വരെ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി ശേഖരണം 47% ശതമാനത്തിൽനിന്നും 90% മായി വർദ്ധിച്ചു. യൂസർ ഫീ ശേഖരിക്കുന്നത് ഇക്കാലയളവിൽ 34.9% ത്തിൽ നിന്നും 72% മായി ഉയർന്നു.

653. മാലിന്യക്കൂനകളില്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം നേടുകതന്നെ ചെയ്യും. ആകെയുള്ള 59 മാലിന്യക്കൂനകളിൽ 24 എണ്ണം പൂർണമായും നീക്കം

ചെയ്തു. ബ്രഹ്മപുരം ഉൾപ്പെടെ 10 എണ്ണത്തിലെ പണി അവസാനഘട്ടത്തിലാണ്.

654. നഗര വികസന പരിപാടികൾക്ക് 1986.32 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 58.88 കോടി രൂപ അധികമാണ്.

655. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 180 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തെ വിഹിതത്തേക്കാൾ 15 കോടി രൂപ അധികമാണ്. ഇതിലൂടെ 60 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു.

656. ഹരിതകേരള മിഷനു കീഴിലുള്ള നഗര മാലിന്യ നിർമ്മാർജ്ജന ശുചിത്വ കേരളം പദ്ധതിക്ക് 20 കോടി രൂപ വകയിരുത്തുന്നു.

657. കേരളത്തിലെ നഗരപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീവേജ് സെപ്റ്റേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ശുചിത്വവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നടപ്പാക്കുന്ന Kerala Solid Waste Management Project (KSWMP)-ന് 185 കോടി രൂപ വകയിരുത്തുന്നു.

658. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട ഡി.പി.ആർ. പൂർത്തീകരണത്തിനും, കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികളുടെ പുനരധിവാസം

ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ട്രിഡയ്ക്ക് 7 കോടി രൂപ വകയിരുത്തുന്നു.

659. വിശാല കൊച്ചി വികസന അതോറിറ്റി മുഖേന നടപ്പാക്കുന്ന 100 കിടക്കകളുള്ള ഷീ-ഹോസ്റ്റലിന്റെ നിർമ്മാണമടക്കം വിവിധ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

660. നഗരങ്ങളിലെ എല്ലാ ഭവനങ്ങളിലും ജലഭദ്രത ഉറപ്പു വരുത്തുന്നതിനായുള്ള അമൃത് 2.0 പദ്ധതിയുടെ സംസ്ഥാന വിഹിതമായി 300 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 767.74 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

661. 60% കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ നഗര ഉപജീവന മിഷനുള്ള സംസ്ഥാന വിഹിതമായി 23 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 34.50 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

662. PMAY -അർബൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 30 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമായി 90 കോടി രൂപ പ്രതീക്ഷിക്കുന്നു. പി.എം.എ.വൈ. അർബൻ 2.0 പദ്ധതിക്ക് സംസ്ഥാന വിഹിതമായി 10.36 കോടി രൂപ വകയിരുത്തുന്നു.

കേന്ദ്രവിഹിതമായി 15.54 കോടി രൂപ പ്രതീക്ഷിക്കുന്നു.

663. സ്വച്ഛ് ഭാരത് മിഷൻ (അർബൻ 2.0) ന്റെ സംസ്ഥാന വിഹിതമായി 30 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 45 കോടി രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ 18 കോടി രൂപ കോർപ്പറേഷനുകൾക്കും 27 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും ഉള്ളതാണ്.

**വാർത്താവിതരണവും പ്രചാരണവും**

664. വാർത്താവിതരണവും പ്രചാരണവും മേഖലയ്ക്കായി 44 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 6.80 കോടി രൂപ അധികമാണ്. പരസ്യകുടിശ്ശികകൾ തീർക്കാനും പുതിയ പരിപാടികൾക്കുമായി 30 കോടി രൂപ അധികമായി വകയിരുത്തുന്നു.

665. പ്രസ് അക്കാഡമിക്കായി 7.50 കോടി രൂപ വകയിരുത്തുന്നു.

666. വീഡിയോ ഡോക്യുമെന്ററികളുടെ നിർമാണത്തിനായി 5.50 കോടി രൂപയും വെബ്സൈറ്റ് ആന്റ് ന്യൂ മീഡിയ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും വകയിരുത്തുന്നു.

667. സംസ്ഥാന മാധ്യമ അവാർഡുകളുടെ തുക ഇരട്ടിയാക്കും. മാധ്യമ പ്രവർത്തനത്തിലെ സമഗ്ര സംഭാവനയ്ക്ക് സർക്കാർ നൽകുന്ന പുരസ്കാരമായ

സ്വദേശാഭിമാനി കേസരി പുരസ്കാര തുക ഒരു ലക്ഷം രൂപയിൽ നിന്ന് 1.50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.

**തൊഴിലും തൊഴിലാളി ക്ഷേമവും**

668. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 8293 സ്ഥിരം നിയമനങ്ങളും 34859 താൽക്കാലിക നിയമനങ്ങളും ഉൾപ്പെടെ 43152 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നല്കുകയുണ്ടായി.

669. ഈ സർക്കാർ വിവിധ ക്ഷേമനിധി ബോർഡുകൾ വഴി തൊഴിലാളികൾക്കും അവരുടെ കുടുബങ്ങൾക്കും ഇതുവരെ 2764.37 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി.

670. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ബജറ്റിൽ വകയിരുത്തിയതിനു പുറമേ 20 കോടി രൂപ അധികമായി അനുവദിക്കുന്നു.

671. തൊഴിലും തൊഴിലാളി ക്ഷേമവും എന്ന മേഖലയ്ക്കായി ആകെ 538.44 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 50 കോടി രൂപ അധികമാണ്.

672. പരമ്പരാഗത തൊഴിൽ മേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ എന്നിവയിലെ തൊഴിലാളികൾക്ക് 1250/- രൂപ

വീതം സാമ്പത്തിക സഹായം നൽകുന്ന ഇൻകം സപ്പോർട്ട് സ്കീമിന് 100 കോടി രൂപ വകയിരുത്തുന്നു.

673. അതിഥി തൊഴിലാളികളുടെ ഉന്നമനത്തിനായി സംസ്ഥാനം നടപ്പിലാക്കുന്ന അപ്നാ ഘർ, ആവാസ് - ആരോഗ്യ ഇൻഷുറൻസ് പദ്ധതി, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയ്ക്കായി 5.50 കോടി വകയിരുത്തുന്നു.

674. വ്യാവസായിക പരിശീലന വകുപ്പ് മുഖേന iSTEP -ന് കീഴിൽ പുതിയ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിനും, നിലവിലുള്ള വെബ്സൈറ്റ് നവീകരിക്കുന്ന തിനും ആസ്തി പരിപാലന സോഫ്റ്റ്‌വെയറിനും ഉൾപ്പെടെ KASE-ന്റെ വിവിധ പ്രവർത്തന ങ്ങൾക്കായി 33 കോടി രൂപ വകയിരുത്തുന്നു.

675. ഐ.ടി.ഐ. കളുടെ ആധുനികവൽക്കരണത്തിനായി 25 കോടി രൂപ വകയിരുത്തുന്നു.

676. ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കാൻ 2 കോടി രൂപ വകയിരുത്തുന്നു.

677. **ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പ്രോട്ടീൻ സമ്പുഷ്ടമായ ഉച്ചഭക്ഷണം നൽകുന്ന പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തെ വിഹിതത്തേക്കാൾ 6 കോടി രൂപ അധികമാണ്.**

678. ശരണ്യ സ്വയംതൊഴിൽ പദ്ധതിക്ക് 17 കോടി രൂപ വകയിരുത്തുന്നു.

679. കിലെയെ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതാണ്. അതിനായുള്ള ഒരു കോടി രൂപ ഉൾപ്പെടെ കിലെയുടെ വിവിധ പ്രവർത്തന ങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

680. നോർക്കയുടെ വിവിധ കർമ്മ പരിപാടികൾക്കായി 150.81 കോടി രൂപ വകയിരുത്തുന്നു. ഇതിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനു മായുള്ള 77.50 കോടി രൂപയും ഉൾപ്പെടുന്നു. ND-PREM പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ വകയിരുത്തുന്നു.

681. NRKs Welfare Fund Board-ലെ അംഗങ്ങൾക്ക് വിവിധ സഹായങ്ങൾ നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 23 കോടി രൂപ വകയിരുത്തുന്നു.

**പട്ടികജാതി വികസനം**

682. **സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 40000 പഠനമുറികളും, ഭവന നവീകരണ പദ്ധതി (സേഫ്) -യിൽ 12500 വീടുകളും, അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ 745 നഗറുകളും നിർമ്മിച്ചിട്ടുണ്ട്.**

683. പട്ടിക-പിന്നാക്ക വിഭാഗത്തിലെ 820 വിദ്യാർത്ഥിക ൾക്ക് ലോകത്തെ മികച്ച വിദേശ സർവ്വകലാശാല

കളിൽ പഠന സൗകര്യമൊരുക്കിയ **'ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്'** പദ്ധതി നടപ്പിലാക്കി.

684. പട്ടികജാതി വികസന വകുപ്പിന് 1801.60 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1435.25 കോടി രൂപയും ഉൾപ്പെടെ പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനുള്ള പട്ടികജാതി ഉപപദ്ധതിയ്ക്കായി ആകെ 3236.85 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 114.90 കോടി രൂപ അധികമാണ്. പട്ടികജാതി ഉപപദ്ധതിയിലുൾപ്പെടുത്തി പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയും ഡോ. അംബേദ്ക്കർ ഗ്രാമവികസന പദ്ധതികൾക്കായി 55 കോടി രൂപയും നീക്കിവയ്ക്കുന്നു.

685. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമായ 73 കോടി രൂപയും 'പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അധിക സംസ്ഥാന സഹായം എന്ന പദ്ധതിയുടെ വിഹിതമായ 221.47 കോടി രൂപയും ഉൾപ്പെടെ പട്ടികജാതി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കായി ആകെ 294.47 കോടി രൂപ വകയിരുത്തുന്നു.

686. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതിയിലുൾപ്പെടുത്തി വിദ്യാഭ്യാസ സഹായത്തിനായി 242 കോടി രൂപ വകയിരുത്തുന്നു.

687. പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തുന്നു.

688. സംഘടിത മേഖലയിൽ തൊഴിൽ ലഭിക്കുന്നതിന് വേണ്ടി വിവിധ വികസന വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾക്കായി 60 കോടി രൂപ വകയിരുത്തുന്നു.

689. കേരളത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 17 കോടി രൂപ വകയിരുത്തുന്നു.

690. പട്ടികജാതി വിഭാഗക്കാരുടെ ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കുന്നതിന് സഹായം നൽകുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന സമൃദ്ധി കേരളം പദ്ധതിക്കുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു.

691. ഭൂരഹിതരായ 5000 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങാൻ സഹായം നൽകുന്നതിനായി 170 കോടി രൂപ വകയിരുത്തുന്നു. അതിദാരിദ്ര്യ സർവ്വെ 2021-22 പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

692. പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങളുടെ പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും, ജീർണ്ണിച്ച ഭവനങ്ങളുടെ മെച്ചപ്പെടുത്തലിനും, പഠന

മുറികളുടെ നിർമ്മാണത്തിനുമായി ആവിഷ്കരിച്ച സേഫ് പദ്ധതിയ്ക്കുമായി 240 കോടി രൂപ വകയിരുത്തുന്നു.

693. പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹിക മായും പിന്നാക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്കിലിയർ എന്നീ വിഭാഗ ക്കാരുടെ പുനരധിവാസത്തിനായും സാമ്പത്തിക ഉന്നമനത്തിനായുമുള്ള വിവിധ വികസന പരിപാടി കൾ നടപ്പാക്കുന്നതിനായി 51 കോടി രൂപ വകയിരുത്തുന്നു.

694. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതിയ്ക്കായി 88 കോടി രൂപ വകയിരുത്തുന്നു.

695. പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന നഗറുകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതിയ്ക്ക് 55 കോടി രൂപ വകയിരുത്തുന്നു.

696. പട്ടികജാതി നഗറുകളിലേയും നഗറുകൾക്ക് വെളിയിൽ ചിതറിക്കിടക്കുന്ന പട്ടികജാതി കുടുംബങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

**പട്ടികവർഗ്ഗ വികസനം**

697. **പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിടുന്ന പട്ടികവർഗ്ഗ ഉപപദ്ധതിക്ക് 1020.44 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 46.31 കോടി രൂപ അധികമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 804.70 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 215.74 കോടി രൂപയും ചെലവഴിക്കുന്നതാണ്.**

698. വിദ്യാവാഹിനി പദ്ധതിക്കായി 30 കോടി രൂപയും പട്ടികവർഗ്ഗക്കാർക്കുള്ള വരുമാന ദായക കാർഷിക ഉദ്യമം പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും വകയിരുത്തുന്നു.

699. കേരള ട്രൈബൽ പ്ലസ് പദ്ധതിയ്ക്ക് 35 കോടി രൂപ വകയിരുത്തുന്നു.

700. 16 മോഡൽ റസിഡൻഷ്യൽ / ആശ്രമം സ്കൂളുകൾ, നാല് ഏകലവ്യ സ്കൂളുകൾ, രണ്ട് സ്പെഷ്യൽ CBSE മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ് ചെലവിനായി 60 കോടി രൂപ വകയിരുത്തുന്നു.

701. പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെ വിഹിതത്തിന്റെ ഇരട്ടിയാണ്.

702. പട്ടികവർഗ്ഗ മേഖലകളിൽ മാതൃക റസിഡൻഷ്യൽ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

703. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായ പദ്ധതികൾക്കായി ആകെ 27.46 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 6 കോടി രൂപ പട്ടിക വർഗ്ഗ യുവതികളുടെ വിവാഹ സഹായത്തിനായും, 4 കോടി രൂപ സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായത്തിനായും 17 കോടി രൂപ ജനനി ജന്മരക്ഷ പദ്ധതിയ്ക്കായും, 45 ലക്ഷം രൂപ പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായത്തിനായും നീക്കിവയ്ക്കുന്നു.

704. പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാര കുറവ് എന്നിവ ഇല്ലാതാക്കുന്നതിനുള്ള പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു.

705. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിക്കായി 32 കോടി രൂപ വകയിരുത്തുന്നു.

706. അപൂർണ്ണമായ പട്ടികവർഗ്ഗ ഭവനങ്ങളുടെ പൂർത്തീകരണത്തിനും സേഫ് ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതികൾക്കുമായി 70 കോടി രൂപ വകയിരുത്തുന്നു.

707. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഉന്നതികളിലേക്ക് വ്യാപിപ്പിക്കുന്നതിനും മുൻ വർഷങ്ങളിൽ ഏറ്റെടുത്തവ

പൂർത്തീകരിക്കുന്നതിനുമായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്ക് 42 കോടി രൂപ വകയിരുത്തുന്നു.

708. പട്ടികവർഗ്ഗ മേഖലയിൽ ഭൂമി വാങ്ങിനൽകുന്നതിനും, പുനരധിവാസ മേഖലകളുടെ വികസനത്തിനുമായി 'ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം' പദ്ധതിയിൽ 42 കോടി രൂപ വകയിരുത്തുന്നു.

709. പട്ടികവർഗ്ഗ ഉപപദ്ധതിയിലെ കോർപ്പസ് ഫണ്ടിനായി 46 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെ വിഹിതത്തേക്കാൾ 6 കോടി രൂപ അധികമാണ്.

710. പട്ടികവർഗ്ഗ ജനസംഖ്യയിലെ ഏറ്റവും വലിയ വിഭാഗമായ പണിയ വിഭാഗത്തിന് സാമൂഹ്യ വികസനവും ഉപജീവനവും ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കുന്ന പ്രത്യേക വികസന പാക്കേജിനായി 3 കോടി രൂപ വകയിരുത്തുന്നു.

**മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

711. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആകെ 278.62 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 12 കോടി രൂപ അധികമാണ്.

712. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് ഓഹരി മൂലധന സഹായമായി 10 കോടി രൂപ

വകയിരുത്തുന്നു. ഇത് മുൻവർഷം അനുവദിച്ച തുകയേക്കാൾ 2 കോടി രൂപ അധികമാണ്.

713. അർഹരായ മറ്റ് സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സഹായം, പോസ്റ്റ് മെട്രിക് സഹായം എന്നിങ്ങനെ 2 വിഭാഗങ്ങളിലായി യഥാക്രമം 5 കോടി രൂപയും 40 കോടി രൂപയും ഉൾപ്പടെ ആകെ ധനസഹായമായി 45 കോടി രൂപ വകയിരുത്തുന്നു.

714. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗങ്ങൾക്കായി ആകെ 4.19 കോടി രൂപ വകയിരുത്തുന്നു. പിന്നാക്ക വിഭാഗങ്ങളിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിനും പണിയായുധങ്ങൾ വാങ്ങുന്നതിനുമായി 3.50 കോടി രൂപയും വകയിരുത്തുന്നു.

715. മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിവിധ മേഖലകളിൽ തൊഴിലിനും തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി 18.40 കോടി രൂപ വകയിരുത്തുന്നു.

716. ഒന്നാം തരം മുതൽ 8-ാം തരം വരെയുള്ള ക്ലാസുകളിലെ OBC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'കെടാവിളക്ക്'. ഇതിനായി 15 കോടി രൂപ വകയിരുത്തുന്നു.

**ന്യൂനപക്ഷ ക്ഷേമം**

717. പരിശുദ്ധ ഹജ്ജ് തീർത്ഥാടകർക്ക് വേണ്ടിയുള്ള കോഴിക്കോട് എംബാർക്കേഷൻ പോയിന്റ് സർക്കാർ ഇടപെടലിന്റെ ഭാഗമായി പുനഃസ്ഥാപിക്കുകയും കണ്ണൂർ എംബാർക്കേഷൻ പോയിന്റ് പുതുതായി അനുവദിക്കുകയും ചെയ്തു. കോഴിക്കോട് ഹജ്ജ് ഹൗസിനോട് ചേർന്ന് 8.20 കോടി രൂപ വിനിയോഗിച്ച് 2022-ൽ പുതിയ വനിതാ ബ്ലോക്ക് കെട്ടിടം നിർമ്മിക്കുകയുണ്ടായി. ഒരു സ്ഥിരം ഹജ്ജ് ടെർമിനൽ നിർമ്മിക്കുന്നതിനായി കണ്ണൂർ എയർ പോർട്ടിന് സമീപത്തെ കിൻഫ്രയുടെ ഉടമസ്ഥത യിലുള്ള 1 ഏക്കർ സ്ഥലം വിട്ട് നൽകുവാൻ കിൻഫ്രയും KIAL  ഉം തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്.

718. വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി 105.63 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 8 കോടി രൂപ അധികമാണ്.

719. APJ അബ്ദുൾ കലാം സ്കോളർഷിപ്പിനുള്ള 82 ലക്ഷം രൂപ ഉൾപ്പെടെ വിവിധ സ്കോളർഷിപ്പ് സ്കീമുകൾക്കായി 9.61 കോടി രൂപ വകയിരുത്തുന്നു.

720. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള നൈപുണ്യ വികസന തൊഴിലധിഷ്ഠിത പദ്ധതികൾക്കായി 7.02 കോടി രൂപയും സ്ത്രീകൾക്ക് വേണ്ടിയുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതിക്കായി 5 കോടി രൂപയും വകയിരുത്തുന്നു.

**മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

721. കേരള സംസ്ഥാന മുന്നാക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന് 38 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 3 കോടി രൂപ അധികമാണ്.

**സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

722. സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന മേഖലയ്ക്കായി 706.71 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 80.98 കോടി രൂപ അധികമാണ്.

723. പാർശ്വവൽക്കരിക്കപ്പെട്ട/അസംഘടിത വിഭാഗക്കാർക്ക് വേണ്ടിയുള്ള സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

724. **സർ, രാജ്യത്തെ ഏറ്റവും ബൃഹത്തായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി കേരളത്തിലാണ്. 60 ലക്ഷത്തോളം പേർക്ക് പ്രതിമാസം 1600 രൂപ പെൻഷൻ നൽകാനായി 11,000 കോടി രൂപയിലധികമാണ് സർക്കാർ ഒരു വർഷം ചെലവഴിക്കുന്നത്. ഈ സർക്കാർ ഇതുവരെ പെൻഷനുവേണ്ടി ചെലവഴിച്ചത് 33,210.68 കോടി രൂപയാണ്.** സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ചില പ്രത്യേക വിഭാഗങ്ങളിൽ കേന്ദ്രസഹായം ലഭ്യമാകുന്നുണ്ട്.

ആകെ വേണ്ടി വരുന്ന തുകയുടെ രണ്ട് ശതമാനമാണ് കേന്ദ്ര വിഹിതം.

725. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാന നിയമസഭയിൽ റൂൾ 300 പ്രകാരം പുറപ്പെടുവിച്ച പ്രസ്താവനയിൽ സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക തീർത്ത് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ സാമ്പത്തിക വർഷം രണ്ട് ഗഡു കുടിശ്ശിക അനുവദിക്കുകയുണ്ടായി. അതത് മാസത്തെ പെൻഷൻ കൃത്യമായി നൽകിവരികയും ചെയ്യുന്നു. 2025-26 ൽ അവശേഷിക്കുന്ന മൂന്ന് കുടിശ്ശികകൾ കൊടുത്തു തീർക്കും. കേന്ദ്രം കേരളത്തെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുമ്പോഴും സംസ്ഥാനത്തെ അടിസ്ഥാന ജനവിഭാഗത്തെ കൈവിടാതെ കാക്കാൻ എൽ.ഡി.എഫ് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വരുന്ന സാമ്പത്തികവർഷവും അതത് മാസത്തെ പെൻഷൻ കുടിശ്ശിക കൂടാതെ നൽകും.

726. ബാരിയർ ഫ്രീ കേരള പദ്ധതിയ്ക്കായി 8 കോടി രൂപ വകയിരുത്തുന്നു.

727. സായംപ്രഭ പദ്ധതിയുടെ വിഹിതം 7.50 കോടി രൂപ വർദ്ധിപ്പിച്ച് 14 കോടി രൂപയായി വകയിരുത്തുന്നു.

728. ട്രാൻസ്ജെൻഡറുകൾക്കായുള്ള മഴവിൽ പദ്ധതിക്കായി 5.50 കോടി രൂപ വകയിരുത്തുന്നു.

729. അനധികൃതമായി രാജ്യത്ത് പ്രവേശിച്ചവർക്കും, ശിക്ഷ കഴിഞ്ഞ് നാട്ടിലേയ്ക്ക് മടങ്ങാൻ കാത്തിരിക്കുന്ന

വിദേശികൾക്കും താൽക്കാലിക താമസ സൗകര്യം പ്രദാനം ചെയ്യുന്ന ട്രാൻസിറ്റ് ഹോം എന്ന പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

730. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ വിഹിതം 18 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

731. സംസ്ഥാനത്ത് എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനായി 17 കോടി രൂപ വകയിരുത്തുന്നു.

732. വയോമിത്രം പദ്ധതിയ്ക്കായി 27.50 കോടി രൂപ വകയിരുത്തുന്നു.

733. വൈകല്യമുള്ളവർക്ക് വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അനുയാത്ര പദ്ധതിയ്ക്കായി 21 കോടി രൂപ വകയിരുത്തുന്നു.

734. വൃക്ക തകരാറുകൾ, വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർ, ഹീമോഫീലിയയും ബന്ധപ്പെട്ട രോഗങ്ങളും, സിക്കിൾ സെൽ അനീമിയ എന്നിവ ബാധിച്ച് ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ധനസഹായം നൽകുന്ന സമാശ്വാസ പദ്ധതിയ്ക്കായി 6 കോടി രൂപ വകയിരുത്തുന്നു.

735. കിടപ്പിലായ രോഗികളെ വീട്ടിൽ പരിചരിക്കുന്നതിന് കുടുംബാംഗങ്ങൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ

ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതിയ്ക്കായി 50 കോടി രൂപ വകയിരുത്തുന്നു.

736. അനാഥരായവരോ മാതാപിതാക്കളിൽ ഒരാൾ മാത്രമോ ഉള്ള കുട്ടികൾക്കും, എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്കുമുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'സ്നേഹപൂർവ്വം' പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു.

737. ജ്യൂവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹിക സഹായ പദ്ധതിയായ മിഠായി പദ്ധതിയ്ക്ക് 3.8 കോടി രൂപ വകയിരുത്തുന്നു.

738. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 16 കോടി രൂപ വകയിരുത്തുന്നു.

739. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 22 കോടി രൂപ, നിർഭയ പ്രോഗ്രാമിന് 12 കോടി രൂപ, സ്ത്രീകൾക്ക് സാമൂഹിക നീതി ഉറപ്പാക്കുന്നതിനുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾക്കായി 14.50 കോടി രൂപ എന്നിങ്ങനെ വകയിരുത്തുന്നു.

740. **അങ്കണവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 11 കോടി രൂപയും മാതൃകാ അങ്കണവാടികളുടെയും**

**സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങളുടെയും നിർമ്മാണത്തിനായി 12 കോടി രൂപയും വകയിരുത്തുന്നു.**

741. **സർ, അങ്കണവാടികളിൽ മുട്ടയും പാലും നൽകുന്ന പദ്ധതി വിപുലപ്പെടുത്തുന്നതാണ്. എല്ലാ പ്രവൃത്തിദിനങ്ങളിലും മുട്ടയോ പാലോ നൽകുന്നു എന്ന് ഉറപ്പാക്കും. പദ്ധതിയുടെ വിഹിതം 80 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

742. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ  സോഷ്യൽ പദ്ധതിയ്ക്കായി 51 കോടി രൂപ വകയിരുത്തുന്നു.

743. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 11 കോടി രൂപ വകയിരുത്തുന്നു.

744. ജെൻഡർ പാർക്ക് പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ വകയിരുത്തുന്നു.

745. പ്രധാനമന്ത്രി മാതൃ വന്ദന യോജന എന്ന പദ്ധതിയുടെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമായി 30 കോടി രൂപ വകയിരുത്തുന്നു.

746. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ ഉൾപ്പടെ കുട്ടികൾക്കായുള്ള നൂതന സംസ്ഥാന പദ്ധതികൾക്കായി 16 കോടി രൂപ വകയിരുത്തുന്നു.

747. കുടുംബമോ മറ്റ് പിന്തുണയോ ഇല്ലാതെ ശിശു മന്ദിരത്തിലൂടെ സംരക്ഷണം ലഭിച്ച കുട്ടികൾക്ക്

18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാപനത്തിൽ നിന്നും സ്വതന്ത്ര ജീവിതം നയിക്കാൻ ഉതകുന്ന തരത്തിലുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി ആഫ്റ്റർ കെയർ ഹോം സംവിധാനം ഏർപ്പെടുത്തുന്ന താണ്. ഈ കുട്ടികൾക്ക് അവരുടെ കഴിവിനനുസരിച്ച് നൈപുണ്യ വികസന പരിശീലിനം നൽകുവാനും വകുപ്പിന്റെ കീഴിലുള്ള അനുയോജ്യമായ സ്ഥാപന ങ്ങളിലും/കമ്പനികളിലും തൊഴിൽ നൽകുവാനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തന ങ്ങൾക്കായി 11 കോടി രൂപ വകയിരുത്തുന്നു.

748. **സർ, ഇടുക്കി ജില്ലയിൽ കുട്ടികൾക്കുള്ള ഗവൺമെന്റ് കെയർ ഹോം സ്ഥാപിക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു. ഇതോടെ എല്ലാ ജില്ലകളിലും കുട്ടികളുടെ ഗവൺമെന്റ് കെയർ ഹോമുകൾ എന്ന ലക്ഷ്യം സാധ്യമാകും.**

749. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം തൊഴിലിടങ്ങളിൽ ക്രഷുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.

750. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 18.1 കോടി രൂപ വകയിരുത്തുന്നു.

751. പോക്സോ കേസുകൾ വിചാരണ നടത്തുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള 55 കോടതികളുടെയും

**ഒരു പുതിയ സ്പെഷ്യൽ ഫാസ്റ്റ് ട്രാക്ക് കോടതിയുടെയും** പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

752. പോഷകാഹാര മേഖലയ്ക്ക് ആകെ 532.76 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര സഹായമായി 379.50 കോടി രൂപ പ്രതീക്ഷിക്കുന്നു.

753. ആറു വയസിന് താഴെയുള്ള കുട്ടികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശ്യത്തോടെ ദേശീയതലത്തിൽ നടപ്പാക്കുന്ന സംയോജിത ശിശുവികസന സേവനങ്ങൾ എന്ന പദ്ധതിയുടെ സംസ്ഥാന വിഹിതമായി 138 കോടി രൂപ വകയിരുത്തുന്നു.

754. നാഷണൽ ന്യൂട്രീഷൻ മിഷന് സംസ്ഥാന വിഹിതമായി 15 കോടി രൂപ വകയിരുത്തുന്നു.

**സംസ്ഥാന ആസൂത്രണ ബോർഡ്**

755. സംസ്ഥാന ആസൂത്രണ ബോർഡിനെ ശക്തിപ്പെടുത്തി ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും ലൈബ്രറി ശക്തിപ്പെടുത്തുന്നതിനുമായി 2.27 കോടി രൂപയും സർവ്വേകളും പഠനങ്ങളും നടത്തുന്നതിനായി 5.84 കോടി രൂപയും വകയിരുത്തുന്നു.

756. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ഡി.പി.സി കെട്ടിടങ്ങളിലും നവീന അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിനായി 12.51 കോടി രൂപ വകയിരുത്തുന്നു.

**നവകേരള സദസിൽ ഉൾപ്പെട്ട അടിസ്ഥാന വികസന പദ്ധതികൾക്കായുള്ള ഫണ്ട്**

757. ജനാധിപത്യ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട അധ്യായമാണ് കേരള സർക്കാർ സംഘടിപ്പിച്ച നവകേരള സദസ്. ലോകത്തിൽ തന്നെ ആദ്യമായിട്ടാണ് ഒരു മന്ത്രിസഭയിലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും ജനങ്ങളിലേയ്ക്ക് നേരിട്ട് ഇറങ്ങിച്ചെന്ന് ചർച്ച നടത്തി അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചത്. നവകേരള സദസിന് മുന്നിൽ വന്ന അടിസ്ഥാന വികസന പദ്ധതികൾക്കായി 210 കോടി രൂപ വകയിരുത്തുന്നു. ഓരോ നിയമസഭാ മണ്ഡലത്തിനും പരമാവധി 7 കോടി രൂപ വരെയുള്ള പദ്ധതികൾ ഏറ്റെടുക്കാനാകും. പ്ലാനിൽ വകയിരുത്തിയിട്ടുള്ളതിന് പുറമേ 500 കോടി രൂപ കൂടി നവകേരള പദ്ധതികൾക്കായി അധികമായി വകയിരുത്തുന്നു.

758. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ വകയിരുത്തുന്നു.

759. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 3.12 കോടി രൂപ വകയിരുത്തുന്നു.

സി.ഡി.എസ് -ന് ഒറ്റ തവണ സഹായമായി 5 കോടി രൂപ അനുവദിക്കുന്നു.

**രജിസ്ട്രേഷൻ**

760. രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർവത്കരണം നടപ്പാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

761. രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും റെക്കോർഡ് റൂമുകളുടെ ആധുനികവത്കരണത്തിനുമായി 12.60 കോടി രൂപ വകയിരുത്തുന്നു.

762. സബ് രജിസ്ട്രി ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന പൈതൃക റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ, സംരക്ഷണം, പഴയ ബാധ്യതാ രേഖകളുടെ അപ്ഗ്രേഡേഷൻ തുടങ്ങിയ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കായി 9.69 കോടി രൂപ വകയിരുത്തുന്നു.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

763. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓൺലൈൻ പരീക്ഷാ നടത്തിപ്പ് വിപുലീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 1.38 കോടി രൂപ വകയിരുത്തുന്നു.

**വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ**

764. വിജിലൻസ് വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി സാങ്കേതികശേഷി, മികച്ച അടിസ്ഥാന

സൗകര്യങ്ങൾ, പരിശീലനം തുടങ്ങിയവ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

765. വിജിലൻസ് കോംപ്ലക്സുകൾ, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 6.96 കോടി രൂപ വകയിരുത്തുന്നു.

**പോലീസ്**

766. **പോലീസ് വകുപ്പിന്റെ ആധുനികവത്കരണത്തിനായി 104 കോടി രൂപ വകയിരുത്തുന്നു.**

767. പോലീസ് സ്റ്റേഷൻ നിർമ്മാണം, സബ് ഡിവിഷൻ ഓഫീസ് നിർമ്മാണം, ജില്ലാ പോലീസ് ഓഫീസുകൾ, ഫോറൻസിക് സയൻസ് ലബോറട്ടറി, ക്രൈംബ്രാഞ്ച് ഓഫീസുകൾ, എ.പി. ബറ്റാലിയനുകൾ, സൈബർ ഡോം, കേരള പോലീസ് അക്കാദമി വിപുലീകരണം, പോലീസ് ട്രെയിനിംഗ് കോളേജ് വിപുലീകരണം എന്നിവയ്ക്കായി 48.89 കോടി രൂപ വകയിരുത്തുന്നു.

768. പോലീസ് സ്റ്റേഷനുകളിൽ ലിംഗപരമായ അസമത്വങ്ങൾ ഇല്ലാതാക്കുക, പെൺകുട്ടികൾക്കും സ്ത്രീകൾക്കും നിയമ അവബോധം നൽകുക തുടങ്ങി പോലീസ് വകുപ്പിന്റെ വനിതാ സെൽ നടപ്പാക്കുന്ന പദ്ധതിയ്ക്കായി 5.10 കോടി രൂപ വകയിരുത്തുന്നു.

769. തീവ്രവാദ പ്രവർത്തന ബാധിത പ്രദേശങ്ങളുടെ പ്രത്യേക അടിസ്ഥാന സൗകര്യ വികസനം, സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ, സുരക്ഷാ അടിസ്ഥാന സൗകര്യ വികസനം, പരിശീലന കേന്ദ്രങ്ങൾ, അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക എന്നിവ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയുടെ സംസ്ഥാന വിഹിതമായി 12 കോടി രൂപ വകയിരുത്തുന്നു.

**ജയിൽ വകുപ്പ്**

770. ജയിൽ വകുപ്പിനുള്ള വിഹിതത്തിൽ 11.50 കോടി രൂപയുടെ വർദ്ധനവ് വരുത്തുന്നു. വിവിധ ജയിലുകളുടെയും കറക്ഷൻ ഹോമുകളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി 20 കോടി രൂപ വകയിരുത്തുന്നു. പാല, മീനച്ചൽ സബ് ജയിലിനുള്ള പുതിയ കെട്ടിട നിർമ്മാണവും ഇതിലുൾപ്പെടുന്നു. സ്ഥലപരിമിതിയുള്ള ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ പണം വകയിരുത്തും.

771. തൊഴിലധിഷ്ഠിത പരിശീലന പരിപാടികളിലൂടെയും മറ്റ് ക്ഷേമപ്രവർത്തനങ്ങളിലൂടെയും തടവുകാരുടെ പുനരധിവാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.

**ജുഡീഷ്യറി**

772. ഹൈക്കോടതിയുടെയും സബോർഡിനേറ്റ് കോടതികളുടെയും കേരള ജുഡീഷ്യൽ അക്കാദമിയുടെയും

ആധുനികവത്കരണത്തിനായി 17.04 കോടി രൂപ വകയിരുത്തുന്നു.

773. ഹൈക്കോടതിയെ കടലാസ് രഹിത ഓഫീസ് ആക്കിമാറ്റുന്നതിന്റെ ഭാഗമായി റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) ഉപയോഗപ്പെടുത്തൽ, കോടതികൾ തമ്മിലുള്ള അതിവേഗ ആശയ വിനിമയം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 3.51 കോടി രൂപ വകയിരുത്തുന്നു. ഹൈക്കോടതിയിലെ ആദ്യകാല കെട്ടിടമായ രാംമോഹൻ പാലസ് സംരക്ഷിക്കുന്നതിനും മ്യൂസിയമായി വികസിപ്പിക്കുന്നതിനും 3 കോടി രൂപ വകയിരുത്തുന്നു.

774. ജുഡീഷ്യറി വകുപ്പിന് കീഴിലെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സംസ്ഥാന വിഹിതമായി 18 കോടി രൂപ വകയിരുത്തുന്നു.

**പ്രോസിക്യൂഷൻ**

775. പ്രോസിക്യൂഷൻ വകുപ്പ് ഡയറക്ടറേറ്റിനുള്ള കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള ആധുനികവത്കരണത്തിനായി 4.14 കോടി രൂപ വകയിരുത്തുന്നു.

**എക്സൈസ്**

776. എക്സൈസ് വകുപ്പിന് ആധുനിക സൗകര്യങ്ങൾ നൽകി നവീകരിക്കൽ, നിർവ്വഹണ ഉപകരണങ്ങൾ

വാങ്ങൽ, ഓഫീസുകളുടെ നിർമ്മാണം എന്നിവയ്ക്കായി 9.27 കോടി രൂപ വകയിരുത്തുന്നു.

777. വിമുക്തി  ഡി അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുള്ള വിഹിതം 12 കോടി രൂപയായി ഉയർത്തുന്നു.

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്**

778. **അടിസ്ഥാന സൗകര്യങ്ങൾ ആധുനികവത്കരിക്കുന്ന പ്രവർത്തനങ്ങൾക്കായി 8.10 കോടി രൂപയും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപയും ജി.എസ്.ടി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനായി 3 കോടി രൂപയും വകുപ്പിന് വാഹനങ്ങൾ വാങ്ങിക്കുവാൻ 8.80 കോടി രൂപയും ഉൾപ്പെടെ ചരക്ക് സേവന നികുതി വകുപ്പിലെ വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 23.90 കോടി രൂപ വകയിരുത്തുന്നു.**

**ജി.എസ്.ടി ക്യാമ്പയിൻ**

779. കൂടുതൽ വ്യാപാരികളെ ജി.എസ്.ടി സംവിധാനത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരുന്നതിനും ജി.എസ്.ടി റിട്ടേണുകൾ ഫയൽ ചെയ്യുന്നത് വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാനതല ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

**ധനകാര്യ വകുപ്പ്**

780. സ്പാർക്ക് വേർഷൻ 2.0 എന്ന പദ്ധതിയ്ക്കായി 1.83 കോടി രൂപയും ധനകാര്യ വകുപ്പിന്റെ ഐടി

സോഫ്റ്റ്‌വെയർ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 1 കോടി രൂപയും വകയിരുത്തുന്നു.

781. സർ, രണ്ട് ലക്ഷത്തിൽ അധികം വരുന്ന ജീവനക്കാർ ഉൾപ്പെടുന്ന എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രോവിഡന്റ് ഫണ്ടുകളുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും വേഗത്തിലും സ്വീകരിക്കുന്നതിനായി വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറായ GAINPF-ന്റെ കാര്യക്ഷമമായ നിർവ്വഹണത്തിന് ഒരു പ്രോജക്റ്റ് മാനേജ്മെൻറ് യൂണിറ്റ് (PMU) സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

**ട്രഷറി**

782. ഐ.സി.ടി ഇൻഫ്രാസ്ട്രക്ചർ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 7.70 കോടി രൂപയും അടിസ്ഥാന സൗകര്യ നവീകരണവും സെൻട്രൽ സെർവർ സിസ്റ്റം സ്ഥാപിക്കലും ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി 7.50 കോടി രൂപയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനുമായി 4.30 കോടി രൂപയും ഉൾപ്പെടെ ആകെ 20 കോടി രൂപ ട്രഷറി വകുപ്പിന് വകയിരുത്തുന്നു. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമായി 3 കോടി രൂപ

വകയിരുത്തുന്നു. പുതിയ ഓഫീസ് മന്ദിരത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

783. 60 വർഷം പൂർത്തിയാക്കിയ (ഡയമണ്ട് ജൂബിലി) ട്രഷറി വകുപ്പിൽ 2024-2025 കാലയളവിലെ വകുപ്പിന്റെ വികസനം കാലികവുമായ ഒരുപാട് മാറ്റങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു.

784. **22 പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ഈ വർഷം ലഭ്യമായി. അതിൽ 17 ട്രഷറികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകി. സ്ത്രീ/ഭിന്നശേഷി/വയോജന സൗഹൃദ ഇടങ്ങളായാണ് പുതിയ ട്രഷറികളിൽ നിർമ്മിക്കുന്നത്. പുതുതലമുറ ബാങ്കിങ് സെക്ടറുകളോട് കിടപിടിക്കുന്ന രീതിയിലുള്ള ആധുനിക സജ്ജീകരണങ്ങളായിരിക്കും ട്രഷറികൾ സജ്ജമാക്കുന്നത്.**

785. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാന ത്തിന്റെ (IFMS) നട്ടെല്ലായ ട്രഷറി വകുപ്പ് PFMS സ്പർശ് പോലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ധനകാര്യ മാനേജ്മെന്റ് ട്രഷറി സംവിധാനത്തോട് വെബ് അധിഷ്ഠിതമായി സംയോജിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

786. IFMS മോഡ്യൂളുകളുടെ സെക്യൂരിറ്റി ഓഡിറ്റിങ് കൃത്യമായ ഇടവേളകളിൽ നടത്തി. ഈ സജീവമായ സമീപനം അപകട സാധ്യതകൾ കുറയ്ക്കുകയും ഇടപാടുകാരുടെ വിശ്വാസം സംരക്ഷിക്കുന്നതോടൊപ്പം IFMS ന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാനുപകരിച്ചു.

787. **സർ, കേരളം പൂർണ്ണമായും e–സ്റ്റാമ്പിംങ് സംവിധാനത്തിൻ കീഴിൽ ആയത് ഈ സാമ്പത്തിക വർഷത്തിലാണ്. എല്ലാ തരത്തിലുമുള്ള നോൺ-ജുഡീഷ്യൽ സ്റ്റാമ്പ് ഡിനോമിനേഷനുകളും ഇപ്പോൾ ഇ-സ്റ്റാമ്പായി തന്നെ നൽകി വരുന്നു. വെണ്ടർമാർക്ക് ട്രഷറികളിൽ പോകാതെ തന്നെ സ്റ്റാമ്പ് ലഭ്യമാക്കുകയും ഇടപാടുകാർക്ക് ആവശ്യാനുസരണം സ്റ്റാമ്പ് പേപ്പർ ലഭ്യമാക്കാനും ഈ സംവിധാനത്തിലൂടെ സാധിയ്ക്കുന്നു. സ്റ്റാമ്പിന്റെ ലഭ്യത, കൃത്യത, സുരക്ഷാ തുടങ്ങി ഇടപാടുകൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനം ഇ-സ്റ്റാമ്പിങ് നടപ്പിലാക്കിയത് വഴി നൽകാനായി.**

788. കാർബൺ രഹിത വികസനം എന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്കുള്ള ഒരു ചുവടുവയ്പ്പായി തൃശ്ശൂർ അന്നമനട സബ് ട്രഷറിയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബാറ്ററികൾ ഉള്ള UPS സംവിധാനം സ്ഥാപിച്ചു.

789. സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും ഹരിത ട്രഷറികൾ ആയി പരിവർത്തനം ചെയ്യുന്ന പദ്ധതി വകുപ്പ് ലക്ഷ്യമിടുന്നു.

## മുൻഗണനാ കൗണ്ടറുകൾ

790. ട്രഷറി വകുപ്പിന്റെ സബ് ഓഫീസുകളിൽ ഘട്ടംഘട്ടമായി മുൻഗണനാ കൗണ്ടറുകൾ സ്ഥാപിക്കും. വകുപ്പിന്റെ ഇടപാടുകാരിൽ ഒരു പ്രധാന വിഭാഗം പെൻഷൻകാരാണ്. ഇവർ ട്രഷറി ഇടപാടുകൾക്കായി ദീർഘനേരം നീണ്ട ക്യൂവിൽ നിൽക്കേണ്ടി വരുന്നത് ഒഴിവാക്കുവാനാണ് പുതിയ സംവിധാനം ഏർപ്പെടുത്തുന്നത്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)

791. **ഈ സർക്കാരിന്റെ കാലയളവിൽ KFC യുടെ ഓഹരി മൂലധനം 300 കോടി രൂപയിൽ നിന്നും 600 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. KFC യുടെ ഓഹരി മൂലധനം 200 കോടി രൂപ കൂടി വർദ്ധിപ്പിച്ച് 800 കോടി രൂപയായി ഉയർത്തുന്നു.**

792. സംരംഭകരെ കൂടാതെ ഓരോ സ്ഥാപനത്തിൽ നിന്നും 10 പേർക്ക് പ്രത്യക്ഷമായും 10 പേർക്ക് പരോക്ഷമായും തൊഴിൽ നൽകത്തക്ക രീതിയിൽ ഒരു വർഷം 500 ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതിയാണ് **മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി. 2 കോടി രൂപ വരെയുള്ള വായ്പകൾ 3% സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി 5% പലിശ നിരക്കിൽ ലഭ്യമാക്കുന്നു. ഈ പദ്ധതിയിലൂടെ ഇതുവരെ 2886 ലോണുകളിലായി വ്യവസായ സംരംഭങ്ങൾക്ക് 892.71 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.**

**പദ്ധതിയിലൂടെ ഏകദേശം ഇരുപത്തിഅയ്യായിരത്തോളം പ്രത്യക്ഷമായും മുപ്പത്തിഅയ്യായിരത്തോളം പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.**

793. സ്റ്റാർട്ടപ്പുകളുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകുന്നതിനായി സെക്യൂരിറ്റി ഇല്ലാതെ, വെഞ്ചർ ഡെബ്റ്റ്, പർച്ചേയ്സ് ഓർഡറുകൾക്കുള്ള വായ്പ ഉൾപ്പടെ ലളിതമായ വ്യവസ്ഥയിൽ 10 കോടി രൂപ വരെ വായ്പ അനുവദിക്കത്തക്ക രീതിയിൽ KFC യിൽ പദ്ധതി നടപ്പിലാക്കി. ഇതുവരെ 79 സ്റ്റാർട്ടപ്പുകൾക്ക് ഇതിലൂടെ വായ്പയായി 82 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഏകദേശം 540 ഓളം പ്രത്യക്ഷമായും 850 ഓളം പരോക്ഷമായും തൊഴിൽ അവസരങ്ങൾ സംസ്ഥാനത്ത് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടു. വായ്പാ തുക 15 കോടി രൂപയായി ഉയർത്തും.

794. കാർഷിക അധിഷ്ഠിത വ്യവസായങ്ങളെയും അഗ്രോ-സ്റ്റാർട്ടപ്പുകളേയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച സ്കീമാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ. ലോൺ സ്കീം (KAMS). 3% സംസ്ഥാന സർക്കാർ സബ്സിഡിയോടെ 6% പലിശ നിരക്കിൽ 10 കോടി രൂപ വരെ ഈ പദ്ധതിയിലൂടെ വായ്പയായി ലഭിക്കുന്നു. 2% പലിശ ഇളവിൽ 50 കോടി രൂപ വരെ ഹോട്ടലുകൾക്ക് ടൂറിസം പദ്ധതികൾക്ക് വായ്പാ നൽകുന്ന സ്കീമും നടപ്പിലാക്കും. ഈ തുടരുന്ന

പദ്ധതികൾക്ക് പലിശ സബ്സിഡിക്കായി 30 കോടി രൂപ വകയിരുത്തുന്നു.

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSFE)**

795. കെ.എസ്.എഫ്.ഇ യുടെ അംഗീകൃത മൂലധനം 100 കോടിയിൽ നിന്നും 250 കോടി രൂപയായി സർക്കാർ ഉയർത്തി. അടച്ച് തീർത്ത മൂലധനം 100 കോടി രൂപയിൽ നിന്നും 200 കോടി രൂപയാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരികയുമാണ്.

796. **കെ.എസ്.എഫ്.ഇ യുടെ ആകെ വിറ്റുവരവ് ഒരു ലക്ഷം കോടി രൂപയിൽ എത്തിച്ചേരുന്ന വർഷമായി 2025 മാറുകയാണ്. ഇതിനകം വിറ്റുവരവ് 91,000 കോടി രൂപയായി മാറിയിട്ടുണ്ട്.**

797. **2021 മെയ് മുതൽ 3275 പേർക്ക് പി.എസ്.സി വഴി നിയമന ഉത്തരവ് നൽകുകയും ആയതിൽ 2500 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. 683 ശാഖകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടുതൽ ശാഖകൾ ആരംഭിക്കുന്നതാണ്.**

**ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്**

798. ജനങ്ങളിൽ സാമ്പത്തിക സാക്ഷരത സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, ഓൺലൈൻ പണാപഹരണം പോലുള്ള തട്ടിപ്പുകൾക്കെതിരെ ജനങ്ങളെ ബോധനവല്കരിക്കുക എന്നീ ഉദ്ദേശലക്ഷ്യം മുൻനിർത്തി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിനെയും,

പോലീസ് വകുപ്പിനെയും, തദ്ദേശ സ്വയംഭരണ വകുപ്പിനെയും കൂട്ടി യോജിപ്പിച്ച് സാക്ഷരതാ മിഷൻ, കുടുംബശ്രീ മിഷൻ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, യുവജന ക്ഷേമ ബോർഡ് എന്നിവയുടെ സഹകരണം കൂടി ഉറപ്പാക്കി സംയുക്തമായ പദ്ധതി നടപ്പാക്കുന്നതാണ്.

799. സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനും വിദ്യാർത്ഥി സമൂഹത്തിൽ സാമ്പത്തിക സാക്ഷരതയും മിതവ്യയ ശീലവും വ്യാപിപ്പിക്കുന്നതിന് വിദ്യാർത്ഥി സമ്പാദ്യ പദ്ധതി വിപുലീകരിക്കും.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

800. ഓഡിറ്റിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതരത്തിലുള്ള AIMS 2.0 എന്ന ആധുനികവത്കരിച്ച പതിപ്പ് വികസിപ്പിക്കാൻ തീരുമാനിച്ചു. നിർദ്ദിഷ്ട സംവിധാനം തടസ്സമില്ലാത്ത വിവര സംയോജനത്തോടെ ഒരു കേന്ദ്രീകൃത ഓഡിറ്റ് സംവിധാനം നടപ്പിലാക്കാൻ വിഭാവനം ചെയ്യുന്നു. ഇതുകൂടാതെ, AIMS 2.0 ഓഡിറ്റ് സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് ആപ്ലിക്കേഷനുമായി സംയോജിപ്പിക്കുന്നതിനും സാധിക്കും. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് 2.11 കോടി രൂപ വകയിരുത്തുന്നു.

**സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്**

801. എല്ലാ വിഭാഗം ഭാഗ്യക്കുറി തൊഴിലാളികൾക്കും ടിക്കറ്റുകൾ ഉറപ്പാക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഈ സാഹചര്യത്തിൽ ഈ

വിഭാഗക്കാർക്കും, ചെറുകിട ഏജന്റുമാർക്കും ടിക്കറ്റ് ലഭ്യത ഉറപ്പാക്കുന്നതിനായി "കോമൺ പൂൾ സംവിധാനം" നടപ്പിലാക്കുന്നതാണ്.

802. സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ ജീവനക്കാരുടെ പുനർവിന്യാസം നടപ്പിലാക്കുന്നതാണ്.

803. എഴുത്തു ലോട്ടറി, കോട്ടൺ കളി, സമൂഹ മാധ്യമങ്ങൾ വഴിയുള്ള ടിക്കറ്റ് വിൽപ്പന, സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന നാലക്കങ്ങൾ ഒരുപോലെ വരത്തക്ക രീതിയിൽ നമ്പറുകൾ ഒന്നിച്ചു ചേർത്ത് അമിത സെറ്റ് വിൽപ്പന തുടങ്ങി നിരവധി അനഭിലഷണീയ പ്രവണതകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.

## ഇൻഷുറൻസ് വകുപ്പ്

804. **ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടി കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പിന് വേണ്ടി ഒരു സമഗ്ര ഇൻഷുറൻസ് മാനേജ്മെന്റ് സിസ്റ്റം (IMS) തയ്യാറാക്കാൻ ലക്ഷ്യമിടുന്നു. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു.**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

805. **സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 1000 കോടി രൂപ ബജറ്റ് വിഹിതമായി നല്കിയിട്ടുണ്ട്. കൂടാതെ 1307.53 കോടി രൂപ പൊതുജനങ്ങളിൽ നിന്നും മറ്റും**

**സംഭാവനയായും ലഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് വിതരണം ചെയ്യുന്ന ചികിത്സാ സഹായമായ 765.65 കോടി രൂപയും പ്രളയ ദുരിതാശ്വാസമായി നൽകിയ 876.68 കോടി രൂപയും ഉൾപ്പെടെ ഈ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2238.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.**

**മെഡിസെപ്**

806. സർ, ജീവനക്കാരും പെൻഷൻകാരുമായി 11 ലക്ഷത്തോളം പേർ അംഗങ്ങളായിട്ടുള്ള മെഡിസെപ്പ് പദ്ധതിയിലൂടെ പണരഹിത ചികിത്സാ സേവനം ലഭിക്കുന്നത് 30 ലക്ഷത്തോളം പേർക്കാണ്. **സർ, യാതൊരു പ്രീ-മെഡിക്കൽ പരിശോധനകളും ഇല്ലാതെ ഏത് പ്രായത്തിലുള്ളവരെയും അംഗങ്ങളാക്കുന്ന മെഡിസെപ് പദ്ധതിയിലൂടെ നാളിതുവരെ 8.79 ലക്ഷം ക്ലെയിമുകളിലായി 1668 കോടി രൂപ അംഗീകരിച്ചു നൽകി. ഇതിൽ 1564 കോടി രൂപയും സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കുവേണ്ടിയാണ് അനുവദിച്ചത്.**

807. സർ, മെഡിസെപ്പ് പദ്ധതി തുടരുന്നത് സംബന്ധിച്ച് സർക്കാർ ഇൻഷ്വറൻസ് കമ്പനിയുമായും ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

**ജീവനക്കാര്യം**

808. **സർ, ജീവനക്കാരുടെ മേഖലയുമായി ബന്ധപ്പെട്ട ചില പ്രഖ്യാപനങ്ങൾ കൂടി നടത്തുന്നു.**

809. **സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ശക്തിപ്പെടുത്തും. ബാങ്ക് / ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് 2 ശതമാനം പലിശയിളവ് നൽകും. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.**

810. **സംസ്ഥാനത്തെ ദിവസവേതന കരാർ ജീവനക്കാരുടെ വേതനം 5 ശതമാനം വർദ്ധിപ്പിക്കുന്നു.**

811. **സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത/ ക്ഷാമാശ്വാസം 2025 ഏപ്രിൽ മാസം നൽകും.**

**അഷ്വേർഡ് പെൻഷൻ പദ്ധതി**

812. **കഴിഞ്ഞ ബജറ്റിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഒരു അഷ്വേർഡ് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിരുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച യു.പി.എസ് (യൂണിഫൈഡ് പെൻഷൻ സ്കീം), ഇതര സംസ്ഥാനങ്ങളിലെ സമാനമായ പെൻഷൻ പദ്ധതികൾ എന്നിവ കൂടി പരിശോധിച്ച് അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.**

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ**

813. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ജി.ഐ.എഫ്.ടി) ന്റെ പഠനങ്ങൾ, സെമിനാറുകൾ, പരിശീലനം, ശിൽപ്പശാല, ഫെലോഷിപ്പ് എന്നീ പ്രവർത്തനങ്ങൾക്കായി ഒരു

കോടി രൂപ വകയിരുത്തുന്നു. പുതിയ ഹോസ്റ്റൽ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

**റവന്യൂ വകുപ്പ്**

814. **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1,80,887 പട്ടയങ്ങൾ വിതരണം ചെയ്യതിലൂടെ അത്രയും കുടുംബങ്ങളെ ഭൂമിയുടെ അവകാശികളാക്കി മാറ്റുവാൻ കഴിഞ്ഞു. ഇത് ഒരു സർവ്വകാല റിക്കാർഡാണ്.**

815. **റവന്യൂ വകുപ്പിൽ രേഖകൾ പൂർണ്ണമായും ഡിജിറ്റയിസ് ചെയ്ത് ഭരണ സംവിധാനം പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.**

816. **റവന്യൂ വകുപ്പിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കൂടി സഹായത്തോടെ ഇതുവരെ 514 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ട്. റവന്യൂ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകൾ ആധുനിക സൗകര്യങ്ങളോടെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിലേയ്ക്കായി 54 കോടി രൂപ വകയിരുത്തുന്നു.**

817. എല്ലാ റവന്യൂ സേവനങ്ങളും പേയ്മെന്റുകളും ഒരു കുടക്കീഴിൽ ഉൾപ്പെടുന്ന ഒരൊറ്റ ലോഗിൻ സൗകര്യമുള്ള - റവന്യൂ പോർട്ടൽ എന്ന വെബ് പോർട്ടലിന്റെ വികസനം പ്രാധാന്യമുള്ളതാണ്. ഇതുൾപ്പെടെ വിവിധ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾക്കായി 26.50 കോടി രൂപ വകയിരുത്തുന്നു.

818. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി താലൂക്ക് ജില്ലാതലങ്ങളിൽ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തുന്നു.

**സർവ്വേയും ഭൂരേഖയും**

819. സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പ്രാവർത്തിക മാക്കുന്നതിന്റെ ഭാഗമായി ഇതിനോടകം 5.58 ലക്ഷം ഹെക്ടർ ഭൂമി ഡിജിറ്റലായി അളക്കുവാൻ കഴിഞ്ഞു.

820. ഭൂരേഖ സേവന സംവിധാനങ്ങളുടെ സംയോജനം എന്ന പദ്ധതിക്കായി 12.60 കോടി രൂപ നീക്കിവയ്ക്കുന്നു.

821. സർവ്വേ ഓഫീസുകൾക്ക് ആധുനിക സൗകര്യങ്ങളോടു കൂടിയ റിക്കോർഡ് റൂം സ്ഥാപിക്കുന്നതിനായി 6.50 കോടി രൂപ വകയിരുത്തുന്നു.

**മുഖ്യ അടിസ്ഥാനസൗകര്യ വികസന പ്രോജക്ടുകൾ**

822. പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നിർവ്വഹണം സാധ്യമാക്കുന്നതിനായി 310.92 കോടി രൂപ വകയിരുത്തുന്നു.

**കെ-ഡിസ്ക്**

823. സംസ്ഥാനത്ത് വിദ്യാഭ്യാസം, നൈപുണ്യ വികസനം, സംരംഭകത്വം, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ യുള്ള ഗവേഷണം തുടങ്ങിയ മേഖലകളിൽ നവീന

രീതികൾ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നതാണ് കേരള ഡെവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ ലക്ഷ്യം. നോളജ് ഇക്കണോമി മിഷനിലൂടെ സംസ്ഥാനത്തെ നോളജ് ഇക്കണോമിയിലേയ്ക്ക് നയിക്കുക എന്നതും ഈ ഏജൻസിയുടെ ലക്ഷ്യമാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി കെ-ഡിസ്കിനുള്ള വിഹിതം 50 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

**നവകേരള കർമ്മ പദ്ധതി – 2**

824. ഹരിത കേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകൾ ഉൾപ്പെട്ട നവകേരള കർമ്മ പദ്ധതി  2 -ന്റെ പ്രവർത്തനങ്ങൾക്കായി 9.20 കോടി രൂപ വകയിരുത്തുന്നു.

**ഹരിത കേരളം മിഷൻ**

825. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ പശ്ചിമഘട്ടത്തിലെ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതിയ്ക്ക് 3 കോടി രൂപ മാറ്റിവെയ്ക്കുന്നു.

**ക്വാറിയിലെ ജലം കൃഷിയിടങ്ങളിലേക്ക്**

826. സർ, കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരീപ്രയിൽ ഹരിതകേരളം മിഷന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഉപയോഗ ശൂന്യമായ പാറമടയിൽ കെട്ടിക്കിടന്ന ജലം കൃഷിക്കും

ജലസേചന ത്തിനും ഉപയോഗിക്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കുകയുണ്ടായി. പദ്ധതി മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഹരിത കേരളം മിഷന് 2 കോടി രൂപ അനുവദിക്കും.

827. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങളായ വനിതകൾക്കും മെൻസ്ട്രുവൽ കപ്പ് നൽകുന്ന പദ്ധതി നിർവ്വഹിക്കുന്നതിനായി ഹരിതകേരളം മിഷന് 3 കോടി രൂപ അനുവദിക്കുന്നു.

828. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ 2 കോടി രൂപ അനുവദിക്കുന്നു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ്**

829. കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ന്റെ ലക്ഷ്യം. ആർ.കെ.ഐ. പദ്ധതികൾക്കായി 1000 കോടി രൂപ വകയിരുത്തുന്നു.

**സാമ്പത്തിക ഉപദേശവും സ്ഥിതിവിവരണ കണക്കുകളും**

830. സ്റ്റേറ്റ് അക്കാദമി ഫോർ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) വികസിപ്പിക്കുക, സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക, ഉപഭോക്തൃ

വില സൂചിക സമാഹരിക്കൽ പ്രക്രിയ തുടരുക എന്നീ പ്രവർത്തനങ്ങൾക്കായി 3.71 കോടി രൂപ വകയിരുത്തുന്നു.

**പ്രിന്റിംഗ്**

831. സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് ആവശ്യമായ അത്യാധുനിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 5.45 കോടി രൂപയും അച്ചടി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 2.16 കോടി രൂപയും വകയിരുത്തുന്നു.

**പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)**

832. കോമൺ പൂളിൽ ഉൾപ്പെടുന്ന വിവിധ സർക്കാർ ഓഫീസുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 48.01 കോടി രൂപ വകയിരുത്തുന്നു.

833. **സർ, നിയമസഭാ സാമാജികർക്കുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ആവശ്യാനുസരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും അധികമായി 10 കോടി രൂപ ഉൾപ്പെടെ 15 കോടി രൂപ വകയിരുത്തുന്നു.**

**ഭക്ഷ്യ പൊതുവിതരണ വകുപ്പ്**

834. **സർ, സാർവ്വത്രികമായ ഭക്ഷ്യലഭ്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ 5,04,830 പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു. കൂടാതെ അർഹരായ 4,57,683 പേർക്കു കൂടി**

**മുൻഗണനാ കാർഡുകൾ ലഭ്യമാക്കുവാൻ സാധിച്ച എന്നത് അഭിമാനകരമായ നേട്ടമാണ്. 1662 റേഷൻ കടകളെ കെ-സ്റ്റോറുകളായി നിലവാരമുയർത്തി. റേഷൻ കടകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് സൗജന്യമായി റേഷൻ വീട്ടിലെത്തിച്ച് കൊടുക്കുന്ന "ഒപ്പം" പദ്ധതി വിജയകരമായി നടപ്പിലാക്കി.**

835. **സർ, ഭക്ഷ്യ പൊതുവിതരണ വകുപ്പിന് വിപണി ഇടപെടലിനുള്ള പദ്ധതിയേതര വിഹിതം ഉൾപ്പെടെ ആകെ 2063.99 കോടി രൂപ വകയിരുത്തുന്നു.** ഇത് മുൻവർഷത്തെ വിഹിതത്തേക്കാൾ 131.51 കോടി രൂപ അധികമാണ്.

836. ഇന്ത്യയിലെ ജനങ്ങളിൽ ഏകദേശം മൂന്നിൽ രണ്ട് ഭാഗം പേർക്ക് സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ നൽകാൻ ലക്ഷ്യമിടുന്ന നിയമമാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം-2013 (ഭക്ഷണത്തിനുള്ള അവകാശ നിയമം). ദേശീയ ഭക്ഷ്യസുരക്ഷാ നിയമം കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 56.57 കോടി രൂപ വകയിരുത്തുന്നു.

837. സംസ്ഥാനത്തെ 1600 ലധികം വരുന്ന സപ്ലൈകോ ഔട്ട് ലെറ്റുകളുടെ നവീകരണത്തിനായി 15 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 5 കോടി രൂപ അധികമാണ്.

# ഭാഗം – IV

## വിഭവസമാഹരണം

**കോടതി ഫീസ് പരിഷ്കരണം**

838. കോടതി ഫീസുകൾ പരിഷ്കരിച്ചിട്ട് രണ്ടു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ കാലയളവിലെ പണപ്പെരുപ്പം കണക്കിലെടുത്തു കൊണ്ട് ഫീസുകളിൽ കാലോചിതമായ പരിഷ്കരണം വരുത്തേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി സർക്കാർ, റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുക യുണ്ടായി. ടി കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശയെ തുടർന്ന് കഴിഞ്ഞ ബജറ്റിൽ രണ്ട് പുതിയ മേഖലകളിൽ ഫീസ് ഏർപ്പെടുത്തുകയുണ്ടായി. എന്നിരുന്നാലും ഒട്ടേറെ മേഖലകൾ നിലവിലും ഫീസിന്റെ പരിധിയ്ക്ക് പുറത്താണ്. തുടർന്ന് പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തെ വിവിധ മേഖലകളിൽ സിറ്റിംഗ് നടത്തുകയും ഇതുമായി ബന്ധപ്പെട്ട് അഭിഭാഷകർ, അഭിഭാഷക ഗുമസ്തന്മാർ, സംഘടനാതലത്തിലും അല്ലാതെയും, മറ്റ് സ്റ്റേക്ക് ഹോൾഡർമാർ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് കമ്മിറ്റി അതിന്റെ അന്തിമ റിപ്പോർട്ട് സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

839. കോടതികളുടെ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പി ക്കണമെന്നും അഭിഭാഷക, ഗുമസ്ത ക്ഷേമനിധി

ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണമെന്നും നിരന്തരമായ ആവശ്യങ്ങൾ വിവിധ കോണുകളിൽ നിന്നും ഉയരുന്നുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് പ്രസ്തുത കമ്മിറ്റിയുടെ ശിപാർശക്കനുസൃതമായി കോടതി ഫീസുകളിൽ ചുവടെ പറയും പ്രകാരം പരിഷ്കാരങ്ങൾ വരുത്തുന്നതിലേക്കായി 1959-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്ടിൽ ഭേദഗതികൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

1. 2002-ലെ സർഫാസി നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള 'സെക്യേർഡ് അസറ്റി'നുള്ള ഹർജിക്ക് 1000/-രൂപ ഫീസ് ചുമത്തുവാൻ ഉദ്ദേശിക്കുന്നു.

2. 2023-ലെ ഭാരതീയ നാഗരിക സുരക്ഷാ സൻഹിത പ്രകാരം ഹൈക്കോടതി മുൻപാകെയുള്ള ജാമ്യാപേക്ഷക്കും മുൻകൂർ ജാമ്യാപേക്ഷക്കും 500 രൂപയും, സെഷൻസ് കോടതി മുമ്പാകെയുള്ള ജാമ്യാപേക്ഷക്ക് 200 രൂപയും മുൻകൂർ ജാമ്യാപേക്ഷക്ക് 250 രൂപയും തുടർന്നുള്ള ഓരോ ഹർജികൾക്കും അതാതിന്റെ പകുതി ഫീസും, ഇവയല്ലാതെയുള്ള മറ്റു കോടതികളിൽ ഓരോ ഹർജിക്കാരനും 50 രൂപാ എന്നതിനു വിധേയമായി പരമാവധി 250 രൂപയും ഫീസായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. കോർട്ട് ഫീസ് ആക്ടിന്റെ പട്ടിക II-ലെ ആർട്ടിക്കിൾ 11(ജി)പ്രകാരമുള്ള ഫീസ് ജില്ലാ കോടതി /സബ് കോടതി എന്നിവകളിൽ 30 രൂപയും മറ്റുള്ളവയിൽ 20 രൂപയുമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

4. ആക്ടിന്റെ 25-ാം വകുപ്പ് പ്രകാരമുള്ള നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുക 500/- രൂപയായും 27-ാം വകുപ്പു പ്രകാരമുള്ളവയ്ക്ക് 2500/- രൂപയായും പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

5. ആക്ടിന്റെ 28-ാം വകുപ്പു പ്രകാരമുള്ളവയ്ക്ക് വിപണി വിലയുടെ അഞ്ചിലൊന്നോ കുറഞ്ഞത് 5000/- രൂപയോ വിപണി വിലയില്ലാത്തവയ്ക്ക് 1000/- രൂപയായും 29-ാം വകുപ്പു പ്രകാരമുള്ളവയ്ക്ക് വിപണി വിലയുടെ മൂന്നിലൊന്നോ 10,000/- രൂപയോ ഏതാണോ കൂടുതൽ എന്ന രീതിയിലും പരിഷ്കരിക്കുന്നതാണ്.

6. 30-ാം വകുപ്പ് പ്രകാരമുള്ളവയ്ക്ക് വിപണി വിലക്കനുസൃതമായോ 20,000/- രൂപയോ ഇവയിൽ ഏതാണോ കൂടുതൽ എന്ന രീതിയിലും 31-ാം വകുപ്പു പ്രകാരമുള്ളവയ്ക്ക് നിവൃത്തിയുടെ മൂല്യമോ അല്ലെങ്കിൽ 5000/- രൂപയോ ഇതിൽ ഏതാണോ കൂടുതൽ അതായും പരിഷ്കരിക്കുന്നതാണ്.

7. 35-ാം വകുപ്പു പ്രകാരമുള്ള ഫീസ്, തർക്കതുകയ്ക്ക് അനുസൃതമായോ 5000/- രൂപയോ ഏതാണോ കൂടുതൽ അതായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

8. 37-ാം വകുപ്പ് പ്രകാരമുള്ള ഫീസ് മുൻസിഫ് കോടതിയിൽ 500/- രൂപയും സബ് കോടതി അഥവാ ജില്ലാ കോടതിയിൽ 2000/- രൂപയായും ഉയർത്തുവാൻ ഉദ്ദേശിക്കുന്നു.

9. 40-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള സംഗതികളിൽ വസ്തുവിന്റെ വിപണി വില അടിസ്ഥാനപ്പെടുത്തി ഫീസ് കണക്കാക്കുന്നതാണ്.

10. 45-ാം വകുപ്പ് പ്രകാരം ചുമത്തപ്പെടുത്തുന്ന ഫീസ് നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി പരമാവധി 5000/- രൂപയായും 46-ാം വകുപ്പ് പ്രകാരമുള്ളവയ്ക്ക് 75 രൂപയായും പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

11. 47-ാം വകുപ്പു പ്രകാരമുള്ള ഫീസ് മുൻസിഫ് കോടതിയിൽ 500/- രൂപയായും സബ് കോടതി /ജില്ലാ കോടതികളിൽ 1000/- രൂപയായും പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

12. 50-ാം വകുപ്പ് പ്രകാരമുള്ള ഫീസ് യഥാക്രമം 125, 250, 1000, 2000 എന്നീ ക്രമത്തിൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

13. 74-ാം വകുപ്പ് പ്രകാരമുള്ള അർഹതാ വിഭാഗങ്ങളുടെ വരുമാനം കണക്കാക്കുന്നതിനുള്ള പരിധി മൂന്നു ലക്ഷമായും അവകാശപ്പെടുന്ന തുകയുടെ പരിധി പരമാവധി 10 ലക്ഷവും ആക്കുന്നതാണ്.

14. 76-ാം വകുപ്പ് പ്രകാരം നിയമ സഹായ ഫണ്ടിലേക്ക് ആർബിട്രേഷൻ ആന്റ് കൺസീലിയേഷൻ ആക്റ്റിന്റെ 34-ാം വകുപ്പ് പ്രകാരമുള്ള അവാർഡ് തുകയുടെ അരശതമാനവും ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന ഒറിജിനൽ പെറ്റീഷനുകൾക്കും സർഫാസി ആക്റ്റിനു കീഴിൽ ഫയൽ ചെയ്യുന്ന പെറ്റീഷനുകൾക്കും 100 രൂപ നിരക്കിലും ഒടുക്കേണ്ടതാണ്.

15. ഒന്നാം പട്ടികയിൽ, ആക്രമണം മൂലമുണ്ടാകുന്ന മരണം, മാരകമായ മുറിവ്, അപകീർത്തിപ്പെടുത്തൽ, ദുരുദ്ദേശപരമായ കുറ്റാരോപണം എന്നിവയ്ക്ക് നഷ്ടപരിഹാരം ആവശ്യപ്പെടുമ്പോൾ കെട്ടിവയ്ക്കേണ്ട കോടതി ഫീസ് അവകാശപ്പെടുന്ന തുകയുടെ ഒരു ശതമാനമായി നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

16. രണ്ടാം പട്ടികയിൽ;

I. ആർബിട്രേഷൻ അപേക്ഷകളിൽ ഹൈക്കോടതി മുമ്പാകെയുള്ളവയ്ക്ക് 1000

രൂപയും ആർട്ടിക്കിൾ 11(എം) പ്രകാരമുള്ള ഫീസ് അവാർഡ് തുകയുടെ ഒരു ശതമാനമായും ആർട്ടിക്കിൾ 4(2) പ്രകാരമുള്ളവയ്ക്ക് യഥാക്രമം 500/-, 2000/-, 5000/- എന്ന വിധത്തിലും പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

II. ആർട്ടിക്കിൾ 11(എൻ) വിദേശകോടതികളുടെ അവാർഡ് നടപ്പിലാക്കുന്ന സംഗതികളിൽ, തുക ഒരു ലക്ഷം വരെ ഉള്ളവയ്ക്ക് 1 ശതമാനവും 10 ലക്ഷം രൂപ വരെ ഉള്ളവയ്ക്ക് ആദ്യത്തെ 1 ലക്ഷത്തിന് 1 ശതമാനവും ശേഷിക്കുന്ന തുകയ്ക്ക് 0.75ശതമാനവും ഇതേ രീതിയിൽ തുടർന്നു വരുന്ന തുകകളിൽ 0.5ശതമാനവും ഒരു കോടിയ്ക്കു മുകളിൽ ഉള്ളവയ്ക്ക് 0.25 ശതമാനവും 50,000/-രൂപായെന്ന ഉയർന്ന പരിധിക്കു വിധേയമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ഉചിതമായ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതാണ്.

III. ലാന്റ് അക്വിസിഷൻ റഫറൻസുകളിൽ കോടതി ഉയർത്തി നൽകിയ അവാർഡ് തുകകൾക്ക് 25,000/- മുതൽ 1 ലക്ഷം വരെയുള്ള തുകയ്ക്ക് 500 രൂപയും 1 ലക്ഷം മുതൽ 5 ലക്ഷം വരെയുള്ളവയ്ക്ക് ഓരോ 100 രൂപയ്ക്കും 4 രൂപയും 5 ലക്ഷം മുതൽ 10 ലക്ഷം

വരെയുള്ള തുകയ്ക്ക് ആദ്യ 5 ലക്ഷത്തിന് 4 രൂപ എന്ന നിരക്കിലും ശേഷിക്കുന്ന ഓരോ 100 രൂപയ്ക്കും 1 രൂപയെന്ന നിരക്കിലും ഇതേ രീതിയിൽ തുടർന്നു വരുന്ന തുകകളിൽ 10 ലക്ഷം മുതൽ 20 ലക്ഷം വരെയുള്ളവയ്ക്ക് ഓരോ 100 രൂപയ്ക്കും 0.75രൂപയും 50 ലക്ഷം വരെയുള്ളവയ്ക്ക് 0.50 രൂപയും 75 ലക്ഷം വരെയുള്ളവയ്ക്ക് 0.25 രൂപയും 75 ലക്ഷം മുതൽ 1കോടി വരെയുള്ളവയ്ക്ക് 0.10 രൂപയും 1 കോടിയ്ക്ക് മുകളിലാണെങ്കിൽ 0.01 രൂപയും ഫീസ് ചുമത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്.

IV. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന ഹേബിയസ് കോർപ്പസിനും പൊതു താത്പര്യ ഹർജികൾക്കും നിലവിലുള്ള ഫീസ് ഒഴിവാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെര ഞ്ഞെടുപ്പ് കേസുകളിൽ ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ സംഗതിയിൽ 250രൂപയും പ്രസിഡന്റ്/വൈസ് പ്രസിഡന്റിന്റെ സംഗതി യിൽ 500 രൂപയും ബ്ലോക്ക് പഞ്ചായത്ത് അംഗത്തിന്റെ സംഗതിയിൽ 1000 രൂപയും പ്രസിഡന്റ് / വൈസ് പ്രസിഡന്റിന്റെ സംഗതിയിൽ 2000/- രൂപയും ജില്ലാ പഞ്ചായത്തിന്റെ അംഗത്തിന്റെ സംഗതി

യിൽ 1500/- രൂപയും പ്രസിഡന്റ് / വൈസ് പ്രസിഡന്റിന്റെ സംഗതിയിൽ 2500/- രൂപയും മുനിസിപ്പൽ കൗൺസിൽ /കോർപ്പറേഷൻ അംഗങ്ങളുടെ സംഗതിയിൽ 1500/-രൂപയും മേയർ /ഡെപ്യൂട്ടി മേയർ, ചെയർമാൻ/വൈസ് ചെയർമാൻ എന്നിവരുടെ സംഗതിയിൽ 3000 രൂപയായും പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. നിയമസഭ/ പാർലമെന്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ഹർജികൾക്ക് 1250 രൂപയായും ഫീസ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

V. ആർട്ടിക്കിൾ 19 പ്രകാരമുള്ള ഫീസ് 5ശതമാനം ആയി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

VI. 1885-ലെ ടെലഗ്രാഫ് ആക്ട്, ഇലക്ട്രിസിറ്റി ആക്റ്റ് 2003, 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻസ് (അക്വിസിഷൻ ഓഫ് റൈറ്റ് ഓഫ് യൂസർ ഇൻ ലാന്റ്) ആക്റ്റ് പ്രകാരമുള്ള അധിക നഷ്ടപരിഹാരത്തുകയുടെ 2 ശതമാനം ഫീസായി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

VII. Civil Procedure Code order 21 ചട്ടം 58, ചട്ടം 97 എന്നിവ പ്രകാരമുള്ള

അപേക്ഷകൾക്ക് മുൻസിഫ് കോടതിയിൽ 500/- രൂപയും സബ് കോടതി / ജില്ലാ കോടതികളിൽ 1000/- രൂപയും അപ്പീൽ /റിവിഷന് 1000/- രൂപയും ആയി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നു.

VIII. ഇതുകൂടാതെ, കേരള കോടതി ഫീസും വ്യവഹാരസലയും ആക്റ്റിലെ ആർട്ടിക്കിൾ 20-ലെയും 21-ലെയും ഇനങ്ങൾക്ക് ഒഴികെ പട്ടിക II-ൽ പറയുന്ന നിശ്ചിത കോടതി ഫീസുള്ള ഇനങ്ങളിൽ 5 ഇരട്ടി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനുപുറമേ 1969-ലെ കേരള സഹകരണ സംഘ നിയമത്തിനും അതിന്റെ ചട്ടങ്ങൾ പ്രകാരവും 1979-ലെ കേരള ബിൽഡിംഗ് (ലീസ് ആന്റ് റെന്റ് കണ്ട്രോൾ) ചട്ടങ്ങൾ പ്രകാരവും 1985-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്റ്റിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരവും 2019-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിനും അതിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരവും 1999-ലെ തദ്ദേശസ്വയംഭരണ സ്ഥാപന ചട്ടങ്ങൾ പ്രകാരവുമുള്ള ഫീസുകളിൽ കമ്മിറ്റി പരിഷ്കാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വനിതകൾ, ട്രാൻസ്ജെന്റർ എന്നിവർക്ക് കോടതി ഫീസുകളിൽ ചില ഇളവുകൾ

കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത നിർദ്ദേശങ്ങൾ പ്രത്യേകം പരിശോധിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നത് വഴി 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**മോട്ടോർ വാഹന വകുപ്പ്**

**സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി ഘടന ഏകീകരിച്ച് ലഘൂകരിക്കുന്നതാണ്.**

840. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോൺട്രാക്ട് ക്യാരേജുകളിൽ ടൂറിസ്റ്റുകളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി പുഷ് ബാക്ക് സീറ്റുകൾ ഉള്ള കോൺട്രാക്ട് ക്യാരേജുകളുടെ ത്രൈമാസ നികുതി കുറയ്ക്കുകയാണ്. മാത്രമല്ല മോട്ടോർ വാഹന വകുപ്പ് ഉപയോഗിച്ചു വരുന്ന "വാഹൻ" സോഫ്റ്റ് വെയറിൽ കോൺട്രാക്ട് ക്യാരേജുകളെ അവയുടെ സീറ്റുകളുടെ തരത്തിനനുസരിച്ച് വേർതിരിക്കാത്തതിനാൽ ഇത്തരം വാഹനങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിലെ സങ്കീർണത ഒഴിവാക്കുന്നതിനായി അവയുടെ നികുതി സീറ്റുകളുടെ എണ്ണത്തിനനുസരിച്ച് താഴെ പറയും പ്രകാരം പുനക്രമീകരിക്കുന്നു.

841. കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ സീറ്റുകളുടെ എണ്ണം 6 മുതൽ 12 വരെ ആണെങ്കിൽ, നിലവിലുള്ള ത്രൈമാസ നിരക്ക് ഓർഡിനറി സീറ്റ് ▯ 280/-, പുഷ് ബാക്ക് സീറ്റ് - 450/-, സ്ലീപ്പർ സീറ്റ് - 900/- എന്നിവയാണ്. ഇവ ഏകീകരിച്ച് ത്രൈമാസ നിരക്ക് ഓരോ സീറ്റിനും 350/- രൂപയാക്കുന്നു.

842. കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ സീറ്റുകളുടെ എണ്ണം 13 മുതൽ 20 വരെ ആണെങ്കിൽ നിലവിലുള്ള ത്രൈമാസ നിരക്ക് ഓർഡിനറി സീറ്റ് ▯ 480/-, പുഷ് ബാക്ക് സീറ്റ് - 680/-, സ്ലീപ്പർ സീറ്റ് - 1350/- എന്നിവയാണ്. ഇവ ഏകീകരിച്ച് ത്രൈമാസ നിരക്ക് ഓരോ യാത്രക്കാരനും 600/-രൂപയാക്കുന്നു.

843. കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ സീറ്റുകളുടെ എണ്ണം 20ൽ അധികമാണെങ്കിൽ നിലവിലുള്ള ത്രൈമാസ നിരക്ക് ഓർഡിനറി സീറ്റ് ▯ 680/-, പുഷ് ബാക്ക് സീറ്റ് - 900/-, സ്ലീപ്പർ സീറ്റ് - 1800/- എന്നിവയാണ്. ഇവ ഏകീകരിച്ച് ത്രൈമാസ നിരക്ക് ഓരോ യാത്രക്കാരനും 900/-രൂപയാക്കുന്നു.

844. അതുപോലെ തന്നെ സ്ലീപ്പർ ബർത്തുകൾ ഘടിപ്പിച്ച ഹെവി പാസഞ്ചർ വിഭാഗത്തിൽപ്പെടുന്ന കോൺട്രാക്ട് ക്യാരേജുകളുടെ ത്രൈമാസ നികുതി ഓരോ ബെർത്തിനും നിലവിലുള്ള 1800/- രൂപ എന്നത് 1500/- രൂപയായി നിജപ്പെടുത്തുന്നു. കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതിയിനത്തിൽ സർക്കാരിനു 292 കോടി രൂപയാണ് വാർഷിക

വരുമാനം. ഈ ഏകീകരണത്തിലൂടെ സർക്കാരിനു 15 കോടി രൂപ അധിക വരുമാനം ലഭിക്കും.

**അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സ്പെഷ്യൽ പെർമിറ്റെടുത്ത് കേരളത്തിലേക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി പുനഃക്രമീകരിക്കൽ**

845. "വാഹൻ" സോഫ്റ്റ് വെയറിൽ കോൺട്രാക്ട് ക്യാരേജുകളെ അവയുടെ സീറ്റുകളുടെ തരത്തിനനുസരിച്ച് വേർതിരിക്കാത്തതിനാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും, മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(8) പ്രകാരം സ്പെഷ്യൽ പെർമിറ്റെടുത്ത് സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി നിശ്ചയിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ട്. ആയതിനാൽ ഇത്തരം വാഹനങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിലെ സങ്കീർണത ഒഴിവാക്കുന്നതിനായി ടി വാഹനങ്ങളുടെ നിലവിലെ ത്രൈമാസ നികുതി നിരക്ക് കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിലെ ഓർഡിനറി സീറ്റിന് 2250/-രൂപയും പുഷ് ബാക്ക് സീറ്റിനു 3000/- രൂപയും ആയിരുന്നത് ഏകീകരിച്ച് ത്രൈമാസ നിരക്ക് ഓരോ സീറ്റിനും 2500/-രൂപയാക്കുന്നു. കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിലെ യാത്രക്കാരുടെ എണ്ണം സ്ലീപ്പർ ബർത്തിന് നിലവിലുള്ള ത്രൈമാസ നിരക്ക് അനുസരിച്ച് ഓരോ ബർത്തിനും 4000/- രൂപയെന്നുള്ളത് 4000/- രൂപയായി തന്നെ

നിലനിർത്തുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ പ്രവേശിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതിയിനത്തിൽ സർക്കാരിനു 10 കോടി രൂപയാണ് വാർഷിക വരുമാനം. പ്രസ്തുത ഏകീകരണത്തിലൂടെ ഒരു വർഷം 1 കോടി രൂപ അധിക വരുമാനം ഉണ്ടാകും. ഓൺ ലൈൻ വഴി നികുതി അടയ്ക്കുമ്പോൾ ഉണ്ടാകുന്ന വെട്ടിപ്പ് തടയുവാൻ സാധിക്കുന്നതുമാണ്.

**സ്റ്റേജ് ക്യാരേജുകളുടെ നികുതി കുറയ്ക്കുന്നതാണ്**

846. പൊതു ഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടത് ഏതൊരു ജനാധിപത്യ സർക്കാരിന്റെയും കടമയാണ് അതുകൊണ്ടുതന്നെ കൂടുതൽ യാത്ര ബസുകൾ നിരത്തിലിറക്കുന്നതിന് ബസ് ഓപ്പറേറ്റർമാരെ പ്രേരിപ്പിക്കുന്നതിനായി സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതിയിൽ 10% ഇളവ് അനുവദിക്കുന്നതാണ്. ഈ ഇളവ് മൂലം 9 കോടി രൂപയുടെ കുറവ് വരും.

**15 വർഷം കഴിഞ്ഞ സ്വകാര്യവാഹനങ്ങളുടെ നികുതി**

847. കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം പരമാവധി കുറയ്ക്കുന്നതിന് നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 15 വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ പൊളിക്കുന്നതിന് സർക്കാർ സ്ക്രാപ്പിംഗ് പോളിസി

പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങൾക്ക് ഈ നിബന്ധന ബാധകമാക്കിയിട്ടില്ല. ആയതിനാൽ പഴക്കം ചെന്ന സ്വകാര്യ വാഹനങ്ങളുടെ തുടരുപയോഗം നിരുൽസാഹപ്പെടുത്തുന്നതിന്റെ ഭാഗമായി 15 വർഷം കഴിഞ്ഞ മോട്ടോർസൈക്കിളുകളുടെയും, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന മുച്ചക്രവാഹന ങ്ങളുടെയും മോട്ടോർ കാറുകളുടെയും നികുതിയിൽ 50 ശതമാനം വർദ്ധനവ് വരുത്തുന്നു. സ്വകാര്യ വാഹനങ്ങളുടെ നികുതിയിനത്തിൽ സർക്കാരിനു 110 കോടി രൂപയാണ് നിലവിൽ വാർഷിക വരുമാനം. ഈ വർദ്ധനവ് വഴി ഒരു വർഷം 55 കോടി രൂപ സർക്കാരിനു അധിക വരുമാനം ഉണ്ടാകും.

**ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പുനക്രമീകരിക്കൽ**

848. ഒറ്റത്തവണ നികുതി അടച്ചുവരുന്ന സ്വകാര്യ ഇലട്രിക് വാഹനങ്ങൾക്ക് 15 വർഷത്തെ നികുതിയായി നിലവിൽ ഈടാക്കി വന്നിരുന്ന 5% നികുതി വാഹന വിലയുടെ അടിസ്ഥാനത്തിൽ പുനക്രമീകരിക്കുന്ന താണ്. അതായത്, നാല് ചക്രങ്ങളുള്ള സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന ഇലക്ട്രിക് വാഹനങ്ങളുടെ ഒറ്റത്തവണ നികുതി അവയുടെ വിലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് താഴെ പറയും പ്രകാരം പുനർ നിശ്ചയിക്കുന്നു. 15 ലക്ഷത്തിന് മുകളിൽ വിലയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹന വിലയുടെ 8% നികുതിയും

849. 20 ലക്ഷത്തിന് മുകളിൽ വിലയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹന വിലയുടെ 10% നികുതിയും, ബാറ്ററി വാടകയ്ക്ക് ലഭ്യമാകുന്ന (Battery Renting Facility) ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹന വിലയുടെ 10% നികുതിയും ഈടാക്കുന്നതാണ്. ഈ നികുതി വർധനവിലൂടെ 30 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**സ്റ്റേറ്റ് ജി എസ് ടി**

850. 50,000 രൂപയിൽ താഴെയുള്ള ഇരുപതിനായിരത്തോളം ചെറുകിട അരിയറുകളെ ഒഴിവാക്കിയും, ഖജനാവിലേക്ക് മുൻ ആംനസ്റ്റിയെക്കാൾ അധികം തുക ലഭ്യമാക്കിയും ആംനസ്റ്റി 2024 ചെറുകിട വ്യാപാരികൾക്കു പ്രത്യേകിച്ചും കേരളത്തിലെ വ്യാപാര സമൂഹത്തിനു പൊതുവേയും പുതിയ ഉണർവ്വ് നൽകി. എന്നാൽ ആംനസ്റ്റി 2024ന്റെ ഏറ്റവും ഉയർന്ന സ്ലാബിൽ ഉണ്ടായിരുന്ന ഇളവിന്റെ നിരക്ക് കൂടുതൽ ആകർഷകമാക്കണം എന്ന ആവശ്യം വ്യാപാര സമൂഹത്തിൽ നിന്നും ഉയർന്നിട്ടുണ്ട്. ആയതിനാൽ കഴിഞ്ഞ വർഷത്തെ പദ്ധതിയുടെ അതേ മാതൃകയിൽ **ജനറൽ ആംനസ്റ്റി 2025** എന്ന പുതിയ ആംനസ്റ്റി പദ്ധതി മൂന്നു മാസത്തേക്ക് നൽകുന്നു. ഇത്തവണ ഏറ്റവും ഉയർന്ന സ്ലാബിലെ വ്യവഹാരമുള്ള അരിയറുകൾക്ക് അടയ്ക്കേണ്ട തുക 70 ശതമാനം എന്നത് 50 ശതമാനമാക്കിയും വ്യവഹാരമില്ലാത്ത അരിയറുകൾക്ക് 80 ശതമാനം എന്നത് 60 ശതമാനമാക്കിയും മാറ്റം വരുത്തുന്നു.

851. ബാർ ഹോട്ടലുകൾക്ക് 2005-06 മുതൽ 2017-18 വരെയുള്ള കുടിശ്ശികകൾ തീർപ്പാക്കാനായി 2019ലെ ബജറ്റിൽ ആംനസ്റ്റി പ്രഖ്യാപിച്ചിരുന്നു. 2020ലെ ബജറ്റിലും സമാനമായ ആംനസ്റ്റി ഉണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി കൊണ്ടുവന്ന 2021ലെ ആംനസ്റ്റിയിൽ ചേരുന്നതിന് കോവിഡും അനുബന്ധ പ്രശ്നങ്ങളും കാരണം സാധ്യമായില്ല എന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്. ആയതിനാൽ കോവിഡ് കാലഘട്ടം അടങ്ങുന്ന 2020-21 വർഷം വരെയുള്ള ബാർ ഹോട്ടലുകളുടെ എല്ലാ കുടിശ്ശികകളും തീർപ്പാക്കാനായി മുൻ കാലങ്ങളിലുള്ള ആംനസ്റ്റി പദ്ധതികളുടെ ഭാഗമായുള്ള ഇളവുകളുടെ തുടർച്ച എന്ന നിലയിൽ പൂർണമായ നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും അടച്ചാൽ ബാക്കി പലിശയും പിഴയും ഒഴിവാക്കുന്നതിനായി മൂന്നു മാസത്തേക്ക് കൂടി സമയം നൽകുന്നു.

852. പ്രകൃതി ദുരന്തങ്ങൾ കാരണം സംസ്ഥാനത്തിന് ആവശ്യമായി വന്ന അധികവിഭവസമാഹരണം നടത്താൻ 2019ൽ ജിഎസ്ടി ബാധകമായ സപ്ലൈകളുടെ മേൽ ഒരു ശതമാനം ഫ്ലഡ് സെസ്സ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ ജിഎസ്ടി കൗൺസിൽ തന്നെ 2019-20 കാലഘട്ടം വരെയുള്ള ജിഎസ്ടി നോട്ടീസുകൾക്ക് പിഴയും പലിശയും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, 2021 ജൂലായ് വരെയുള്ള ഫ്ലഡ് സെസ്സ് ഇനി ആരെങ്കിലും അടയ്ക്കാൻ ബാക്കിയുണ്ടെങ്കിൽ അവർക്ക്

പിഴയും പലിശയും ഇല്ലാതെ അടയ്ക്കാനുള്ള **ഫ്ലഡ് സെസ്സ് ആംനസ്റ്റി 2025** പ്രഖ്യാപിക്കുന്നു.

853. 2022 ഡിസംബർ മുതൽ ഡിസ്റ്റിലറികളുടെ ടേണോവർ ടാക്സ് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2022 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ ടേണോവർ ടാക്സ് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതിനാൽ അതിന്റെ കുടിശ്ശിക നിലനില്ക്കുന്നുണ്ട്. ഇവ തീർപ്പാക്കാനായി **ഡിസ്റ്റിലറി അരിയർ സെറ്റിൽമെൻറ് സ്കീം 2025** പ്രഖ്യാപിക്കുന്നു. ഈ പദ്ധതിയിൽ ഇക്കാലയളവിലെ ടേണോവർ ടാക്സ് കുടിശിക പൂർണമായും അടച്ചാൽ പിഴ, പലിശ എന്നിവ ഒഴിവാക്കും.

854. കേരള പൊതുവില്പന നികുതി നിയമത്തിന് കീഴിലുള്ള ചരക്കുകളുടെ നികുതിവെട്ടിപ്പ് തടയാനുള്ള സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി നികുതി വെട്ടിക്കണമെന്ന ഉദ്ദേശത്തോടെ ചരക്കുനീക്കം നടത്തിയാൽ, അത്തരം ചരക്കുകളും, ചരക്കു നീക്കത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളും പിടിച്ചെടുക്കാനും കണ്ടു കെട്ടാനുമുള്ള വ്യവസ്ഥ കേരള പൊതുവിൽപ്പന നികുതി നിയമത്തിൽ ഉൾപ്പെടുത്തും.

855. ജിഎസ്ടി കൗൺസിലിന്റെ ശുപാർശ പ്രകാരം കൊണ്ടുവന്ന 2025ലെ യൂണിയൻ ഫിനാൻസ് ബിൽ പ്രകാരം, 2017ലെ കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിൽ ഉൾപ്പെടുത്തിയ ഭേദഗതികൾക്ക് അനുസൃതമായി 2017ലെ കേരള സംസ്ഥാന ചരക്ക്

സേവന നികുതി നിയമത്തിലും ഭേദഗതികൾ വരുത്തും.

**രജിസ്ട്രേഷൻ**

856. സഹകരണ ബാങ്കുകൾ ചമയ്ക്കുന്ന ഗഹാനകളും, ഗഹാൻ റിലീസുകളും സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഫയലിംഗ് ഫീസ് സ്ലാബ് വ്യവസ്ഥയിൽ പരിഷ്കരിക്കുന്നതാണ്. നിലവിൽ ഗഹാനകൾക്കും ഗഹാൻ റിലീസുകൾക്കും 100/- രൂപ ഫീസ് ഈടാക്കിവരുന്നു. എന്നാൽ ടി നിരക്ക് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 2 ലക്ഷം രൂപ വരെയുള്ള ഗഹാനകൾക്കും ഗഹാൻ റിലീസുകൾക്കും 100/- രൂപയും, 2 ലക്ഷത്തിനു മുകളിൽ 10 ലക്ഷം വരെയുള്ള ഗഹാനകൾക്കും ഗഹാൻ റിലീസുകൾക്കും 200/- രൂപയും, 10 ലക്ഷത്തിനു മുകളിൽ 20 ലക്ഷം വരെയുള്ള ഗഹാനകൾക്കും ഗഹാൻ റിലീസുകൾക്കും 300/- രൂപയും 20 ലക്ഷത്തിനു മുകളിൽ 30 ലക്ഷം വരെയുള്ള ഗഹാനകൾക്കും ഗഹാൻ റിലീസുകൾക്കും 400/- രൂപയും, 30 ലക്ഷത്തിനു മുകളിലുള്ള ഗഹാനകൾക്കും ഗഹാൻ റിലീസുകൾക്കും 500/- രൂപയുമായി ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കാവുന്നതാണ്. ഗഹാൻ റിലീസുകൾക്കുള്ള ഫീസ് നിരക്കുകൾ പലിശ തുക ഉൾപ്പെടുത്താതെ പ്രിൻസിപ്പൽ തുകയ്ക്ക് മാത്രമായി കണക്കാക്കാവുന്നതാണ്. **ഗഹാനകളുടെ ഫീസ് നിരക്ക് വർദ്ധിപ്പിക്കുന്നതിലൂടെ ഏകദേശം 15 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു**

**ഭൂനികുതി**

857. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തെ തുടർന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഭൂമിയുടെ മൂല്യവും അതിന്റെ വരുമാന സാധ്യതകളും പതിന്മടങ്ങ് വർദ്ധിച്ചു. ഇപ്പോൾ ഈടാക്കുന്ന അടിസ്ഥാന ഭൂനികുതി തികച്ചും നാമമാത്രമാണ്. ഭൂമിയിൽ നിന്ന് സർക്കാരിന് ലഭിക്കേണ്ട വരുമാനം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള അടിസ്ഥാന ഭൂനികുതി സ്ലാബുകളിലെ നിരക്കുകൾ 50% (അൻപത് ശതമാനം) വർദ്ധിപ്പിക്കുന്നതാണ്. ആയത് പ്രകാരം, അടിസ്ഥാന ഭൂനികുതി ഏറ്റവും കുറഞ്ഞ സ്ലാബ് നിരക്കായ ആർ ഒന്നിന് പ്രതിവർഷം 5/- (അഞ്ച്) രൂപ എന്നത് 7.5/- (ഏഴര) രൂപയും, ഏറ്റവും ഉയർന്ന സ്ലാബ് നിരക്കായ ആർ ഒന്നിന് പ്രതിവർഷം 30/- (മുപ്പത്) രൂപ എന്നത് 45/- (നാൽപ്പത്തിയഞ്ച്) രൂപയും ആയിരിക്കും.

| *ക്രമ നം.* | *പ്രദേശം* | *വിസ്തീർണ്ണം* | *നിലവിലുള്ള അടിസ്ഥാന ഭൂനികുതി നിരക്ക്* | **പുതിയ നിരക്ക്** |
|---|---|---|---|---|
| *1* | *പഞ്ചായത്ത് പ്രദേശം* | *8.1 ആർ വരെ* | *ആർ ഒന്നിന് പ്രതിവർഷം 5 രൂപ* | *ആർ ഒന്നിന് പ്രതിവർഷം 7.50 രൂപ* |

| | | | | |
|---|---|---|---|---|
| | | 8.1 ആർ ന് മുകളിൽ | ആർ ഒന്നിന് പ്രതിവർഷം 8 രൂപ | ആർ ഒന്നിന് പ്രതിവർഷം 12 രൂപ |
| 2 | മുൻസിപ്പൽ കൗൺസിൽ പ്രദേശം | 2.43 ആർ വരെ | ആർ ഒന്നിന് പ്രതിവർഷം 10 രൂപ | ആർ ഒന്നിന് പ്രതിവർഷം 15 രൂപ |
| | | 2.43 ആർ ന് മുകളിൽ | ആർ ഒന്നിന് പ്രതിവർഷം 15 രൂപ | ആർ ഒന്നിന് പ്രതിവർഷം 22.50 രൂപ |
| 3 | മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശം | 1.62 ആർ വരെ | ആർ ഒന്നിന് പ്രതിവർഷം 20 രൂപ | ആർ ഒന്നിന് പ്രതിവർഷം 30 രൂപ |
| | | 1.62 ആർ ന് മുകളിൽ | ആർ ഒന്നിന് പ്രതിവർഷം 30 രൂപ | ആർ ഒന്നിന് പ്രതിവർഷം 45 രൂപ |

ഇതിലൂടെ ഏകദേശം 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**സർക്കാർ ഭൂമിയുടെ പാട്ടം**

858. 2023-24 വർഷത്തെ മാത്രം പാട്ടം 445.39 കോടി രൂപയാണ്. 2023-24 സാമ്പത്തിക വർഷം പാട്ടമായി ആകെ പിരിച്ചെടുക്കാനായത് 9.18 കോടി രൂപ

മാത്രമാണ്. പാട്ട നിരക്കുകൾ വളരെ കൂടുതലാണെന്നാണ് മനസ്സിലാക്കുന്നത്. ബിസിനസ്സ് എളുപ്പമാക്കുന്നതിന്റെയും, സംരഭകത്വ വികസനത്തിന്റെയും ഭാഗമായും, വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുമായും പാട്ട നിരക്കുകൾ യുക്തിസഹമാക്കേണ്ടതിന്റെ ആവശ്യകത സർക്കാർ കാണുന്നു. കമ്പോളവിലയ്ക്ക് പകരം സമീപ സമാന ഭൂമിയുടെ ന്യായവില കണക്കിലെടുത്ത് പാട്ട നയം പരിഷ്ക്കരിക്കുകയും, പാട്ട നിരക്കുകൾ യുക്തിസഹമാക്കുകയും ചെയ്യും. കുടിശ്ശികയുള്ള പാട്ടത്തുകകൾ ഈടാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കുന്നതാണ്.

**ഉപസംഹാരം**

859. സർ, വളരെ സങ്കീർണ്ണമായൊരു സാഹചര്യത്തിലൂടെയാണ് ലോകം കടന്നുപോകുന്നത്. ജനാധിപത്യത്തിന്റെ തകർച്ചയും ഭരണസംവിധാനങ്ങളുടെ ദുർബലപ്പെടലും ലോകത്തിന്റെ പല ഭാഗങ്ങളിലും സംഭവിച്ചിരിക്കുന്നു. രാഷ്ട്രീയവും സാമൂഹികവുമായ മാന്യതയുടെ എല്ലാ സീമകളും ലംഘിച്ചുകൊണ്ട് ഏകാധിപത്യത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ശബ്ദം മുഴങ്ങുന്നു. പനാമ കനാൽ എന്റെ സ്വന്തമാണെന്നും ഗ്രീൻലാൻഡ് ഞങ്ങളിങ്ങെടുക്കുകയാണെന്നും ഗാസാ മുനമ്പിലെ മനുഷ്യരെ കുടിയൊഴിപ്പിച്ച് അവിടെ ടൂറിസ്റ്റ് കേന്ദ്രമാക്കുമെന്നും പറയുവാൻ തയ്യാറാകുന്ന വ്യക്തി

ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യത്തിന്റെ ഭരണാധികാരിയായി വീണ്ടുമെത്തിയിരിക്കുന്നു. ലോകമാകെ ഭയത്തിന്റെയും വെറുപ്പിന്റെയും യുദ്ധവെറിയുടെയും അന്തരീക്ഷം സംജാതമാകുന്നു. ഇത് കൊളോണിയൽ കാലത്തോ മഹായുദ്ധ കാലങ്ങളിലോ ഉണ്ടായിരുന്ന സാഹചര്യത്തിലേക്ക് ലോകത്തെ എത്തിക്കുകയാണോ എന്ന ഭയം പലർക്കുമുണ്ട്. ഈ അന്തർദേശീയ സാഹചര്യങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാധീനം നമ്മുടെ നാട്ടിലുമുണ്ടാകും. ഇതിനെ നേരിടാൻ കേരളവും സജ്ജമാകേണ്ടതുണ്ട്. നമ്മുടെ ജനാധിപത്യ മതേതര മൂല്യങ്ങളെയും പുരോഗമന കാഴ്ചപ്പാടുകളെയും ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ ഒരുമിച്ച് കൈകോർക്കേണ്ട കാലമാണ്.

860. സർ, ഓരോ ബജറ്റും അത് അവതരിപ്പിക്കുന്ന കാലത്തിന്റെ സാമ്പത്തിക ജീവിതത്തെ മാത്രമല്ല, രാഷ്ട്രീയവും സാംസ്കാരികവും സാമൂഹ്യവുമായ ജീവിതത്തെയും അടയാളപ്പെടുത്തുന്നുണ്ട്. അത്തര ത്തിൽ ചരിത്ര രേഖകളാണ് ഓരോ ബജറ്റുകളും. ഭാവി കേരളത്തിന്റെ വികസന രേഖയായി ഈ ബജറ്റിന് മാറാൻ കഴിയുമെന്ന ശുഭപ്രതീക്ഷയാണ് എനിക്കുള്ളത്.

861. ഇനി ഞാൻ 2024-25 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2025-26 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

## 2024-25 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 132929.80 |
| റവന്യൂ ചെലവ് | 162125.69 |
| റവന്യൂ കമ്മി | (-) 29195.89 |
| മൂലധന ചെലവ് (തനി) | (-) 14024.85 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1526.30 |
| പൊതുകടം (തനി) | 40606.04 |
| പൊതുകണക്ക് (തനി) | 4100.00 |
| ആകെ കമ്മി | (-) 41.01 |
| വർഷാരംഭ രൊക്ക ബാക്കി | 275.36 |
| വർഷാന്ത്യ രൊക്ക ബാക്കി | 234.35 |

## 2025-26 ലെ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 152351.67 |
| റവന്യൂ ചെലവ് | 179476.20 |
| റവന്യൂ കമ്മി | (-) 27124.53 |

| | |
|---|---|
| മൂലധന ചെലവ് (തനി) | (-) 16871.80 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1042.20 |
| പൊതുകടം (തനി) | 40848.21 |
| പൊതുകണക്ക് (തനി) | 4150.00 |
| ആകെ കമ്മി | (-) 40.32 |
| വർഷാരംഭ രൊക്ക ബാക്കി | 234.35 |
| വർഷാന്ത്യ രൊക്ക ബാക്കി | 194.04 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-) 1820.50 |
| ഇപ്പോൾ പ്രഖ്യാപിച്ച നികുതി ഇളവുകൾ | (-) 9.00 |
| അധിക വിഭവ സമാഹരണം | 366.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 1269.46 |

862. സർ, 2025-26–ലെ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു.